# UDAYADEEPA



VOL. XVII ISSUE - 7
JULY- 2025 BELTHANGADY

# Feast of St. Thomas

**July-3**




**"Let us also go, that we may die with him"**

(St. Thomas the Apostle)

# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

## ഉദയദീപ ബെൽത്തംഗഡി

**Belthangady Diocesan Bulletin**

Vol. XVII Issue-07 July - 2025 Page- 80

Annual Subscription: Rs. 140-00 Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil

Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.

Printed at Shree Raghavendra Printers, Ujire-574 240

Website: www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439

# CONTENTS


| | | |
|---|---|---|
| 01. | Pastoral Letter - Major Archbishop | 05 |
| 02. | Circular Letter -9 | 10 |
| 03. | Pastoral Letter -4 | 11 |
| 04. | Pastoral Letter -3 | 14 |
| 05. | Notifications from the Chancellery | 19 |
| 06. | Pastoral Council Report | 26 |
| 07. | Seminary News | 34 |
| 08. | Catechism Department News | 38 |
| 09. | Bible Apostolate | 44 |
| 10. | Family Apostolate | 49 |
| 11. | Youth Apostolate | 50 |
| 12. | Social Service Department | 51 |
| 13. | Chronicles of the Diocese (2024-2025) | 55 |
| 14. | Photo Gallery | 69 |
| 15. | Bishop's Diary | 77 |
| 16. | Bishop's Engagements | 79 |

Prot. No. 0485/2025

# ഇടയലേഖനം

# ദുക്റാനതിരുനാൾ - സഭാദിനം 2025

സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പ് റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും
വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മരണദിവസമായ ജൂലൈ മൂന്നാം തീയതി നമ്മുടെ സഭയിൽ ദുക്റാന തിരുനാളാണ്. ധീരനായ ഈ ശ്ലീഹായുടെ പ്രേഷിതപ്രഘോഷണത്തിലൂടെയും രക്തസാക്ഷിത്വത്തിലൂടെയും വളർച്ചയാരംഭിച്ച നമ്മുടെ സഭ ഈ ദിവസംതന്നെ സഭാദിനമായും ആചരിക്കുന്നു. സീറോമലബാർസഭയുടെ മക്കളായ നമുക്കു ഈ ഓർമത്തിരുനാളും സഭാദിനവും കൃതജ്ഞതാപ്രകാശനത്തിനും ആത്മപരിശോധനയ്ക്കും ദൗത്യനവീകരണത്തിനുമുള്ള അവസരമാണ്.

മാർതോമാശ്ലീഹായുടെ മാതൃക അനുകരിച്ചുകൊണ്ടു, വിശ്വാസത്തിനു സാക്ഷ്യംനല്കുന്ന ക്രൈസ്തവജീവിതശൈലിക്ക് സമകാലികസമൂഹത്തിൽ ഏറെ പ്രാധാന്യമുണ്ട്. ഉപരിപ്ലവങ്ങളായ അറിവുകളുടെയും അടിസ്ഥാനരഹിതമായ വാദഗതികളുടെയും ഈ കാലഘട്ടത്തിൽ നമ്മൾ പ്രഘോഷിക്കുന്ന സുവിശേഷം ഫലമണിയണമെങ്കിൽ അതു ഹൃദയത്തിൽ നിറയുന്ന ദൈവസ്നേഹത്തിൽനിന്ന് ഉയരുന്നതാകണം. സംശയത്തിന്റെ വഴിയിൽനിന്നു ദൈവാനുഭവത്തിന്റെ വ്യക്തിപരമായ സാക്ഷ്യം തോമാശ്ലീഹാ നല്കിയതു ഹൃദയത്തിൽനിന്നുള്ള സ്നേഹത്തിന്റെ പ്രകടനമായിട്ടായിരുന്നു. "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന വിശ്വാസപ്രഖ്യാപനം ഈശോയുമായുള്ളശ്ലീഹായുടെ സ്നേഹത്തിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു. വിശ്വാസപ്രതിസന്ധികളുടെയും അനിശ്ചിതത്വങ്ങളുടെയുമിടയിൽ ഈശോയുടെ പുനരുത്ഥാനസത്യത്തെ ഹൃദയംനിറഞ്ഞ സ്നേഹത്തോടെ പ്രഘോഷിക്കാൻ ഓരോരുത്തർക്കും സാധിക്കുമ്പോഴാണു നമ്മുടെ പിതാവിന്റെ ദുക്റാന അർഥപൂർണമാകുന്നത്. കുരിശിന്റെ അപമാനവും വേദനയും സഹിച്ചെങ്കിൽമാത്രമേ ഉത്ഥിതന്റെ മഹത്വാവു നം സ്വന്തമാക്കാൻ സാധിക്കുകയുള്ളൂ. ഉത്ഥാനംചെയ്ത ഈശോയുടെ മഹത്വീകൃതമായ ശരീ

രത്തിൽ തോമാശ്ലീഹാ വിശ്വാസപൂർവം ദർശിച്ച തിരുമുറിവുകൾ നമ്മുടെ ജീവിതവഴികളിൽ വിശ്വാസപ്രഘോഷണത്തിനുള്ള പ്രചോദനവും ഊർജവും നല്കട്ടെ.

ജൂലൈ മൂന്നാംതീയതി സീറോമലബാർസഭാദിനം വർഷങ്ങളായി നമ്മൾ ആചരിച്ചുവരികയാണല്ലോ. നമ്മുടെ സഭയ്ക്കു ദൈവം നല്കിയ അനുഗ്രഹങ്ങൾക്കു നന്ദിപറയാനും സഭാമക്കൾ എല്ലാവരുടെയും പ്രവർത്തനമേഖലകളിൽ ദൈവാനുഗ്രഹത്തിന്റെ തണൽമേഘങ്ങൾ രൂപപ്പെടാൻ പ്രാർഥിക്കുന്നതിനും ഈ അവസരം പ്രയോജനപ്പെടുത്താം. ത്യാഗപൂർണമായ ചരിത്രവഴികളിലൂടെ യാത്രചെയ്താണ് ഒരു മേജർ ആർക്കിഎപ്പിസ്കോപ്പൽസഭയായി സീറോമലബാർസഭ വളർന്നിരിക്കുന്നത്. കേരളത്തിൽനിന്നു ഭാരതംമുഴുവനിലേക്കും ഭാരതത്തിന്റെ അതിർത്തികളിൽനിന്നു വിവിധ രാജ്യങ്ങളിലേക്കും വ്യാപിച്ചിരിക്കുകയാണ് നമ്മുടെ അജപാലനമേഖലകൾ. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുംതന്നെ സീറോമലബാർ സഭയിലെ വൈദികരും സിസ്റ്റേഴ്സും അല്മായസഹോദരങ്ങളും തങ്ങളുടെ മാതൃസഭയിൽന്നു ലഭിച്ച വിശ്വാസവെളിച്ചം മറ്റുള്ളവർക്കു പകർന്നുകൊടുത്തുകൊണ്ടു ജീവിക്കുന്നു എന്നത് അഭിമാനകരമായ വസ്തുതയാണ്. ഈ യാഥാർഥ്യം അജപാലനപരമായ നമ്മുടെ ഉത്തരവാദിത്വത്തെയും അതിനുള്ള അനന്തമായ സാധ്യതകളെയുംകുറിച്ചും നമ്മെ ഓർമപ്പെടുത്തുന്നു. "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1 കോറി. 9:16) എന്ന പൗലോസ് ശ്ലീഹായുടെ ഏറ്റുപറച്ചിൽ സീറോമലബാർസഭയെ സംബന്ധിച്ചിടത്തോളം ഏറെ പ്രസക്തമാണ്. നമ്മുടെ സഭയ്ക്കു ദൈവം നല്കിയിരിക്കുന്ന വൈദികരും സമർപ്പിതരും അല്മായപ്രേഷിതരും നമ്മുടെ മിഷൻപ്രദേശങ്ങളിലേയ്ക്കും സുവിശേഷം പ്രഘോഷിക്കാനും കൂദാശകൾ പരികർമംചെയ്യാനും സാധ്യതകളിലാത്ത ഇടങ്ങളിലേയ്ക്കും ഇനിയും കടന്നുചെല്ലണം. അങ്ങനെ നമ്മുടെ സഭ ഒരു മിഷനറിസഭയായി എന്നും നിലനില്ക്കണം. രൂപതകളും സമർപ്പിതസഹോദരങ്ങളും അല്മായ മിഷൻസംവിധാനങ്ങളും ഈ മേഖലയിൽ ഒരു പുനഃക്രമീകരണത്തിനു തയ്യാറാകേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമാണ്.

2025 ജനുവരിമാസത്തിലെ സിനഡുസമ്മേളനത്തിൽ അവതരിപ്പിച്ച കണക്കനുസരിച്ച് നമ്മുടെ സഭയിൽ കഴിഞ്ഞവർഷം 283 വൈദികവിദ്യാർഥികൾ രൂപതകളിലും സമർപ്പിതസമൂഹങ്ങളിലുമായി തിരുപ്പട്ടം സ്വീകരിച്ചു. സീറോമലബാർസഭയിലെ പുരുഷന്മാർക്കായുള്ള സമർപ്പിതസമൂഹങ്ങളിൽ 132 പേർ ആദ്യവ്രതവാഗ്ദാനം നടത്തിയപ്പോൾ 145 പേർ നിത്യവ്രതവാഗ്ദാനം നടത്തി. സ്ത്രീകളുടെ സമർപ്പിത സമൂഹങ്ങളിൽ 272 പേർ സമർപ്പിത വസ്ത്രം സ്വീകരിച്ച് ആദ്യവ്രതവാഗ്ദാനം നടത്തുകയും 338 പേർ നിത്യവ്രതംചെയ്യുകയുംചെയ്തു. മറ്റ് വ്യക്തിസഭകളിലും അവിടെയുള്ള സമർപ്പിതസമൂഹങ്ങളിലുംചേർന്ന് വൈദികപട്ടം സ്വീകരിക്കുകയും

വ്രതവാഗ്ദാനംചെയ്യുകയും ചെയ്ത സീറോമലബാർ സഭാംഗങ്ങളുടെ എണ്ണം ഇതിനുപുറമേയാണ്. ഞാൻ നിങ്ങളുമായി ഈ കണക്കുകൾ പങ്കുവയ്ക്കുന്നതു നമ്മുടെ സഭയ്ക്കു ദൈവം നല്കികൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്കു നന്ദിപറയാനും നമ്മുടെ വൈദികരെയും സമർപ്പിതരെയും അല്മായപ്രേഷിതരെയും പ്രത്യേകമായി, ക്ലേശകരമായ സാഹചര്യങ്ങളിൽ ജീവനുപോലും ഭീഷണിനേരിട്ടുകൊണ്ട് ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്നവരെയും ഓർത്തു പ്രാർഥിക്കുന്നതിനുവേണ്ടിയാണ്. വൈദിക സമർപ്പിത ദൈവവിളികൾ സ്വീകരിക്കുന്നതിനു സന്നദ്ധതയും കഴിവുമുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചുവളർത്താൻ സഭാസമൂഹം ഒന്നായി ശ്രദ്ധിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

ആഗോളസഭയെയും സമൂഹത്തെയും ദുഃഖത്തിലാഴ്ത്തിയാണു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2025 ഏപ്രിൽ 21നു കാലംചെയ്തത്. ഏപ്രിൽ 26 നു പരിശുദ്ധ പിതാവിന്റെ കബറടക്കശുശ്രൂഷയിൽ പങ്കെടുക്കാൻ സാധിച്ചത് വലിയ ഒരു ആത്മീയാനുഭവമായിരുന്നു. മാർപാപ്പയെ കബറടക്കിയിരിക്കുന്ന മേരി മേജർ ബസിലിക്കയിൽ നമ്മുടെ സഭയിലെ ഏതാനും പിതാക്കൻമാരോടൊത്തു വിശുദ്ധ കുർബാനയർപ്പിച്ചു മാർപാപ്പയ്ക്കുവേണ്ടി പ്രാർഥിക്കാനും അവസരം ലഭിച്ചു. സീറോമലബാർസഭയെ സ്നേഹിച്ച ഒരു മാർപാപ്പയാണ് കടന്നുപോയത്. ഭാരതം മുഴുവനിലും നമുക്ക് അജപാലനധികാരം നല്കിയതും ഗൾഫുരാജ്യങ്ങളിൽ നമ്മുടേതായ അജപാലനസംവിധാനം രൂപപ്പെടുത്താനുള്ള നടപടികൾ ദ്രുതഗതിലാക്കിയതും നമ്മുടെ സഭാമക്കളുടെ ആത്മീയ ആവശ്യത്തിനായി റോമിലെ സാന്താ അനസ്താസിയ മൈനർ ബസിലിക്ക നമുക്കു നല്കിയതും ഫ്രാൻസിസ് മാർപാപ്പയാണെന്നതു കൃതജ്ഞതയോടെ ഓർക്കാം. നമ്മുടെ സഭയുടെ ഐക്യവും കൂട്ടായ്മയും പരിപോഷിപ്പിക്കുന്നതിനുവേണ്ടി പിതൃസഹജമായ ഇടപെടലുകൾ മാർപാപ്പ നടത്തിയതും നമ്മുടെ സഭയോടുള്ള കരുതലിന്റെ ഭാഗമായിരുന്നു. സിനഡൽസംവിധാനത്തിലൂടെ പരസ്പരം ശ്രവിച്ചും ഉൾക്കൊണ്ടും ഒരുമിച്ചുനടക്കാൻ നമ്മെ പഠിപ്പിച്ച ആ വന്ദ്യപിതാവിന്റെ ഓർമയ്ക്കുമുൻപിൽ, നന്ദിനിറഞ്ഞ ഹൃദയത്തോടെ സീറോമലബാർസഭയുടെ ആദരവും സ്നേഹവും ഞാൻ അർപ്പിക്കുന്നു. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ആത്മശാന്തിക്കുവേണ്ടി നമുക്കു തുടർന്നും പ്രാർഥിക്കാം.

ദൈവം സഭയ്ക്കു നല്കിയിരിക്കുന്ന സമ്മാനമാണ് പുതിയ മാർപാപ്പ ലെയോ പതിനാലാമൻ. പാപ്പാസ്ഥാനം എറ്റെടുത്ത ദിനങ്ങളിൽത്തന്നെ വിവിധവിഷയങ്ങളിലുള്ള വ്യക്തമായ നിലപാടുകളും ലോകത്തോടും ആഗോളസഭയോടുമുള്ള സംവേദനങ്ങളുംവഴി മാർപാപ്പ ലോകശ്രദ്ധ ആഘർഷിച്ചുകഴിഞ്ഞു. പൗരസ്ത്യസഭകളെസംബന്ധിച്ചു ഏറെ സുപ്രധാനമായ ഒരു ഇടപെടൽ മാർപാപ്പ നടത്തിയത് 2025 മെയ് 14നാണ്. അന്ന്

പൗരസ്ത്യസഭകൾക്കായുള്ള റോമിലെ ജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്ത പൗരസ്ത്യസഭകളുടെ തലവന്മാരെയും മറ്റുള്ളവരെയും അഭിസംബോധനചെയ്തുകൊണ്ട് പരിശുദ്ധ പിതാവ് നടത്തിയ പ്രസംഗം പൗരസ്ത്യസഭകളോടുള്ള പരിശുദ്ധപിതാവിന്റെ അജപാലനസമീപനം എന്താണെന്നുള്ള പ്രഖ്യാപനമായിരുന്നു. പൗരസ്ത്യസഭകൾ കത്തോലിക്കാസഭാകൂട്ടായ്മയുടെ വിലപ്പെട്ട ഘടകങ്ങളാണെന്നും അവയുടെ തനതായ വ്യക്തിത്വം കാത്തുസൂക്ഷിക്കുന്നതിന് ആവശ്യമായ പ്രതിബന്ധത കാണിക്കണമെന്നും ആരാധനക്രമ സഭാശാസ്ത്ര വൈവിധ്യങ്ങൾ എല്ലാവരും ബഹുമാനിക്കുകയും അംഗീകരിക്കുകയും വേണമെന്നുള്ള മാർപാപ്പയുടെ ആഹ്വാനം പൗരസ്ത്യസഭകളുടെ തനതായ്മയ്ക്കുള്ള പ്രോത്സാഹനവും അംഗീകാരവുമായിരുന്നു. അന്നേദിവസം പൗരസ്ത്യസഭാതലവന്മാർക്ക് അനുവദിച്ച പ്രത്യേക കൂടിക്കാഴ്ചയ്ക്കിടയിൽ പരിശുദ്ധ പിതാവിനെ വ്യക്തിപരമായി കാണാനും സീറോമലബാർസഭയുടെ പ്രാർഥനാശംസകൾ അറിയിക്കാനും എനിക്ക് അവസരം ലഭിച്ചു. പൗരസ്ത്യപാരമ്പര്യങ്ങളോടു വിശ്വസ്തത പുലർത്തി ആഗോളസഭയിൽ സജീവസാന്നിധ്യമായി മുന്നോട്ടുപോകാനുള്ള അവസരമാണ് മാർതോമാശ്ലീഹായുടെ മക്കളായ നമുക്കു ലഭിച്ചിരിക്കുന്നത്. പരിശുദ്ധ പിതാവു പറഞ്ഞതുപോലെ ആധുനികലോകത്തിൽ പൗരാണികവിശ്വാസത്തിന്റെ സാക്ഷ്യംനല്കുന്ന കിഴക്കുനിന്നുള്ള വെളിച്ചമാകാൻ ഒരു പൗരസ്ത്യസഭയെന്നനിലയിൽ നമുക്കു കൂട്ടായ്മയിൽ പരിശ്രമിക്കാം. ഈശോയുടെ ഭൂമിയിലെ വികാരിയും പത്രോസിന്റെ പിൻഗാമിയുമായ മാർപാപ്പയുടെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നിർവഹിക്കുന്നതിനുള്ള കരുത്തും ആത്മാവിന്റെ വെളിച്ചവും പരിശുദ്ധ പിതാവു ലെയോ പതിനാലാമനു ലഭിക്കുന്നതിനുവേണ്ടി നമുക്കു പ്രത്യേകം പ്രാർഥിക്കാം.

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം ഈശോയുമായുള്ള ആത്മബന്ധത്തിന്റെ ഫലമായി ഹൃദയത്തിൽനിന്നുയർന്ന വിശ്വാസത്തിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു എന്നു ഞാൻ പറഞ്ഞുവല്ലോ. നമ്മുടെ ആത്മീയ ജീവിതത്തിലും സഭാത്മകജീവിതത്തിലും ഹൃദയബന്ധത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്ന ഫ്രാൻസിസ് മാർപാപ്പയുടെ പ്രബോധനമാണ് 2024 ഒക്ടോബർ മാസത്തിൽ പുറപ്പെടുവിച്ച 'അവൻ നമ്മെ സ്നേഹിച്ചു' (*Dilexit Nos*) എന്ന ചാക്രികലേഖനം. ദൈവവുമായും സഹോദരങ്ങളുമായും കൂട്ടായ്മയിലായിരിക്കാനും അതുവഴി യഥാർഥവും പൂർണവുമായ ജീവിതം നയിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നതു നിരുപാധികവും സമ്പൂർണവുമായ സ്നേഹത്തിന്റെ തികഞ്ഞ മാതൃകയായ ഈശോയുടെ ഹൃദയമാണെന്നു പരിശുദ്ധ പിതാവ് ഈ ചാക്രിക ലേഖനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നു. ഇന്നു ലോകത്തിൽ കാണപ്പെടുന്ന നിസ്സംഗതയും അനാസ്ഥയും ഉപരിപ്ലവ

തയും മനുഷ്യഹൃദയത്തിൽ ഉരുത്തിരിയുന്ന ശൂന്യതയുടെ പ്രതിഫലനമാണ്. സമൂഹത്തിലെ വ്യത്യസ്തതകളെ സമന്വയിപ്പിക്കാനും മനുഷ്യവംശത്തെ നവീകരിക്കാനും സാധിക്കുന്നത് ഈശോയുടെ ഹൃദയവുമായി ഐക്യത്തിലായിരിക്കുന്ന ഹൃദയങ്ങളിലൂടെയാണ്. അതിനാൽ നമ്മുടെ സമൂഹങ്ങൾ നവീകരിക്കപ്പെടേണ്ടത് നാമോരോരുത്തരുടെയും ഹൃദയനവീകരണത്തിൽനിന്നാണ്. വ്യത്യസ്ത ചിന്താധാരകളെയും ആഗ്രഹങ്ങളെയും യോജിപ്പിക്കുന്നതിനും അനുരഞ്ജിപ്പിക്കുന്നതിനും നമ്മുടെ സമൂഹങ്ങൾ പ്രാപ്തമാകണമെങ്കിൽ നവീകരണം ഓരോരുത്തരുടെയും ഹൃദയത്തിൽനിന്ന് ആരംഭിക്കണം. അതുവഴി സാഹോദര്യത്തിന്റെ ഐക്യത്തിൽ പരിശുദ്ധാത്മാവു നമ്മെ നയിക്കുന്നതിന് ഇടയാകും (നമ്പർ 28). ഈ ഹൃദയനവീകരണം സാധ്യമാകണമെങ്കിൽ സ്വന്തം കഴിവിൽ അമിതമായി ആശ്രയിക്കാതെ ഈശോയുടെ തിരുഹൃദയത്തിലേക്കു തിരിയേണ്ടത് അത്യാവശ്യമാണ്. തിരുഹൃദയത്തിലാണു നമ്മൾ നമ്മെത്തന്നെ കണ്ടെത്തുന്നതും സ്നേഹിക്കാൻ പഠിക്കുന്നതും (നമ്പർ 30). അതിനാൽ നാം മാറ്റം ആഗ്രഹിക്കുന്നുവെങ്കിൽ നമ്മുടെ ഹൃദയങ്ങളുടെ നവീകരണത്തിൽനിന്നു തുടക്കം കുറിക്കണം. നമ്മുടെ കുടുംബങ്ങളുടെയും സഭാസമൂഹങ്ങളുടെയും യഥാർഥത്തിലുള്ള നവീകരണം സാധ്യമാകണമെങ്കിൽ ഓരോരുത്തരും മുൻവിധികളും ഇഷ്ടാനിഷ്ടങ്ങളും മാറ്റിവച്ച് ഈശോയുടെ ഹൃദയവുമായി ബന്ധംസ്ഥാപിച്ച് അതിൽനിന്നു ലഭിക്കുന്ന ആത്മീയ ഉണർവിലൂടെ സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും മനോഭാവം സ്വീകരിക്കണം.

ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യാകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2025-ാം ആണ്ട് ജൂൺ മാസം 20-ാം തീയതി നല്കപ്പെട്ടത്.

**✠ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

ഈ ഇടയലേഖനം 2025 ജൂൺ 29-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

Circular No. 09/ 2025

വന്ദ്യസഹോദരരേ, വത്സല മക്കളേ,

നമ്മുടെ ബഹുമാനപ്പെട്ട അച്ചൻമ്മാരുടെ വാർഷിക ധ്യാനം ഈ വർഷം നടക്കുന്നത്, 2025 ജുലൈ 7 മുതൽ 12 വരെയാണ്.

ഈശോയുടെ ശിഷ്യന്മാർ തങ്ങളുടെ പ്രവർത്തനങ്ങൾക്കിടയിൽ ഈശോയുടെ അടുക്കൽ വരുകയും തങ്ങൾ ചെയ്തതും കണ്ടതുമായ കാര്യങ്ങൾ അറിയിക്കുകയും അവിടത്തോടൊത്ത് താമസിക്കുകയും ചെയ്തിരുന്നത് നാം സുവിശേഷങ്ങളിൽ വായിക്കുന്നുണ്ട് (മർക്കോസ് 6). ഈശോ പറയുന്ന കാര്യങ്ങൽ കേൾക്കുകയും അവിടുന്നിൽ നിന്നും പഠിക്കുകയും ശക്തി സംഭരിക്കുകയും ചെയ്തിരുന്നു.

ബഹുമാനപ്പെട്ട വൈദികർ ഈശോയുടെ പക്കൽ എന്നും ഇരുന്ന് അവിടുത്തെ ശ്രവിക്കുകയും പ്രാർത്ഥിക്കുകയും വേണം. ഇങ്ങനെ തീവ്രമായി പ്രാർത്ഥിക്കാനും നവീകരിക്കപ്പെടാനുമുള്ള നാളുകളാണ് വാർഷിക ധ്യാനം. നമ്മുടെ ബഹു. അച്ചൻമ്മാർ ഒരുമിച്ച് ധ്യാനിക്കുകയും രൂപതയ്ക്ക്വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന അതി ശ്രേഷ്ഠമായ സമയമാണ് വാർഷിക ധ്യാനം. ഇതുവഴി നമ്മുടെ രൂപതയ്ക്ക് വലിയ അനുഗ്രഹം ലഭിക്കും. ഈ വർഷം നമ്മുടെ അച്ചൻമ്മാരെ ധ്യനിപ്പിക്കുന്നത് കാഞ്ഞിരപ്പള്ളി രൂപതാ അധ്യക്ഷനും പ്രസിദ്ധ ധ്യാന ഗുരുവുമായ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവാണ്.

അച്ചൻമ്മാരുടെ ധ്യാന വിജയത്തിനായി എല്ലാവരും പ്രാർത്ഥിക്കണമേന്ന് അഭ്യർത്ഥിക്കുന്നു. ധ്യാനത്തിന് എല്ലാ അച്ചന്മാരും ജ്ഞാനനിലയത്തിൽ ആയിരിക്കുന്നതുകൊണ്ട് ജൂലൈ 8 മുതൽ 12 വരെ ഇടവക പള്ളികളിൽ കുർബാന ഉണ്ടായിരിക്കുന്നതല്ല.

"വീണ്ടും ഞാൻ നിങ്ങളോട് പറയുന്നു;ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ചു ചോദിക്കുന്ന ഏതു കാര്യവും എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് നിറവേറ്റിത്തരും. എന്തെന്നാൽ, രണ്ടോ മൂന്നോപേർ എന്റെ നാമത്തിൽ ഒരുമിച്ചു കൂടുന്നിടത്ത് അവരുടെ മധ്യേ ഞാൻ ഉണ്ടായിരിക്കും" (മത്താ 18: 18-20) എന്ന തിരുവചന പ്രകാരം ഈശോ നമ്മോടൊപ്പം ഉണ്ടായിരിക്കുകയും നമ്മുടെ പ്രാർത്ഥനകൾ നിറവേറ്റിത്തരികയും ചെയ്യുമാറാകട്ടേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് +പിതാവിന്റെയും +പുത്രന്റെയും +പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി     **+ മാർ ലോറൻസ് മുക്കുഴി**

29-06-2025     ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

**NB** : ഈ സർക്കുലർ 06-07-2025ന് എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

Pastoral Letter No. 04/ 2025

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ
അനുഗ്രഹത്താലും ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

**ലോറൻസ് മുക്കുഴി**

നമ്മുടെ രൂപതയിലെ ബഹു. വൈദികർക്കും
സന്യാസിനീ സന്യാസികൾക്കും ദൈവജനത്തിനും
നമ്മുടെ കർത്താവിൽ ആശീർവ്വാദവും സമാധാനവും,

"കർത്താവിനു നന്ദി പറയുവിൻ; അവിടുന്നു നല്ലവനാണ്; അവിടുത്തെ കാരുണ്യം അനന്തമാണ്" (സങ്കി.136:1).

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

നമ്മുടെ ബെൽത്തംഗഡി രൂപത 2025 ഓഗസ്റ്റ് 4ന് 26 വർഷം പൂർത്തിയാക്കുകയാണ്! നല്ല ദൈവത്തിന് നമുക്ക് നന്ദി പറയാം. അനന്ത കാരുണികനായ ദൈവത്തിന്റെ കൃപയാലും നമ്മുടെ ബഹുമാനപ്പെട്ട അച്ചൻമാരുടെയും സിസ്റ്റേഴ്സിന്റെയും അല്മായരുടെയും ഉദാരമതികളായ ഉപകാരികളുടെയും സഹായത്താലും നമ്മുടെ രൂപത വളർന്നുകൊണ്ടിരിക്കുന്നു. എല്ലാവർക്കും ഹൃദയംഗമമായ അഭിനന്ദനങ്ങളും നന്ദിയും രേഖപ്പെടുത്തുന്നു; ദൈവത്തിന് സ്തുതി അർപ്പിക്കുന്നു.

നമ്മുടെ രൂപത ഇനിയും ഊർജ്ജസ്വലമായി മുന്നോട്ട് പ്രയാണം ചെയ്യണം. ചെയ്തു തീർക്കേണ്ടതായ ഏറെ ദൗത്യങ്ങൾ ഇനിയും ബാക്കിയുണ്ട്. ഇതിന് ദൈവത്തിന്റെ അനുഗ്രഹം വേണം; നാമെല്ലാവരും തീക്ഷ്ണമായി പ്രാർത്ഥിക്കണം; നമ്മളെല്ലാവരും ഉത്സാഹത്തോടും ഐക്യത്തോടും കൂടി കഠിനാധ്വാനം ചെയ്യണം. ഇതിനായി എല്ലാവരെയും ഞാൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു. 2025 ജൂൺ ഏഴിന് നമ്മുടെ രൂപതാ പാസ്റ്ററൽ കൗൺസിൽ കൂടി. കൗൺസിൽന്റെ

പ്രധാന അജണ്ട നമ്മുടെ സമുദായ ശാക്തീകരണമായിരുന്നു. 2024 ഓഗസ്റ്റ് മാസത്തിൽ പാലായിൽ വച്ച് നടന്ന ആഗോള സീറോ മല ബാർ സഭയുടെ അസംബ്ലിയുടെ മുഖ്യ പ്രമേയത്തിൽ ഇതൊന്നായിരു ന്നു. സീറോ മലബാർ സഭയുടെ അസംബ്ലിയുടെ നിർദ്ദേശങ്ങളും കർണാടക ബിഷപ്പ്സ് കോൺഫറൻസിന്റെ നിർദ്ദേശങ്ങളും പരിഗണി ച്ചുകൊണ്ട് നമ്മുടെ രൂപതാ പാസ്റ്ററൽ കൗൺസിൽ ചർച്ച നടത്തു വാൻ ഇടയായി. ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതികളുമട ങ്ങുന്ന അനേകം നല്ല നിർദ്ദേശങ്ങളും കൗൺസിലിൽ ഉരുത്തിരിഞ്ഞു. കൗൺസിലിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ 2025 ജൂലൈയിലെ നമ്മുടെ രൂപതാ ബുളളറ്റിനിൽ ചേർത്തിട്ടുണ്ട്. അത് സാധിക്കുന്നതുപോലെ നമുക്ക് നടപ്പിലാക്കാം. നമ്മുടെ സമുദായത്തെ ദൈവാനുഗ്രഹത്തിലൂടെ ഇനിയും ആത്മീയമായും ഭൗതികമായും ശക്തിപ്പെടുത്തണം. ഇതിന് എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ഞാൻ അഭ്യർത്ഥിക്കു ന്നു.

നാം ഇപ്പോൾ നമ്മുടെ കർത്താവിന്റെ ജൂബിലി വർഷത്തിലാണ ല്ലോ. ഈ ജൂബിലി വർഷത്തിൽ നാം പ്ലാൻ ചെയ്ത കാര്യപരിപാടി കൾ നിങ്ങളെല്ലാവരും ഉത്സാഹത്തോടെ ചെയ്യുന്നുണ്ട് എന്ന് ഞാൻ മനസ്സിലാക്കുന്നു. "പ്രത്യാശയുടെ തീർത്ഥാടകർ" എന്ന ആപ്തവാക്യം നാവിൽ നാം ഉച്ചരിക്കുമ്പോൾ അത് നമ്മുടെ ജീവിതം കൊണ്ട് സാക്ഷാ ത്കരിക്കാൻ നാം പ്രതിജ്ഞാബദ്ധരാകണം. 2025 ഏപ്രിൽ 20ന് നമ്മോട് വിടപറഞ്ഞ നമ്മുടെ പ്രിയപ്പെട്ട ഫ്രാൻസിസ് മാർപാപ്പ നമ്മെ പറഞ്ഞു ഏൽപ്പിച്ചിട്ട് പോയ കാര്യമാണിത്. വിവിധങ്ങളായ പ്രതിസന്ധികളിലൂ ടെയും ആശങ്കകളിലൂടെയും കടന്നുപോയികൊണ്ടിരിക്കുന്ന ജന ങ്ങൾക്ക് നാം പ്രത്യാശ കൊടുക്കുന്ന ദൂതരാകണം. ഈശോ നമ്മുടെ കൂടെ ഉള്ളതുകൊണ്ട് നമുക്ക് പ്രത്യാശയ്ക്ക് മാത്രമേ കാരണമുള്ളു. ഈ ജൂബിലി വർഷത്തിലെ എല്ലാ കർമ്മപദ്ധതികളോടും നിങ്ങൾ ആത്മാർത്ഥമായി സഹകരിക്കണം.

നമ്മുടെ രൂപതയിലെ രോഗികളും വിശ്രമ ജീവിതം നയിക്കുന്ന വരുമായ ബഹുമാനപ്പെട്ട അച്ചൻമാർക്കവേണ്ടി നിങ്ങളുടെ ഓരോരു ത്തരുടെയും സഹായത്തോടും ഉദാരമതികളായ മറ്റ് ഉപകാരികളുടെയും സഹകരണത്തോടെ നാം വൈദിക മന്ദിരം നിർമ്മിച്ചുകൊണ്ടിരിക്കുക

യാണല്ലോ. ഈ മന്ദിരത്തിന്റെ പേര് ''വിയാനി സദന'' എന്നാണ്. ഈ ഭവനത്തിന്റെ വെഞ്ചിരിപ്പ് 2025 ഓഗസ്റ്റ് നാലിന് രാവിലെ 10 മണിക്ക് നടത്താമെന്നാണ് പാസ്റ്ററൽ കൗൺസിലും വൈദിക സമ്മേളനവും തീരുമാനിച്ചത്. അതിൻ പ്രകാരം 2025 ഓഗസ്റ്റ് നാലിന് രാവിലെ 10 മണിക്ക് ഇടവക പ്രതിനിധികളും ബഹുമാനപ്പെട്ട അച്ചന്മാരും സിസ്റ്റേഴ്സും മറ്റ് ക്ഷണിക്കപ്പെട്ട അതിഥികളും വിയാനി സദനിൽ എത്തിച്ചേരേണ്ടതാണ്. വിയാനി സദന്റെ നിർമ്മാണത്തിനായി സഹകരിച്ച എല്ലാവർക്കും ഞാൻ നന്ദി പറയുന്നു. നമ്മുടെ രൂപതയുടെ വളർച്ചയ്ക്കുവേണ്ടി കഠിനാധ്വാനം ചെയ്ത വൈദികരുടെ വിശ്രമത്തിനുവേണ്ടിയുള്ള ഈ ഭവനം നിശ്ചയമായും ഈശോയ്ക്ക്  ഏറെ ഇഷ്ടമുള്ള ഭവനമാണ്.

2025 ഓഗസ്റ്റ് നാലിന്  എല്ലാ അച്ചന്മാരും സിസ്റ്റേഴ്സും ഇടവക പ്രതിനിധികളും ഉദ്ഘാടനത്തിനായി ബെൽത്തംഗഡിയിൽ എത്താനുള്ളതുകൊണ്ട് ഓഗസ്റ്റ്  മൂന്ന് ഞായറാഴ്ച നമ്മുടെ രൂപതയുടെ എല്ലാ പള്ളികളിലും രൂപതയ്ക്കുവേണ്ടി വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർത്ഥിക്കണമെന്നും രൂപതാ ദിനമായി ആചരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ് 26 വർഷം നമ്മെ പരിപാലിച്ച നല്ല ദൈവത്തിന് സ്തുതികൾ അർപ്പിച്ചുകൊണ്ടും എല്ലാവർക്കും രൂപതാ ദിനത്തിന്റെ മംഗളങ്ങൾ നേർന്നുകൊണ്ടും എല്ലാവർക്കും ഒരിക്കൽകൂടി ഹൃദയംഗമമായ നന്ദി അറിയിച്ചുകൊണ്ടും +പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി — **+ മാർ ലോറൻസ് മുക്കുഴി**

29-06-2025 — ബെൽത്തംഗഡി  രൂപതയുടെ മെത്രാൻ

---

**NB**: ഈ ഇടയലേഖനം  20.07.2025ന് എല്ലാ കുർബാന മദ്ധ്യേയും വായിക്കേണ്ടതാണ്.

ദൈവകൃപയാലും പരിശുദ്ധ സിംഹാസനത്തിന്റെ അനുഗ്രഹത്താലും ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

# ലോറൻസ് മുക്കുഴി

നമ്മുടെ രൂപതയിലെ ബഹു. വൈദികർക്കും
സന്യാസിനീ സന്യാസികൾക്കും ദൈവജനത്തിനും
നമ്മുടെ കർത്താവിൽ ആശീർവ്വാദവും സമാധാനവും,

''നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം ഇവയിലെല്ലാം നാം പൂർണ വിജയം വരിക്കുന്നു''(റോമാ 8 :37).

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

പുണ്യശ്ലോകനായ ഫ്രാൻസിസ് മാർപാപ്പ ഏറ്റവും അവസാനം എഴുതിയ ചാക്രിക ലേഖനം ''അവൻ നമ്മെ സ്നേഹിച്ചു''(Dilexit Nos) എന്നതാണ്. അത് 2024 ഒക്ക്ടോബർ 24നാണ് പ്രസിദ്ധം ചെയ്തത്. അത് സുന്ദരവും നമ്മെ സംബന്ധിച്ച് വളരെ പ്രസക്തവുമാണ്. ഈ ചാക്രിക ലേഖനത്തെ ആസ്പതമാക്കി നിങ്ങൾക്ക് എഴുതുകയാണ്.

ഈശോയ്ക്ക് നമ്മോടുള്ള സ്നേഹത്തെ പ്രകടിപ്പിക്കാനായി തിരുഹൃദയത്തെയാണ് എടുത്ത് കാണിക്കുന്നത്. നമ്മോട് അവിടുത്തേക്ക് ഹൃദയം നിറയെ സ്നേഹമായിരുന്നു. എന്താണ് ഹൃദയം? ഹൃദയം മനുഷ്യന്റെ ശരീരത്തിന്റെയും ആത്മാവിന്റെയും കേന്ദ്രമാണ് (Dilexit Nos 3). ഹൃദയത്തിൽ നിന്നാണ് മനുഷ്യന്റെ എല്ലാ ചിന്തകളും വ്യാപാരങ്ങളും വികാരങ്ങളും പുറപ്പെടുന്നത്. അതുകൊണ്ട്, നമ്മുടെ ഹൃദയത്തെ നാം ജാഗ്രതയോടെ കാത്തുസൂക്ഷിക്കണം(Dilexit Nos 6).

നമ്മുടെ ഹൃദയം നിർമ്മലമാക്കാം; അതേസമയം അശുദ്ധവുമാക്കാം. അതുകൊണ്ട് ഹൃദയത്തെ സൂക്ഷിക്കണം. ഈശോ പറയുന്നുണ്ട്: ''ഹൃദയത്തിന്റെ നിറവിൽ നിന്നാണല്ലോ അധരം സാസാരിക്കുന്നത്'' (ലൂക്കാ 6: 45) എന്ന്.

ഈശോയുടെ ഹൃദയം എന്നും നിർമ്മലമായിരുന്നു. അതിൽനിന്നാണ് നമ്മളിലേക്ക് സ്നേഹം ഒഴുകിയത്. അവിടുന്ന് എല്ലാവരെയും സ്നേഹിച്ചു, "അവസാനംവരെ സ്നേഹിച്ചു"(യോഹ.13:1). അവിടുത്തെ ഹൃദയം നമുക്കായി കുരിശിൽ തുറക്കപ്പെട്ടു; ആ തുറക്കപ്പെട്ട ഹൃദയത്തിൽനിന്ന് ഒഴുകിയത് നമ്മോടുള്ള അതിരറ്റ സ്നേഹത്തിന്റെ പ്രതീകമായ രക്തവും വെള്ളവുമായിരുന്നു. തുറക്കപ്പെട്ട ഹൃദയമാണ് നമ്മുടെ ശക്തി കേന്ദ്രം. ഇന്ന് മനുഷ്യൻ ബാഹ്യ ആഡംബരങ്ങളിലും മോഡികളിലും പൊളളയായ വാക്കുകളിലും ആശ്രയിക്കുന്നു. ഹൃദയമില്ലാത്ത ലോകത്തിലാണ് നാമിന്ന് അധിക സമയവും ജീവിക്കേണ്ടി വരുന്നത്! മനുഷ്യരോടും പക്ഷിമൃഗാതികളോടും പ്രകൃതിയോടും യാതൊരുവിധ കരുണയും പരിഗണനയും ഇല്ലാതെ ജിവിക്കുന്ന ഒരു പറ്റം ആളുകളിന്നുണ്ട്. ആരോടും ബന്ധമില്ലാതെ ദുഷ്ടത ചെയ്തുകൊണ്ടിരിക്കുന്ന മനുഷ്യരും ഉണ്ട്. ഇങ്ങനെയുള്ള ലോകത്തിൽ ഈശോയുടെ തിരുഹൃദയം വളരെ പ്രസക്തിയുള്ളതാണ്.

ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തിയും ഈശോയുടെ തിരുഹൃദയ രൂപത്തോടുള്ള വണക്കവും നമ്മുടെ സഭയിലുണ്ട്. തിരുസഭ അതിനെ പ്രോത്സാഹിപ്പിക്കുന്നുമുണ്ട്. നമുക്ക് തിരുഹൃദയത്തോട് തീക്ഷ്ണമായ ഭക്തി വേണം. തിരുഹൃദയ ഭക്തി നമ്മിൽ ജ്വലിക്കുവാൻ മാതാവിന്റെ വിമല ഹൃദയത്തോടുള്ള ഭക്തി സഹായിക്കും. ഈശോയുടെ മാധുര്യമേറിയ സ്നേഹത്തിന്റെ പ്രതീകമാണ് തിരുഹൃദയം. തിരുഹൃദയത്തോടുള്ള ഭക്തി കേവലം അവിടുത്തെ ശരീരത്തിന്റെ ഒരു അവയവത്തോട് മാത്രമുള്ള ഭക്തിയല്ല. മറിച്ച്, ദൈവസ്നേഹം നിറഞ്ഞുകവിയുന്ന അവിടുത്തെ മുഴുവൻ വ്യക്തിത്വത്തോടുള്ള സ്നേഹവും ഭക്തിയുമാണ് (D. N. 170). ഈശോയുടെ തിരുഹൃദയം തന്നെയാണ് വിശുദ്ധ കുർബാന. വിശുദ്ധ കുർബാനയുടെ മുമ്പിലായിരിക്കുന്നത് ദൈവത്തിന്റെ ഹൃദയമാകുന്ന പരിശുദ്ധ സ്നേഹത്തിന്റെ മുമ്പിൽ ആയിരിക്കുന്നതിന് തുല്യമാണ്.

ഈശോയുടെ തിരുഹൃദയത്തിന്റെ മുമ്പിൽ എല്ലാം മറന്ന് ഇരുന്ന് ദൈവസ്നേഹം അനുഭവിച്ച അനേകം വിശുദ്ധർ നമ്മുടെ സഭയിലുണ്ട്. വിശുദ്ധ മാർഗ്ഗരേറ്റ് മേരി അലകോക്ക്, വിശുദ്ധ വിൻസെന്റ് ഡിപോൾ, വിശുദ്ധ കൊച്ചുത്രേസ്യാ എന്നിവർ അതിൽ മുൻപന്തിയിൽ

നിൽക്കുന്നവരാണ്. ഫ്രാൻസീസ് മാർപാപ്പ ഈശോയുടെ തിരുഹൃദയത്തിന്റെ മുമ്പിൽ ഇരുന്നുള്ള പ്രാർത്ഥനയെക്കുറിച്ച് ദീർഘമായി ഈ ചാക്രിക ലേഖനത്തിൽ എഴുതിയിട്ടുണ്ട്. 183 മുതൽ 201 വരെയുള്ള ഖണ്ഡികകളിൽ നാം തിരുഹൃദയത്തിന്റെ മുമ്പിലായിരുന്നു പ്രാർത്ഥിക്കേണ്ട കാര്യങ്ങളെക്കുറിച്ചും വിധത്തേക്കുറിച്ചും വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഈശോയുടെ അനന്ത സ്നേഹത്തിൽ ആനന്ദിക്കുക; അവിടുന്ന് നമ്മുടെമേൽ ചൊരിഞ്ഞ നിസ്സീമമായ അനുഗ്രഹങ്ങൾക്ക് നന്ദി പറയുക; അവിടുത്തെ അനന്ത സ്നേഹത്തെ മറുതലിച്ച് പാപം ചെയ്യുന്ന ലോകത്തിനുവേണ്ടി മാപ്പപേക്ഷിച്ച് കണ്ണീരൊഴുക്കുക; കൃപകൾകൊണ്ട് സമ്പന്നമായ അവിടുത്തെ ഹൃദയത്തോട് എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുക മുതലായവയാണ് തിരുസന്നിധിയിൽ ആയിരുന്നു നാം ചെയ്യേണ്ടത്. തിരുഹൃദയ ഭക്തി, ഈ ദൃഷ്ടിയിൽ കാണുമ്പോൾ നമ്മുടെ ആധ്യാത്മിക ജീവിതത്തിന്റെ സാരസത്വമാണ് എന്ന് മനസ്സിലാക്കാം.

ഈശോയുടെ തിരുഹൃദയത്തിൽ നിന്നും സ്നേഹം ആവോളം പാനം ചെയ്ത് സംതൃപ്തി അടഞ്ഞ് ആ സ്നേഹം കരകവിഞ്ഞൊഴുകി മറ്റുള്ളവരിലേക്കും എത്തണം. എന്ന് പറഞ്ഞാൽ നാം എല്ലാവരെയും സ്നേഹിക്കണം; എല്ലാവരോടും ക്ഷമിക്കണം; കഴിയും വിധം എല്ലാവരെയും സഹായിക്കണം. സഹജീവികളോട് സ്നേഹമില്ലാത്തവർക്ക് തിരുഹൃദയ സ്നേഹം ഇല്ല. വേറൊരു വാക്കിൽ പറഞ്ഞാൽ തിരുഹൃദയ ഭക്തി ഉള്ളവർ ഓരോരുത്തരും തീക്ഷ്ണതയുള്ള മിഷനറിമാരാകണം. എല്ലാ കാലത്തും ലോകം ക്രിസ്ത്യാനികളെ ബഹുമാനിക്കുന്നത് അവർക്ക് മറ്റുള്ളവരോടുള്ള സ്നേഹവും സഹായിക്കാനുള്ള നല്ല മനസ്സും വിശുദ്ധമായ ജീവിതവുമാണ്. അത് നാം സ്വന്തമാക്കണമെന്ന് മാർപാപ്പ ആഗ്രഹിക്കുന്നു. ലോകത്തിന്റെ പാപത്തിനുവേണ്ടി നാം പരിഹാരം ചെയ്യുകയും ബലിവസ്തുവാകുകയും വേണം.

ഈശോ ജീവിച്ചിരുന്നപ്പോൾ പറഞ്ഞു, ''അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം'' (മത്താ 11:28) എന്ന്. ഈശോ തന്റെ പക്കൽ വരുന്നവരെയെല്ലാം ആശ്വസിപ്പിച്ചു. അതുപോലെ ഈശോയുടെ തിരുഹൃദയത്തോട് ഭക്തിയുള്ള എല്ലാവരും തങ്ങളുടെ പക്കൽ

വരുന്നവർക്ക് ആശ്വാസവും സ്നേഹവും നൽകണം. ഇതാണ് നമ്മെ യഥാർത്ഥ ക്രിസ്ത്യാനികളാക്കുന്നത്; ഇതാണ് യഥാർത്ഥ മിഷനറിയുടെ ലക്ഷണം. പ്രാർത്ഥനയിൽ നിന്ന് ലഭിക്കുന്ന സ്നേഹം മറ്റുള്ളവരുമായി പങ്കുവെക്കാൻ മനുഷ്യന്റെ അഭിവൃദ്ധിക്ക്‌വേണ്ടി ചെയ്യാവുന്നതെല്ലാം ചെയ്യണം; അത് യഥാർത്ഥ മിഷൻ പ്രവർത്തനമാണ്. പരസ്നേഹ പ്രവർത്തികൾ ഈശോയുടെ സ്നേഹത്താൽ പ്രേരിതമായിരിക്കണം; അത് തിരുസഭയോട് ചേർന്ന്‌വേണം ചെയ്യാൻ. എങ്കിൽ മാത്രമേ പരസ്നേഹ പ്രവർത്തി പൂവണിയുകയുള്ളു.

"ദാഹിക്കുന്നവൻ വരട്ടെ, ആഗ്രഹമുള്ളവൻ ജീവന്റെ ജലം സൗജന്യമായി സ്വീകരിക്കട്ടെ"(വെളി 22:17)എന്നാണ് തിരുവചനം ഘോഷിക്കുന്നത്. ഈശോയുടെ തിരുഹൃദയത്തിൽ നിന്നും നാം പാനം ചെയ്യണം; അതിന്റെ മാധുരിയിൽ എന്നും ജീവിക്കണം. അപ്പോൾ ജീവിതത്തിൽ നമുക്ക് സമാധാനം ആസ്വദിക്കാം; പ്രത്യാശ ഉള്ളവരായി ജീവിക്കാം; വിശുദ്ധരായി ജീവിക്കാം; മറ്റുള്ളവരുടെ കണ്ണീർ ഒപ്പാം; ലോകത്തിൽ സമാധാനം വിതയ്ക്കാം. നമുക്ക് തിരുഹൃദയ ഭക്തി വേണം, അത് പ്രചരിപ്പിക്കണം. ഈ സന്ദർഭത്തിൽ സാന്ദർഭികമായി ഞാൻ പറയട്ടെ, നമുക്ക് ഇപ്പോൾ നല്ല പള്ളികൾ ഉണ്ട്. ഈ പള്ളികളിൽ ഇടദിവസങ്ങളിൽ സൗകര്യമുള്ള സമയത്ത് ഏകാന്തതയിൽ സാധിക്കുന്നവരൊക്കെ പ്രാർത്ഥിക്കണം. ബഹുമാനപ്പെട്ട വികാരി അച്ചന്മാർ അതിനായി പള്ളി തുറന്നു കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജൂൺ മാസം തിരുഹൃദയ ഭക്തിക്ക് നീക്കി വെച്ചിട്ടുള്ള മാസമാണ്. ഈ വർഷത്തെ തിരുഹൃദയ തിരുന്നാൾ ജൂൺ 27നാണ്. അന്നേദിവസം നമ്മുടെ എല്ലാ കുടുംബങ്ങളിലും തിരുഹൃദയ പ്രതിഷ്ഠ നടത്തേണ്ടതാണ്. എല്ലാ വീടുകളിലും ഈശോയുടെ തിരുഹൃദയത്തിന്റെ രൂപം പ്രധാനപ്പെട്ട സ്ഥാനത്ത് സ്ഥാപിക്കണം. ഫ്രാൻസിസ് മാർപാപ്പായുടെ "അവൻ നമ്മെ സ്നേഹിച്ചു"(DN) എന്ന ചാക്രിക ലേഖനം വായിച്ച് പഠിക്കണമെന്ന് താൽപര്യപ്പെടുന്നു.

"ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ, നിങ്ങൾക്ക് ആശ്വാസം ലഭിക്കും" (മത്താ 11:29) എന്ന വചനപ്രകാരം

ഈശോയുടെ തിരുഹൃദയത്തിൽ നിന്ന് പഠിച്ച് ശാന്തശീലരും സ്നേഹ നിർഭരരും ആശ്വാസമേകുന്നവരും ആകട്ടെ എന്ന് പ്രാർത്ഥിച്ചുകോണ്ട് +പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ആശീർവ്വദിക്കുന്നു.

ബെൽത്തംഗഡി
29-06-2024

**+ മാർ ലോറൻസ് മുക്കുഴി**
ബെൽത്തംഗഡി രൂപതയുടെ മെത്രാൻ

---

NB : ഈ ഇടയലേഖനം 22-06-2025ന് എല്ലാ കുർബ്ബാന മദ്ധ്യേ വായിക്കേണ്ടതാണ്



# രൂപതാകാര്യാലയം

♦ **Pope's Monthly Intention for July - 2025**

**വിവേചനത്തിലൂടെയുള്ള രൂപവൽകരണ ത്തിനുവേണ്ടി :**

ജീവിതപാതകൾ തിരഞ്ഞെടുക്കുന്നതും ക്രിസ്തുവിൽനിന്നും സുവിശേഷത്തിൽനിന്നും നമ്മെ അകറ്റുന്ന സകലതിനേയും തിരസ്കരിക്കുന്നതും എങ്ങനെയെന്ന് വിവേചിച്ച് പഠിക്കുവാൻ നമുക്ക് സാധിക്കുന്നതിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

## ♦ Let us Pray for Rev. Fathers :

**Birth Day : July**

| | | |
|---|---|---|
| Rev. Fr. Paikatt Devasya | - | 7 |
| Rev. Fr. Joseph Kezhakkethazhe | - | 8 |
| Rev. Fr. Vettuvazhy Kuriakose | - | 11 |
| Rev. Fr. Varghese Paul CMI | - | 17 |
| Rev. Fr. Ambatt Mathew | - | 22 |
| Rev. Fr. Parambukattil Jacob | - | 24 |

**Feast Day: July**

| | | |
|---|---|---|
| Rev. Fr. Kannamkal Thomas | - | 03 |
| Rev. Fr. Kallikat Thomas | - | 03 |
| Rev. Fr. Parekattil Thomas | - | 03 |
| Rev. Fr. Kallupuraparambil Thomas | - | 03 |
| Rev. Fr. Panachickal Thomas | - | 03 |
| Rev. Fr. Pullattu Thomas | - | 03 |
| Rev. Fr. Puthiyara Thomas | - | 03 |

| | | |
|---|---|---|
| Rev. Fr. Vettuvazhy Kuriakose | - | 15 |
| Rev. Fr. Vazhuthanappillil Kurian MST | - | 15 |
| Rev. Fr. Parambukattil Jacob | - | 25 |

**Ordination Day- July**

| | | |
|---|---|---|
| Rev. Fr. Arayandayil Emmanuel | - | 31 |

- **Transfer & Appointments of Rev. Fathers** :

| Names & Surname | Designation | Parish |
|---|---|---|
| 1. Rev. Fr. Sebastian Kaloor MCBS | Return to the Congregation | |
| 2. Rev. Fr. Nambyarumalil Varkey MCBS | Vicar | Siddhapura(H) & Ajiri |
| (w.e.f.-15. 6. 2025) | Priest - In-Charge | Saibarkatte |
| 3. Rev. Fr. Cheeran Joseph (w.e.f.-15. 7. 2025) | Director | Youth Apostolate |
| 4. Rev. Fr. Pullattu Thomas (w.e.f.-15. 7. 2025) | Director | Vianney Sadana (Priests' Home) |

- **Appointments (Additional)**

**1. Catechetical Formation : Forane/Regional Directors**

| | | |
|---|---|---|
| 1. | Rev. Fr. Kannamkal Thomas | Belthangady |
| 2. | Rev. Fr. Parekattil Thomas | Bajagoly Region |
| 3. | Rev. Fr. Valookaran Joseph | Dharmasthala |
| 4. | Rev. Fr. Pampackal Joseph | Jadkal |
| 5. | Rev. Fr. Puthiyedath Varghese | Kutrupady |
| 6. | Rev. Fr. Pottamkulangara Augustine | Mangalore |
| 7. | Rev. Fr. Vadakkeveettil Devasia | Siddapura (Kodagu) |
| 8. | Rev. Fr. Poovathingal Devasia | Thottathady |
| 9. | Rev. Fr. Panachickal Thomas | Udane |

**2. CML & HCA : Forane/Regional Directors**

| | | |
|---|---|---|
| 1. | Rev. Fr. Cheeran Joseph | Belthangady |
| 2. | Rev. Fr. Vellachalil Mathew | Bajagoly Region |

| | | |
|---|---|---|
| 3. | Rev. Fr. Poovathingal Sebastian | Dharmasthala |
| 4. | Rev. Fr. Poothakkuzhiyil Joseph | Jadkal |
| 5. | Rev. Fr. Kochuputhanpura Paulose | Kutrupady |
| 6. | Rev. Fr. Thurackal Joseph | Mangalore |
| 7. | Rev. Fr. Vadakkeveettil Devasia | Siddapura (Kodagu) |
| 8. | Rev. Fr. Puthiyara Thomas | Thottathady |
| 9. | Rev. Fr. Odampally Francis | Udane |

**3. Youth Apostolate : Forane/Regional Directors**

| | | |
|---|---|---|
| 1. | Rev. Fr. Thazhekattil Mathew | Belthangady |
| 2. | Rev. Fr. Paikatt Devasia | Bajagoly Region |
| 3. | Rev. Fr. Poovathingal Sebastian | Dharmasthala |
| 4. | Rev. Fr. Kezhakkethazhe Joseph | Jadkal |
| 5. | Rev. Fr.Vazhuthanappillil Kurian MST | Kutrupady |
| 6. | Rev. Fr. Valiaparambil Joseph Jr., | Mangalore |
| 7. | Rev. Fr. Puthussery Joseph | Siddapura (Kodagu) |
| 8. | Rev. Fr. Manappatt Mathew | Thottathady |
| 9. | Rev. Fr. Cheriapally Cyril | Udane |

**4. Family Apostolate : Forane/Regional Directors**

| | | |
|---|---|---|
| 1. | Rev. Fr. Chelackapally Sebastian | Belthangady |
| 2. | Rev. Fr. Parekattil Thomas | Bajagoly Region |
| 3. | Rev. Fr. Ambatt Mathew | Dharmasthala |
| 4. | Rev. Fr. Alappatt Mathew | Jadkal |
| 5. | Rev. Fr. Puthiyedath Joseph (Adarsh) | Kutrupady |
| 6. | Rev. Fr. Pottamkulangara Augustine | Mangalore |
| 7. | Rev. Fr. Veluthedathparambil Mani | Siddapura (Kodagu) |
| 8. | Rev. Fr. Ayamkudy Joseph | Thottathady |
| 9. | Rev. Fr. Vettamthadathil Mathew | Udane |

## 5. Vocation Promotion : Forane/Regional Directors

| | | |
|---|---|---|
| 1. | Rev. Fr. Cheeran Joseph | Belthangady |
| 2. | Rev. Fr. Mathew Vellachalil | Bajagoly Region |
| 3. | Rev. Fr. Ambatt Mathew | Dharmasthala |
| 4. | Rev. Fr. Kezhakkethazhe Joseph | Jadkal |
| 5. | Rev. Fr. Kochuputhenpurackal Paulose | Kutrupady |
| 6. | Rev. Fr. Thurackal Joseph | Mangalore |
| 7. | Rev. Fr. Puthussery Joseph | Siddapura (Kodagu) |
| 8. | Rev. Fr. Manappatt Mathew | Thottathady |
| 9. | Rev. Fr. Cheriapally Cyril | Udane |

### ♦ വൈദികരുടെ വാർഷിക ധ്യാനം

നമ്മുടെ ഈ വർഷത്തെ വൈദികർക്കുവേണ്ടിയുള്ള വാർഷിക ധ്യാനം ജ്ഞാനനിലയത്തിൽ വച്ച് 2025 ജൂലൈ 7 തിങ്കളാഴ്ച വൈകിട്ട് 5 മണി മുതൽ 12 ശനിയാഴ്ച രാവിലെ 8 മണിയോടെ അവസാനിക്കുന്നതാണ്. ഈ വർഷം ധ്യാനിപ്പിക്കുന്നത് കാഞ്ഞിരപ്പള്ളി രൂപതാ അദ്ധ്യക്ഷനും, പ്രസിദ്ധ ധ്യാന ഗുരുവുമായ അഭി. മാർ ജോസ് പുളിക്കൽ പിതാവാണ്. രൂപതയിലെ ബഹു. വൈദികർ പ്രസ്തുത ധ്യാനത്തിൽ പങ്കെടുക്കുമല്ലൊ.

### ♦ ഹൃദ്യമായ സ്വാഗതം, നന്ദിയുടെ നറുമലരുകൾ:

എള്ളുക്കൊച്ചി ഇടവകയിൽ 2 വർഷക്കാലം വികാരിയായി സ്തുത്യർഹമായി ശുശ്രൂഷ ചെയ്ത തലശ്ശേരി അതിരൂപതാംഗമായ ബഹു. വർഗ്ഗീസ് ചെറിയംപുറത്ത് അച്ചനും, സിദ്ദാപ്പുര, ആജരി ഇടവകകളിൽ 2 വർഷക്കാലം വികാരിയായി സ്തുത്യർഹമായി ശുശ്രൂഷ ചെയ്ത എം. സി. ബി.എസ്. കോഴിക്കോട് പ്രോവിൻസ് സഭാംഗമായ ബഹു. സെബാസ്റ്റ്യൻ കല്ലൂരച്ചനും, രൂപത മുഴുവന്റെയും നന്ദിയും സ്നേഹവും അറിയിക്കുന്നതോടൊപ്പം, പുതിയ പ്രവർത്തനരംഗത്ത് ദൈവാനുഗ്രഹവും, വിജയങ്ങളും നേരുകയും ചെയ്യുന്നു.

എള്ളുക്കൊച്ചി ഇടവകയിൽ അജപാലന ശുശ്രൂഷയ്ക്കായ് എത്തിയിരിക്കുന്ന തലശ്ശേരി അതിരൂപതാംഗമായ ബഹു. ജോസഫ് പന്തലാ

ടിക്കലച്ചനെയും, സിദ്ദാപ്പുര, ആജരി ഇടവകകളിൾ അജപാലന ശുശ്രൂഷയ്ക്കായ് എത്തിയിരിക്കുന്ന എം. സി. ബി.എസ്. കോഴിക്കോട് പ്രോവിൻസ് സഭാംഗമായ ബഹു. വർഗ്ഗീസ് നമ്പ്യാരുമാലിലച്ചനും, രൂപതയിലേയ്ക്ക് സ്വാഗതവും പുതിയ സേവന രംഗങ്ങളിൽ ദൈവാനുഗ്രഹവും വിജയങ്ങളും നേരുകയും ചെയ്യുന്നു.

♦ **കൈക്കാരന്മാരുടെ സമ്മേളനം :**

കൈക്കാരന്മാരുടെ രൂപതാ സമ്മേളനം 2025 ജൂലൈ 19 ന് ജ്ഞാനനിലയത്തിൽ ചേരുന്നതാണ്. തലശ്ശേരി അതിരൂപതയിലെ വികാരി ജനറാൾ പെരിയ ബഹു. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനാണ് ക്ലാസുകൾ നയിക്കുന്നത്. ഈ വർഷം ഓരോ ഇടവകകളിലും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന എല്ലാ കൈക്കാരന്മാരെയും പ്രസ്തുത സമ്മേളനത്തിലേക്ക് പറഞ്ഞയക്കുമല്ലൊ.

♦ **വിയാനി സദന വെഞ്ചിരിപ്പ്** :

നമ്മുടെ രൂപതയിലെ രോഗികളും വിശ്രമ ജീവിതം നയിക്കുന്നവരുമായ ബഹുമാനപ്പെട്ട അച്ചൻമാർക്കുവേണ്ടി വൈദിക മന്ദിരം, "വിയാനി സദന" നിർമ്മിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഈ ഭവനത്തിന്റെ വെഞ്ചിരിപ്പ് 2025 ഓഗസ്റ്റ് നാലിന് രാവിലെ 10 മണിക്ക് നടത്താമെന്നാണ് പാസ്റ്ററൽ കൗൺസിലും വൈദിക സമ്മേളനവും തീരുമാനിച്ചത്. അതിൻ പ്രകാരം 2025 ഓഗസ്റ്റ് നാലിന് രാവിലെ 10 മണിക്ക് ബഹുമാനപ്പെട്ട അച്ചന്മാരും സിസ്റ്റേഴ്സും ഇടവക പ്രതിനിധികളും മറ്റ് ക്ഷണിക്കപ്പെട്ട അതിഥികളും വിയാനി സദനിൽ എത്തിച്ചേരുമല്ലൊ.

♦ **രൂപതാ അജപാലന സമിതി സമ്മേളനം** :

2025 ജൂൺ 07 ന് തിയതി ജ്ഞാനനിലയത്തിൽ വച്ച് അഭി. പിതാവിന്റെ അദ്ധ്യക്ഷതയിൽ 41-ാം രൂപതാ അജപാലന സമിതി സമ്മേളനം നടന്നു.

♦ **വൈദികരുടെ റിഫ്രെഷർ കോഴ്സ്** :

രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന മുഴുവൻ വൈദികർക്കുമായി 2025 ജൂൺ മാസം 16-ാം തിയതി വൈകുന്നേരം 5 മണിമുതൽ 2025 ജൂൺ മാസം 17-ാം തിയതി വൈകുന്നേരം 4 മണിവരെ വൈദികരുടെ

റിഫ്രെഷർ കോഴ്സ് ജ്ഞാനനിലയത്തിൽ വച്ച് നടന്നു. തലശ്ശേരി അതിരൂപതയിലെ ബഹു. സാബു കുമ്പുക്കൽ അച്ചൻ, Artificial Intelligenceനെ കുറിച്ചണ് ക്ലാസുകൾ നയിച്ചത്. പങ്കെടുത്ത രൂപതയിലെ ബഹു. വൈദികർക്ക് നന്ദി.

♦ **വൈദിക സമ്മേളനം :**

2025 ജൂൺ മാസം 17-ാം തിയതി വൈകുന്നേരം 6.30 മണി മുതൽ 18-ാം തിയതി രാവിലെ 10.00 മണിവരെ ജ്ഞാനനിലയത്തിൽ വച്ച് ബഹു. വൈദികരുടെ സമ്മേളം നടന്നു.

♦ **രൂപതാ ആലോചനാസമിതിയുടെ സമ്മേളനം :**

2025 ജൂൺ മാസം 17-ാം തിയതി വൈകുന്നേരം 09.00 മണി മുതൽ 09.45 വരെ രൂപതാ ആലോചനാസമിതിയുടെ സമ്മേളനം അഭി. ലോറൻസ് മുക്കുഴി പിതാവിന്റ അദ്ധ്യക്ഷതയിൽ നടന്നു.

♦ **ഫൊറോനാ വികാരിമാരുടെ സമ്മേളനം :**

2025 ജൂൺ മാസം 18-ാം തിയതി രാവിലെ 08.45 മണി മുതൽ 09.15 വരെ ഫൊറോനാ വികാരിമാരുടെ സമ്മേളനം അഭി. ലോറൻസ് മുക്കുഴി പിതാവിന്റ അദ്ധ്യക്ഷതയിൽ നടന്നു.

♦ **ഫൊറോന വികാരിമാരുടെ ഇടവകാ സന്ദർശനം**

അഭി. പിതാവിന്റെ നേതൃത്വത്തിൽ രൂപതയിലെ എല്ലാ ഫൊറോന വികാരിമാരും 2025 ജൂൺ 18 - ാം തീയതി ഒരുമിച്ച് കൂടുകയും തങ്ങളുടെ ഫൊറോനയിലെ എല്ലാ പള്ളികളും സന്ദർശിക്കുന്നതിനേകുറിച്ച് തീരുമാനിക്കുകയും ചെയ്തു. എല്ലാ ഫൊറോന വികാരിമാരും 2025 ജുലൈ 31 ന് മുമ്പായി തങ്ങളുടെ ഫൊറോനയിലെ എല്ലാ പള്ളികളും സന്ദർശിക്കുകയും, രൂപതയിൽനിന്നും നൽകിയിരിക്കുന്ന ഫൊറോന വികാരിമാരുടെ സന്ദർശന ഫോം പൂരിപ്പിക്കുകയും, അതിന്റെ ഒരു പ്രതി രൂപതാ കച്ചേരിയിലേയ്ക്ക് അയച്ച് തരുകയും ചെയ്യണമെന്ന് അറിയിക്കുന്നു.

♦ **Inter - Commission Meeting :**

2025 ജൂൺ 26 ന് രൂപതയിൽ പ്രവർത്തിക്കുന്ന, വിവിധ കമ്മീഷനുകളുടെ ഉത്തരവാദിത്വം വഹിക്കുന്ന ബഹുമാനപ്പെട്ട വൈദികർ അഭി.

പിതാവിന്റെ അദ്ധ്യക്ഷതയിൽ ഒരുമിച്ചുകൂടി രൂപതയുടെ അജപാലന കാര്യപരിപാടികൾ വിലയിരുത്തുകയും ഭാവികാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു.

♦ **ആദരാഞ്ജലികൾ** :

**ശ്രീ സ്കറിയ ചെമ്പരത്തിയിൽ (76)** : ബഹു. സി. നൊബിൾ മേരി എഫ്. സി. സി. യുടെ പ്രിയപ്പെട്ട സഹോദരൻ ശ്രീ സ്കറിയ ചെമ്പരത്തിയിൽ 2025 ജൂൺ 5-ാം തീയതി നിര്യാതനായി. മൃതസംസ്കാര ശുശ്രൂഷകൾ ജൂൺ 6 ന് വെള്ളരികുണ്ട് ലിറ്റിൽ ഫ്ളവർ ഫൊറോനാ ദേവാലയ സിമിത്തേരിയിൽ വച്ച് നടന്നു. പ്രിയപ്പെട്ട സഹോദരന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. നൊബിൾ സിസ്റ്ററിനും, കുടുംബാംഗങ്ങൾക്കും രൂപതാ കുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നതോടൊപ്പം പരേതന്റെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

♦ **New Address**:

Rev. Fr. Jacob Christy Parambukattil
717 N Bradford Ave,
Placentia CA 92870, USA.

♦ **New Phone Number of Rev. Fathers**:

Rev. Fr. Varkey (Reneesh) Nambyarumalil MCBS **:** 8606286176
Rev. Fr. Joseph (Noble) Panthaladickal (Ellukochi) **:** 6353770802

♦ **Collection** : ***Sabhadinam* - 6th July 2025**

**Fr. Lawrence Poonolil**
Chancellor

# ബെൽത്തംഗഡി രൂപതാ 41-ാമത് അജപാലനസമിതി യോഗ റിപ്പോർട്ട്

ബെൽത്തംഗഡി രൂപതാ അജപാലന സമിതിയുടെ 41-ാമത് യോഗം 2025 ജൂൺ മാസം 07-ാം തീയതി ശനിയാഴ്ച രൂപതാ അജപാലന കേന്ദ്രമായ ജ്ഞാനനിലയത്തിൽ വച്ച് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

2025 ജൂൺ മാസം 07-ാം തീയതി രാവിലെ 9.30ന് അജപാലന സമിതിയുടെ അംഗങ്ങൾ ജ്ഞാനനിലയത്തിൽ എത്തിച്ചേർന്നു. തുടർന്ന് 10 മണിയോടെ ബഹുമാനപ്പെട്ട തോമസ് കണ്ണാങ്കൽ അച്ചന്റെ നേതൃത്വത്തിൽ നടത്തിയ പ്രാർത്ഥനയോടുകൂടി യോഗത്തിന് ആരംഭം കുറിച്ചു.

അഭിവന്ദ്യ രൂപതാ ഇടയന്റെ അധ്യക്ഷതയിൽ ആരംഭിച്ച രൂപതയുടെ 41-ാമത് അജപാലന സമിതി സമ്മേളനത്തിൽ പെരി. ബഹു. ജോസഫ് വലിയപറമ്പിലച്ചൻ അഭിവന്ദ്യ പിതാവിനും അജപാലന സമിതി അംഗങ്ങൾക്കും ഹൃദ്യമായ സ്വാഗതം ആശംസിച്ചു. ശേഷം 40-ാമത് അജപാലന സമിതി യോഗ റിപ്പോർട്ട് സെക്രട്ടറി ശ്രീമതി ജസ്സിന്ത വായിച്ചു. തുടർന്ന് 2024-25 വർഷത്തിലെ രുപത നാളാഗമം, രുപതാ ചാൻസലർ, ബഹു. ലോറൻസ് പൂണോലിൽ അച്ചൻ Video Presentationലൂടെ ലളിതമായും അർത്ഥവത്തായും അവതരിപ്പിക്കുകയും കമ്മീഷനുകളുടെയും ഫൊറോനാ തല പ്രവർത്തനങ്ങളുടെയും വിശദമായ റിപ്പോർട്ടിന്റെ കോപ്പി എല്ലാ അംഗങ്ങൾക്കും ലഭ്യമാക്കുകയും ചെയ്തു.

**ഉദ്ഘാടനം**

ബെൽത്തംഗടി രൂപതയുടെ 41-ാമത് പാസ്റ്ററൽ കൗൺസിൽ സമ്മേളനം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ലോറൻസ് മുക്കുഴി പിതാവ് ദീപം തെളിയിച്ച് ഉത്ഘാടനം ചെയ്തു. തുടർന്ന് പിതാവ് നൽകിയ ഉത്ഘാടന പ്രസംഗം അജപാലന സമിതി അംഗങ്ങൾക്ക് ആത്മീയ ഉണർവ്വ് പകരുന്നതായിരുന്നു.

ഓരോ മീറ്റിങ്ങിനും മൂന്ന് "R-കൾ" - Report, Reviw, Revision- ഉണ്ടായിരിക്കണമെന്നു അഭി. പിതാവ് സുചിപ്പിച്ചു. ഇടവകകളിലും രൂപതയിലും നടക്കുന്ന നിരവധിയായ അടിസ്ഥാന പ്രവർത്തനങ്ങളുടെ പിന്നിൽ നിസ്വാർത്ഥ സേവനം ചെയ്യുന്ന അജപാലന സമിതിയുടെ അംഗങ്ങൾക്കും ബഹു. വൈദികർക്കും സന്യസ്തർക്കും അഭി. പിതാവ് അനു

മോദനം അറിയിച്ചു. 2024 ഓഗസ്റ്റ് 22 മുതൽ 25 വരെ പാലായിൽ വച്ച് നടന്ന സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ ചർച്ച ചെയ്ത "സീറോ മലബാർ സമുദായത്തിന്റെ ശാക്തികരണം"എന്ന വിഷയം കർണാടകയിൽ, അതായത് നമ്മുടെ രൂപതയുടെ സവിശേഷമായ പശ്ചാത്തലത്തിൽ, നമ്മുടെ സമുദായത്തെ എങ്ങനെ ശക്തികരിക്കാൻ സാധിക്കും എന്ന് നാം ചർച്ച ചെയ്ത നീരുമാനിക്കണം. മൂന്ന് ജില്ലകളിലായി വ്യാപിച്ച് കിടക്കുന്ന നമ്മുടെ രൂപതയുടെ ചുറ്റുപാടുകൾ വ്യത്യസ്തമാണ്. അജപാലന സമിതി അംഗമെന്ന നിലയിൽ സജീവമായി ചർച്ച ചെയ്യാനും വിവേകപൂർണ്ണമായി തീരുമാനങ്ങൾ എടുക്കാനും എല്ലാവരും സഹകരിക്കണമെന്ന് അഭിവന്ദ്യ പിതാവ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അറിയിച്ചുകൊണ്ട് പിതാവ് രൂപതയുടെ 41-ാമത് അജപാലന സമിതി സമ്മേളനം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

**ബജഗോളി മേഖല**

വിശ്വാസികളുടെ അജപാലന ശുശ്രൂഷ കൂടുതൽ ഫലപ്രതമാക്കുന്നതിനായി വിവിധ കാനോനിക സമിതികളിൽ ആലോചിച്ചതിന്റെ വെളിച്ചത്തിൽ ബജഗോളി സെന്റ തോമസ് ഇടവക കേന്ദ്രമാക്കി പുതുതായി സ്ഥാപിച്ച് ബജഗോളി റീജനിലെ ഭാരവാഹികളെ സമിതി അംഗങ്ങൾക്ക് പരിചയപ്പെടുത്തി.

തുടർന്ന് നടന്ന Input Sessionൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി റവ. ഫാ തോമസ് പുല്ലാട്ട് , സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ ചർച്ച ചെയ്ത്, അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് പുറപ്പെടുവിച്ച **"നവീകരണത്തിലൂടെ ശാക്തീകരണം"** എന്ന അജപാലന പ്രബോധനത്തെയും സീറോ മലബാർ പബ്ലിക് അഫയേഴ്സ് കമ്മിഷൻ തയ്യാറാക്കിയ **"സീറോ മലബാർ സഭയുടെ സമുദായ സമുദ്ധാരണ കർമപദ്ധതി"** എന്ന രേഖകളേയും ആസ്പദമാക്കി സംസാരിച്ചു. അതിലെ പ്രധാനപ്പെട്ട മൂന്നു കാര്യങ്ങൾ:

1. സീറോ മലബാർ വിശ്വാസ പരിശീലന നവീകരണം
2. സുവിശേഷ വൽക്കരണത്തിനായുള്ള അൽമായ ശാക്തികരണം.
3. സീറോ മലബാർ സമുദായ ശാക്തികരണം

ക്രിസ്തുവിന്റെ ശരീരത്തെ അതിന്റെ പരിപൂർണ്ണതയിൽ എങ്ങനെ പടുത്തുയർത്താം എന്ന ലക്ഷ്യത്തോടെ തുടർന്ന നടക്കുന്ന ചർച്ചയെ

ഫലപ്രദമാക്കാനും ഉൾക്കാഴ്ച നൽക്കുവാൻ ഉതകുന്നതായിരുന്നു അച്ചന്റെ ക്ലാസ്.

അദ്യത്തെ രണ്ട് വിഷയങ്ങളും അതുമായി ബന്ധപ്പെട്ട സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കമ്മീഷനുകൾ നടപ്പിലാക്കാൻ തുടങ്ങിയതുകൊണ്ട് നമ്മുടെ പാസ്റ്ററൽ കൗൺസിലിന്റെ സെൻട്രൽ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം **"സീറോ മലബാർ സമുദായ ശാക്തീകരണം"** എന്ന വിഷയം ചർച്ച ചെയ്യാമെന്ന് തീരുമാനമായി.

തുടർന്ന് ചെറിയ ഇടവേളയ്ക്ക് ശേഷം സമിതിയെ ഏഴ് ഗ്രൂപ്പുകളായി തിരിച്ച് സീറോ മലബാർ സമുദായ ശാക്തികരണം എന്ന വിഷയത്തെ ആസ്പദമാക്കി ചോദ്യങ്ങൾ നൽകി. ക്രിയാത്മകമായ ചർച്ച നടത്തപ്പെട്ടു. ചോദ്യങ്ങളും ചർച്ചയിലൂടെ ഉരിത്തിരിഞ്ഞ ആശയങ്ങൾ ചുവടെ ചേർക്കുന്നു:

**ചോദ്യം I. ഒരു സമുദായം എന്ന നിലയിൽ സീറോ മലബാർ സഭാംഗങ്ങൾ നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളികൾ ഏവ? അവയെ എങ്ങനെ പരിഹരിക്കാം വ്യക്തമായ കാര്യപരിവാടി തയ്യാറാക്കുക.**

**സീറോ മലബാർ സഭാംഗങ്ങൽ നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളികൾ** :

1. നമ്മുടെ പാരമ്പര്യത്തെക്കുറിച്ച് അറിവില്ലായ്മ (Identity Crisis).
2. വിദ്യാഭ്യാസം വർദ്ധിക്കുന്നു വിശ്വാസം കുറയുന്നു.
3. വിശ്വാസ പരിശീലത്തിന് പ്രാധാന്യക്കുറവും ഭൗതിക വളർച്ചയ്ക്ക് കൂടുതൽ പ്രാധാന്യം കൽപ്പിക്കുന്നു.
4. ശക്തമായ രാഷ്ടീയ നേതൃത്വത്തിന്റെ കുറവ് (ഭരണരംഗത്ത് സഭാംഗങ്ങൾ കാര്യമായി ആരുമില്ല).
5. പരമ്പരാഗത ജോലികൾ മാത്രം. വെല്ലുവിളികൾ നേരിടുവാൻ കഴിയുന്നില്ല.
6. സഭാംഗങ്ങളിൽ കൂട്ടായ്മക്കുറവ്
7. ഗവൺമെന്റ് ആനുകൂല്യങ്ങളുടെ അറിവില്ലായ്മ, അത് നേടിയെടുക്കാനുലള താൽപര്യക്കുറവ്, ഗവൺമെന്റ് ജോലികളെ കുറിച്ചുള്ള അറിവില്ലായ്മ.
8. കുടുംബങ്ങളിൽ പ്രത്യേകിച്ച് യുവജനങ്ങളിൽ ആധ്യാത്മികതയുടെ കുറവ്, പ്രാർത്ഥനയുടെ കുറവ്.

9. ജനസംഖ്യാ കുറവ്, സാമ്പത്തിക പ്രശ്നം, കുടിയേറ്റം
10. ജീവിതത്തിൽ ലാഘവത്വം, സഭയോട് കൂർ കുറവ്.
11. സമുദായത്തിൽ ഐക്യത്തിന്റെയും, വിശ്വാസത്തിന്റെയും, മാതൃകാ ജീവിതത്തിന്റെയും കുറവ്.
12. വിവാഹം കഴിക്കാതെ നിൽക്കുന്ന യുവജനങ്ങൾ.
13. സഭാനേതൃത്വവും സഭാംഗങ്ങൾ തമ്മിലുള്ള കമ്മ്യൂണിക്കേഷൻ കുറവ്.
14. കാർഷിക മേഖലയിലെ തകർച്ച.

## പരിഹാര മാർഗ്ഗങ്ങൾ

1. മാതാപിതാക്കൾ കുട്ടികളെ വിശ്വാസത്തിൽ വളർത്തുവാൻ പരിശ്രമിക്കുക.
2. ക്രിസ്തീയ പാരമ്പര്യം പുനരുദ്ധരിക്കാനുള്ള പരിശ്രമം നടത്തുക.
3. സമുദായത്തിന്റെ അഭിപ്രായങ്ങളും ആവലാതികളും ശ്രവിക്കാനും പരിഹരിക്കാനും ശ്രമിക്കുക.
4. കാർഷിക മേഖലയിൽ പുതിയ കൃഷി രീതികളും വിപണന മേഖലകളും കണ്ടെത്തുവാൻ സഹായിക്കുക.
5. വിവാഹം കഴിക്കാതെ നിൽക്കുന്ന യുവജനങ്ങളെ കണ്ടെത്തി സഭയും സമൂഹവും കുടുംബജീവിതത്തിന്റെ മാഹാത്മ്യം മനസ്സിലാക്കി കൊടുത്ത വിവാഹത്തിന് പ്രോത്സാഹിപ്പിക്കുക.
6. സ്വയം തൊഴിൽ കണ്ടെത്താൻ പ്രോത്സാഹിപ്പിക്കുക.
7. മാനസിക സംഘർഷം അനുഭവിക്കുന്നവർക്ക് കൗൺസിലിംങ്ങിനുള്ള സൗകര്യം നൽകുക.
8. ഗവർൺമെന്റ സർവീസുകളിൽ കയറാനുള്ള ബോധവൽകരണം, ഗവർൺമെന്റ് ആനുകൂല്യങ്ങൾ, ജോലി സാധ്യതകൾ ഇവയെകുറിച്ച് അറിവ് പകരുക.
9. നമ്മുടെ സ്ഥാപനങ്ങളിലൂടെ പരസ്പര വളർച്ചയെ പ്രോത്സാഹിപ്പിക്കുക.
10. സഭാംഗങ്ങൾ തമ്മിൽ കൂടുതൽ ഊഷ്മളമായ ആത്മബന്ധം പുലർത്തുക, അത് വളർത്തുക.
11. സോഷ്യൽ മീഡിയ സമുദായ ശക്തീകരണത്തിനായി ഉപയോഗിക്കുക, സഭാംഗങ്ങളെ പഠിപ്പിക്കുക.

12. വൈകിയുള്ള വിവാഹങ്ങളെ നിരുത്സാഹപ്പെടുത്തുകയും കൂടുതൽ മക്കൾക്ക് ജന്മം നൽകാൻ പ്രോത്സാഹിപ്പിക്കുക.

13. Digital Fasting , കുടുംബാംഗങ്ങളോടൊപ്പം ആയിരിക്കാൻ സമയം കണ്ടെത്തുക.

**ചോദ്യം II .നമ്മുടെ സമുദായം നേരിടുന്ന പ്രധാനപ്പെട്ട ഒരു വേല്ലുവിളിയാണ് ജനസംഖ്യാ കുറവ്, ഇതിനുള്ള കാരണങ്ങൾ ഏവ? പരിഹാര മാർഗങ്ങൾ വിശദമായി നിർദ്ദേശിക്കുക.**

## വെല്ലുവിളികളുടെ കാരണങ്ങൾ

1. വൈകിയ വിവാഹങ്ങൾ, അവിവാഹിതരായ യുവജനങ്ങൾ
2. മിശ്രവിവാഹം, വിവാഹ മോചനം, ഗർഭഛിദ്രം.
3. വിവാഹത്തിനു ശേഷം സാമ്പത്തിക സുസ്ഥിതിക്ക് കൂടുതൽ പ്രാധാന്യം കൽപ്പിക്കുന്നു. മക്കൾ ഉണ്ടാകാൻ വൈകിക്കുന്നു.
4. വിവാഹ ജീവിതത്തോടുള്ള താല്പര്യക്കുറവ്.
5. കൂട്ടുകുടുംബ വ്യവസ്ഥ ഇല്ലാതായത്.
6. ജോലിത്തിരക്ക് കാരണം ദമ്പതികൾ രണ്ട് സ്ഥലത്തായിരിക്കുന്നത്.
7. കുട്ടികളെ വളർത്തുക എന്നത് വലിയ വെല്ലുവിളിയാകുന്നു.
8. വിദേശ കുടിയേറ്റവും വിദ്യാഭ്യാസവും

## പരിഹാരമാർഗ്ഗങ്ങൾ

1. കുടുംബ ജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നൽക്കുകയും, വിശുദ്ധ ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ മക്കൾക്കു ജന്മം നൽകേണ്ട കടമ പഠിപ്പിക്കുകയും ചെയ്യുക.
2. വിവാഹത്തെ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ മക്കൾക്ക് ജന്മം നൽകുകയും ചെയ്യുക.
3. വിധവകൾ, വിഭാര്യർ എന്നിവരുടെ പുനർ വിവാഹത്തെ പ്രോത്സാഹിപ്പിക്കുക.
4. കുടുംബ ജീവിതത്തെക്കുറിച്ച് ബോധവൽക്കരണം നൽകുക.
5. മക്കൾ കൂടുതലുള്ള കുടുംബങ്ങളിൽ സൗജന്യമായി ആരോഗ്യ സംരക്ഷണവും വിദ്യാഭ്യാസവും നൽകാൻ നടപടി സ്വീകരിക്കുക.

6. മക്കൾ കൂടുതലുള്ള കുടുംബങ്ങൾ സന്ദർശിക്കുകയും അവരുടെ സന്തോഷങ്ങളിൽ പങ്കുചേരുകയും ചെയ്യുക.

7. നമ്മുടെ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിലും ശമ്പളം കൊടുക്കുന്നതിലും ഉദാരമനസ്കരാകുക.

**ചോദ്യം III. സീറോ മലബാർ സമുദായ അംഗമെന്ന നിലയിൽ സ്വാഭിമാനബോധവും കൂട്ടായ്മയും വളർത്തി രാഷ്ടീയത്തിലും ഭരണ തലത്തിലും പങ്കാളിത്തം എങ്ങനെ സാധ്യമാക്കാം? പ്രായോഗിക മാർഗ്ഗങ്ങൽ നിർദ്ദേശിക്കുക.**

## പ്രായോഗിക മാർഗ്ഗങ്ങൽ

1. സഭാ ചരിത്രം, പാരമ്പര്യം, ജീവിതക്രമം എന്നി തലങ്ങളിൽ

വിശ്വാസികളെ കൂടുതലായി പഠിപ്പിക്കുക. അതിനായി സഭ, രൂപത, മേഖല എന്നീ തലങ്ങളിൽ വിദഗ്ധരുടെ സമിതികൾ (Teaching Team) എന്നിവ രൂപികരിക്കുക. സോഷ്യൽ മീഡിയ, Direct Encounter ലൂടെ നിരന്തരമായ അറിവുകൾ പകരുക.

2. സമുദായത്തിന്റെ വികസനത്തിനും, നീതിയുക്തമായ അവകാശങ്ങൾക്കും എതിര് നിൽക്കുന്ന ഏതു പ്രസ്ഥാനങ്ങളെയും കുറിച്ച് വിശ്വാസികൾക്ക് അറിവും ബോധ്യവും നൽകുക. അതിനായുള്ള നിരന്തര പരിശീലനവും സപ്പോർട്ടും അവർക്ക് നൽകുക.

3. ക്രിസ്തീയ മൂല്യങ്ങൾക്ക് അടിസ്ഥാന പരിഗണന നൽകാൻ കഴിവുള്ള അല്മായ നേതൃത്വത്തെ വളർത്തിയെടുക്കുക.

4. മാതൃകാപരമായ ജീവിതത്തിലൂടെ സ്വാധീനം ചൊലുത്തുക.

5. ഇലക്ഷനുകളിൽ മത്സരിക്കാനും ജയിക്കാനും പരിശ്രമിക്കുക.

6. സമുദായ സംഘടനകളിൽ രാഷ്രടീയ പാർട്ടികളുടെ നിലപാട് സ്വീകരിക്കാതിരിക്കുക.

7. സഭയുടെ കുറവുകളെ പൊതു സമൂഹ വേദികളിൽ വിമർശിക്കാതിരിക്കുക.

8. ഏതെങ്കിലും രാഷ്ടീയ പാർട്ടികളുടെ ചട്ടുകം ആകാതെ സമുദായ ശാക്തികരണത്തിനും സാമൂഹിക നന്മയ്ക്കും ഉതകുമെന്ന് വിശ്വസിക്കുന്ന നല്ലവരായ ജനപ്രതിനിധികളെ തിരഞ്ഞെടുക്കാനായി അണിചേരുക.

**ചോദ്യം IV. നമ്മുടെ വളർന്നുവരുന്ന തലമുറ അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾ/ വെല്ലുവിളികൾ ഏവ? പ്രായോഗിക പരിഹാര മാർഗങ്ങൽ നിർദ്ദേശിക്കുക.**

## വെല്ലുവിളികൾ

1. വിശ്വാസക്കുറവ്, ആത്മീയ കാര്യങ്ങളെക്കാളും ഭൗതിക കാര്യങ്ങൾക്ക് കൊടുക്കുന്ന പ്രാധാന്യം.
2. സഭയെക്കുറിച്ചും സഭാ പാരമ്പര്യത്തെക്കുറിച്ചും ഉള്ള ബോധ്യക്കുറവ്.
3. മയക്ക്മരുന്നിന്റെ ഉപയോഗം, മീഡിയയുടെ തെറ്റായ ഉപയോഗം
4. കുടുംബ ബന്ധങ്ങളേക്കാൾ സാമ്പത്തിക നേട്ടങ്ങൾക്ക് ഊന്നൽ കൊടുക്കുന്നു.
5. അന്യ മതസ്ഥരുമായുള്ള വിവാഹങ്ങൾ കൂടുന്നു.

## പരിഹാര മാർഗ്ഗങ്ങൽ

1. വിശ്വാസ പരിശീലനത്തിനും കുടുംബ ബന്ധങ്ങൾക്കും കൂടുതൽ പ്രാധാന്യം കൽപ്പിക്കുക.
2. സഭാ നേതൃത്വവും, മാതാപിതാക്കളും മക്കൾക്ക് മാതൃകയാകുക.
3. മയക്കുമരുന്ന്, മീഡിയ എന്നിവയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ക്ലാസുകളും സെമിനാരുകളും സംഘടിപ്പിക്കുക.
4. യുവജനങ്ങളെ ന്യൂജൻ അണെന്ന് കരുതി അകറ്റിനിർത്താതെ അവരെ മനസ്സിലാക്കി ചേർത്തു നിർത്തുക.

ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം, രൂപതാ പ്രോക്കുറേറ്റർ, ബഹു. അബ്രാഹം പട്ടേരിൽ അച്ചൻ വിയാനി സദന്റെ നിർമ്മാണത്തെക്കുറിച്ച് സമിതി അംഗങ്ങളെ അറിയിച്ചു. വൈദിക ഭവനത്തിന്റെ കൂദാശ കർമം വിശുദ്ധ ജോൺ മരിയ വിയാനി പുണ്യവാളന്റ തിരുനാൾ ദിനവും രൂപതാ സ്ഥാപന ദിനവുമായ 2025 ആഗസ്റ്റ് നാലിനു നടത്താമെന്ന് തീരുമാനിച്ചു

**പൊതു വിഷയ ചർച്ചാ വേളയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾ**

1. പാസ്റ്ററൽ കൗൺസിലുകളിൽ തീരുമാനിച്ച കാര്യങ്ങൾ രൂപതാ, ഫൊറോനാ, ഇടവകാ തലത്തിൽ പ്രവർത്തിക്കാനും വിലയിരുത്താനും അത് നടപ്പിലാക്കാൻവേണ്ട ക്രമീകരണങ്ങൾ ഉണ്ടാവണം.

2. ഇടവകാ, ഫൊറോനാ തലത്തിൽ നടക്കുന്ന കാര്യപരിപാടികളുടെ റിപ്പോർട്ട് മുൻകൂട്ടി രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്നും ക്രോഡീകരിച്ച റിപ്പോർട്ട് സമിതി അംഗങ്ങൾക്ക് മുൻകൂട്ടി ലഭ്യമാക്കത്തക്ക വിധത്തിൽ ക്രമീകരണങ്ങൾ നടത്തണമെന്നും ആവശ്യപ്പെട്ടു.

## ഉപസംഹാരം

"കർത്താവിന് നന്ദി പറയുവിൻ അവിടുന്ന് നല്ലവനാണ്, അവിടുത്തെ കാരുണ്യം അനന്തമാണ്" എന്ന സങ്കീർത്തകന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് അഭിവന്ദ്യ പിതാവ്, യോഗത്തിൽ ഉടനീളം ക്രിയാത്മകമായി പങ്കെടുത്ത അംഗങ്ങൽക്ക് അഭിനന്ദനങ്ങൾ അറിയിച്ചു. സമിതിയിൽ നാം ഒത്തിരി കാര്യങ്ങൾ ചർച്ച ചെയ്തു. നമ്മളാൽ കഴിയുന്നതെല്ലാം പ്രാവർത്തികമാക്കണം. ചില കാര്യങ്ങൾ ഉടനെ ചെയ്യാൻ സാധിച്ചില്ലന്ന് വരാം, എങ്കിലും നമ്മൾ പരിശ്രമിച്ചുകൊണ്ടിരിക്കണം. ഇന്നു നാം സ്വീകരിച്ച സന്ദേശം അത് തുടർന്നുകൊണ്ടിരിക്കണം. ഇന്നു നമ്മൾ ക്രോഡീകരിച്ച അഭിപ്രായങ്ങളും, കണ്ടെത്തലുകളും പരിഹാരമാർഗങ്ങളും ബന്ധപ്പെട്ട കമ്മീഷൻകളിലേക്ക് കൈമാറ്റപ്പെടണം. ഇന്നത്തെ നമ്മുടെ ചിന്താവിഷയം സീറോ മലബാർ സമുദായ ശാക്തീകരണമാണ്. അത് ഒരു ദിവസമോ മാസമോ കൊണ്ട് സാധിക്കാൻ പറ്റുന്നതല്ല. അത് ഒരു സുദീർഘ പ്രക്രിയയാണ്. അതിനാൽ നമ്മൾ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാൻവേണ്ടി പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കണം. നമ്മുടെ സമുദായം വളരണം. അതിനായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം എന്ന ആഹ്വാനത്തോടെ അഭിവന്ദ്യ പിതാവ് തന്റെ ഉപസംഹാര പ്രസംഗത്തിന് വിരാമമിട്ടു.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജേയ്സൻ പട്ടേരിൽ രുപതാ അധ്യക്ഷൻ അഭിവന്ദ്യ പിതാവിനും വികാർ ജനറൽ അച്ചനും സമ്മേളനത്തിൽ സന്നിഹിതരായിരുന്ന പ്രതിനിധികളെല്ലാവർക്കും നന്ദി അറിയിച്ചു.

തുടർന്ന് അഭിവന്ദ്യ പിതാവിന്റെ ആശീർവ്വാദ പ്രാർത്ഥനയോടെ 41-ാം മത് പാസ്റ്ററൽ കൗൺസിൽ സമ്മേളനം സമാപിച്ചു.

ബെൽത്തംഗഡി

07-06-2025

എന്ന് സെക്രട്ടറിമാരായ,

**ഫാ. ജോബി തോമസ് പുല്ലാട്ട്**
**ശ്രീമതി ജെസ്സി പുത്തൻപുര**
**ശ്രീ ജെയിസൺ പട്ടേരിൽ**

# സാൻ തോം ഗുരുമന്ദിര മൈനർ സെമിനാരി

## 1. പുതിയ പരിശീലന വർഷം

മൈനർ സെമിനാരി സാൻ തോം ഗുരുമന്ദിര -പുതിയ അദ്ധ്യയന വർഷം ജൂൺ മാസം 15-ാം തിയ്യതി ആരംഭിച്ചു. അഭിവന്ദ്യ മാർ ലോറൻസ് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സെമിനാരി വെഞ്ചിരിച്ച് ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ടിക്കുകയും, തുടർന്ന് നടന്ന ഉദ്ഘാടനാ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുകയും, ദീപം തെളിച്ച്, 2025-26 പരിശീലന വർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഈ അദ്ധ്യയന വർഷം സെമിനാരിയിലേക്ക് പുതുതായി വന്ന എല്ലാ സഹോദരങ്ങൾക്കും ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

## 2. മൈനർ ഓർഡേർസ്

2025 ഏപ്രിൽ മാസം 15-ാം തിയ്യതി രാവിലെ 07.30ന് സെന്റ് ലോറൻസ് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ ലോറൻസ് പിതാവിന്റെ കൈവയ്പ്പ് വഴി ഈ താഴെ പറയുന്നവർ ചെരു പട്ടങ്ങൾ സ്വീകരിച്ചു.

**ഡീക്കൻപട്ടം** :

Bro. Kuttickal Emmanuel
Bro. Puthettupadavil Kuriakose
Bro. Vadakemulanjanal Joseph

ഹെവുപ്പദ്യാക്ന പട്ടം :

Bro. Menacherry Sebastian

കാറോയ പട്ടം :

Bro. Kanjiravila Philip

വൈദിക വസ്ത്രം സ്വീകരിച്ചവർ:

Bro.Chennakattukunnel Emmanuel
Bro. Valookaran Paulose
Bro. Varangalakudy Paul
Bro. Vettuvazhy John

വിവിധ പട്ടങ്ങൾ സ്വീകരിച്ച എല്ലാ ബ്രദേർസിനും അഭിനന്ദനങ്ങൾ.

### 3. ഇൻറ്റെർവ്യൂ

പ്രസ്തുത പരിശീലന വർഷം സെമിനാരിയിലേക്ക് ചേരുവാൻ ദൈവ വിളി ക്യാംപിൽവച്ച് തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ തങ്ങളുടെ മാതാപിതാക്കളോടൊപ്പം മെയ് മാസം 8-ാം തിയ്യതി മൈനർ സെമിനാരി സാം തോം ഗുരുമന്ദിരത്തിൽ വച്ച് അഭിവന്ദ്യ മാർ ലോറൻസ് പിതാവ് ഇൻറ്റെർവ്യൂ ചെയ്തു. 6 കുട്ടികളെ ഈ വർഷം ബെൽത്തംഗഡി രൂപതയ്ക്കുവേണ്ടി തെരഞ്ഞെടുത്തു.

### 4. നന്ദിയുടെ നറുമലരുകൾ

മൈനർ സെമിനാരി സാം തോം ഗുരുമന്ദിരയുടെ വൈസ് റെക്ടർ ആയി രണ്ട് വർഷക്കാലം നിസ്തുല സേവനം ചെയ്ത് ഇപ്പോൾ കങ്കനാടി ഇടവകയുടെ അസി. വികാരിയായി സ്ഥലംമാറി പോയ ബഹു. ജോസഫ് വലിയപറമ്പിൽ അച്ചന് നന്ദിയുടെ നറുമലരുകൾ. ഒപ്പം പുതിയ പ്രവർത്തന രംഗത്ത് എല്ലാ വിജയങ്ങളും, നന്മകളും ആശംസിക്കുന്നു.

### 5. ഹാർദ്ദവമായ സ്വാഗതം

2025 മെയ് മാസം 18-ാം തിയ്യതി മുതൽ മൈനർ സെമിനാരി സാം തോം ഗുരുമന്ദിരത്തിൽ വൈസ് റെക്ടർ ആയി ചുമതലയേറ്റ ബഹു. വർഗ്ഗീസ് കൊലക്കുന്നേലച്ചന് ഹാർദ്ദവമായ സ്വാഗതം ആശംസിക്കുന്നതോടൊപ്പം എല്ലാ വിജയാശംസകളും നേരുന്നു.

### 5. MINOR SEMINARY BROTHERS : 2025-26

## 1st Year Brothers

| | | |
|---|---|---|
| 1. Bro. Churathil Georgin | - | Bhadravathi |
| 2. Bro. Koottarappallil Leo | - | Venoor |
| 3. Bro. Myalil Antony (Jerin) | - | Nellyady |
| 4. Bro. Pudumana Rapheal | - | Arla |
| 5. Bro. Vellappaniyil George (Abin) | - | Mudur |

## 2nd Year Brothers

| | | |
|---|---|---|
| 6. Bro. Chakkalakunnel Joseph | - | Kallepilly |
| 7. Bro. Cherumalayil Joseph | - | Bhadravathi |
| 8. Bro. Kadanchira Michael | - | Mudur |
| 9. Bro. Marottikudi Michael | - | Dharmasthala |
| 10. Bro.Mettayil Thomas | - | Dharmasthala |
| 11. Bro. Thanapurakal Antony | - | Jadkal |

### 3rd Year Brothers

12. Bro. Alappatt George (Jeswin) - Arala
13. Bro. Kakkattukudy George - Bhadravathi
14. Bro. Karikkakunel Joseph - Bhadravathi
15. Bro. Kavungumpally Mathew - Nelliady
16. Bro. Kottodam James - Shirady

## 8. MAJOR SEMINAY BROTHERS: 2025-26

### 1st Year Philosophy

17. Bro. Lanithottathil Varghese(Kankanady) - Aluva
18. Bro. Menacherry Rockey (Kanchal) - Kottayam
19. Bro. Pulickepadavil George (Kuthloor) - Kunnoth

### 2nd Year Philosophy

20. Bro. Menacherry Chacko (Kervashe) - Aluva

### 3rd Year Philosophy

21. Bro. Parekkattil Varghese (Kanchal) - Kottayam
22. Bro. Maniyala Philip (Udane) - Aluva

### Regency

23. Bro. Odampally Johnson (Dharmasthala)- Bishop's House
24. Bro. Panayolil Dominic (Shirlal) - Mudur

### 1st Year Theology

25. Bro. Chennakattukunnel Emmanuel - Kunnoth
26. Bro. Valookaran Paulose - Aluva
27. Bro. Varangalakudy Paul - Mangalore
28. Bro. Vettuvazhy John - Kottayam

### 2nd Year Theology

29. Bro. Kanjiravila Philip - Kunnoth

### 3rd Year Theology

30. Bro. Menacherry Sebastian - Kottayam

**4th Year Theology**

31. Dn. Kuttickal Emmanuel - Aluva
32. Dn. Puthettupadavil Kuriakose - Mangalore
33. Dn. Vadakkemulanjinal Joseph - Kottayam

**Fr. Joseph Kelamparambil**
Rector
San Thom Gurumandira, Puttur



# വിശ്വാസ പരിശീലന രംഗം

**"അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം." - യോഹ 11:16.**

## ദുക്റാന തിരുനാൾ

തോമാശ്ലീഹാ നമ്മുടെ വിശ്വാസത്തിന്റെ പിതാവാണ്. തന്റെ ഗുരുവിനോട് ഏറ്റുപറഞ്ഞ വാക്കുകൾ നിറവേറ്റാൻവേണ്ടി ഏറ്റവും ദൂരദേശമായ ഭാരതത്തിൽ എ.ഡി. 52 ൽ എത്തിയ പുണ്യപിതാവ് കേരളത്തിന്റെ തീരപ്രദേശങ്ങളിലും ഉൾപ്രദേശങ്ങളിലും നടന്നു ഇതിനെ പുണ്യഭൂമിയാക്കി. ഈശോയ്ക്ക് വേണ്ടി അനേകായിരങ്ങളെ നേടി തൻറെ ദൗത്യം നിറവേറ്റി. ഈ പുണ്യ താതന്റെ മാധ്യസ്ഥം ഇന്ന് സീറോ മലബാർ സഭയെ നയിക്കുന്നു. നമ്മുടെ രൂപതയുടെ മധ്യസ്ഥൻ കൂടിയാണ് മാർ ത്തോമാശ്ലീഹ. ആ പിതാവിന്റെ വിശ്വാസത്തിന്റെ ആഴവും ധൈര്യവും നമുക്ക് എന്നും മാതൃകയായ്ത്തീരട്ടെ. എല്ലാവർക്കും ദുക്റാന തിരുനാളിന്റെ ആശംസകൾ നേരുന്നു. എല്ലാ തോമസ് നാമധാരികൾക്കും തിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.

## ആമുഖ സെമിനാർ

ഈ വർഷം പുതിയതായി വിശ്വാസ പരിശീലനത്തിന് ചേർന്ന വർക്കും ഇതുവരെ ആമുഖ സെമിനാർ കൂടാത്തവർക്കുംവേണ്ടി ജൂൺ മാസം 22 ആം തീയതി ആമുഖ സെമിനാർ നടത്തപ്പെട്ടു. രാവിലെ 9.00 മണിക്ക് വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ചു. വൈകുന്നേരം 4.00 മണിക്ക് അവസാനിച്ചു.

27 പേർ ഇതിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് കരസ്ഥമാക്കി. ബഹുമാനപ്പെട്ട ജോസഫ് മറ്റത്തിൽ അച്ചനും വർഗീസ് കഴുതാടി സാറും ജോണി സാറും ക്ലാസുകൾ എടുത്തു.

## ഫൊറോന സെമിനാറുകൾ

1. Jadkal - July 20.
2. Belthangady - July 27.
3. Thottathady & Dharmasthala - Aug 3.
4. Udane & Kutruppady - Aug 10.
5. Kodagu - Aug 17.
6. Bajagoli Region - Aug 24

മണിപ്പാലിലെ കെ.എം.സി. ഹോസ്പിറ്റലിൽ സൈക്യാട്രി ഡിപ്പാർട്ട്മെന്റിൽ അസോസിയേറ്റ് പ്രൊഫസറായി ജോലി ചെയ്യുന്ന Dr. Soyuz John (MSW, M.Phil in Psychiatric Social Work, PhD) സാറാണ് സെമിനാർ നയിക്കുന്നത്. എല്ലാ വിശ്വാസ പരിശീലകരും ഇതിൽ പങ്കെടുത്ത് പ്രയോജനപ്പെടുത്തണമെന്ന് അറിയിക്കുന്നു.

## സ്കോളർഷിപ്പ് പരീക്ഷാ ഫലം 2024–25

**4th STD**

1st - Reetha Parekattil, Kanjalu

2nd - Ann Illickal, Guthigar

3rd - Jewel Maria Poovathumoottil, Gandibagilu

**7th STD**

1st - Rosna Patteril, Ujire

2nd - Catherin Nithin Pandhlipadan, Manipal

3rd - Elizabeth Thottupuram, Thottathady

**10th STD**

1st - Mary Valookkaran, Thottathady

2nd - Merin Marutholil, Guthigar

3rd - Chris Adappally, Kalenja

**12th STD**

1st - Elizabeth Kavalakkatt, Arla

2nd - Elizabeth Urumbil, Jadkal

3rd - Elizabeth Chammattakkuzhy, Gandibagilu

**നിങ്ങൾക്ക് അഭിനന്ദനങ്ങൾ !!!**

## പുസ്തകങ്ങളുടെ തുക അടയ്ക്കുക

പുസ്തകങ്ങൾ വാങ്ങിച്ചുകൊണ്ടുപോയവർ തരാൻ ബാക്കിയുള്ള തുക എത്രയും വേഗം താഴെ നൽകിയിരിക്കുന്ന അക്കൗണ്ടിലേക്ക് അയച്ചതിനു ശേഷം വിശ്വാസ പരിശീലന കേന്ദ്രത്തിൽ വിവരം അറിയിക്കുക.

Name : CATECHETICAL CENTRE,
A/C No. : 081305300001325
IFSC : SIBL0000813
Bank : SOUTH INDIAN BANK
Branch : Belthangady.

## വചന ഡയറി

2024–25 വർഷത്തിൽ കുട്ടികൾ എഴുതിയ വചനഡയറികളിൽ ഒരു ഇടവകയിൽ നിന്നും ഏറ്റവും നല്ല രണ്ടെണ്ണം വീതം (ജൂനിയർ (5 –8) – 2 , സീനിയർ (9–12) – 2 ) തെരഞ്ഞെടുത്ത് ജ്ഞാനനിലയത്തിൽ എത്തിക്കുക. **ഓഗസ്റ്റ് 15 നു മുമ്പായി** എത്തിക്കുന്ന വചനഡയറികൾ മാത്രമേ പരിഗണിക്കപ്പെടുകയുള്ളൂ.

## ബൈബിൾ പകർത്തി എഴുതിയത്

2024–25 വർഷത്തിൽ നിങ്ങൾ എഴുതിയ ലൂക്കാ സുവിശേഷത്തിന്റെ എഴുത്ത് പ്രതി ഒരു ഇടവകയിൽ നിന്നും ഏറ്റവും നല്ല രണ്ടെണ്ണം (ജൂനിയർ (5–8) – 2 , സീനിയർ (9–12) – 2 ) രൂപതാ കേന്ദ്രത്തിൽ എത്തിക്കുക. **ഓഗസ്റ്റ് 15 നു മുമ്പായി** എത്തിച്ച പ്രതികളെ മാത്രമേ പരിഗണിക്കുകയുള്ളൂ.

## മതാധ്യാപകർക്കുവേണ്ടിയുള്ള വെബിനാർ

സീറോമലബാർ വിശ്വാസപരിശീലന കമ്മീഷന്റെ നേതൃത്വത്തിൽ വിശ്വാസപരിശീലകർക്കായി നടത്താറുള്ള Webinar ഈ വർഷം **ജൂലൈ 23 മുതൽ ജൂലൈ 31 വരെ** (8.30pm-9.30pm) നടത്തപെടുന്നതായിരിക്കും. ഇതിൽ പങ്കെടുക്കാൻ എല്ലാ മതാധ്യാപകരെയും പ്രോത്സാഹിപ്പിക്കണമെന്ന് സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ സെക്രട്ടറി ഫാ. ജോഷി പാണംപറമ്പിൽ അഭ്യർഥിക്കുന്നു. Webinar സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ പിന്നാലെ അറിയിക്കുന്നതായിരിക്കും.

## മിഷൻ ക്വെസ്റ്റ്

ആഗോളതലത്തിൽ വിവിധ ഭാഷകളിലായി നടത്തപ്പെടുന്ന മിഷൻ ക്വെസ്റ്റ് എന്ന ഓൺലൈൻ ക്വിസ് മത്സരം അഞ്ചാം പതിപ്പ് ഈ വർഷം **നവംബർ 9 ന് ഇന്ത്യൻ സമയം വൈകുന്നേരം 6.00 മണിക്ക്** നടത്തപ്പെടുന്ന കാര്യം നിങ്ങൾ ഏവരെയും അറിയിക്കുന്നു. ആഗോള സീറോ മലബാർ സഭയുടെ ഐക്യവും അതോടൊപ്പം നമ്മുടെ

അറിവും വിശ്വാസവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യവുമായി നടത്തപ്പെടുന്ന ഈ സംരംഭത്തിൽ നിങ്ങൾ എല്ലാവരും പങ്കുചേരണമെന്ന് സീറോ മലബാർ സിനടൽ കമ്മീഷൻ ഫോർ മിഷൻ ആൻഡ് കാതെകേസിസ് സെക്രട്ടറിമാരായ ഫാ. ഫ്രാൻസിസ് എലുവത്തിങ്കൽ, ഫാ. ജോഷി പാണംപരംബിൽ എന്നിവർ അറിയിച്ചിരിക്കുന്നു.

NB: പഠിക്കേണ്ട സിലബസിന്റെ പിഡിഎഫ് ഫയൽ ഗ്രൂപ്പിൽ ശെയർ ചെയ്തിട്ടുണ്ട്. അതു കാണുക.

## എസ്.എസ്.എൽ.സി, പി.യു.സി. മാർക്ക് കാർഡ്

2024-25 അധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി. യിലും പി.യു.സി. യിലും 96 ശതമാനത്തിൽ കൂടുതൽ മാർക്ക് വാങ്ങിച്ച കുട്ടികളുടെ മാർക്ക് കാർഡ് വികാരി അച്ഛന്റെ ഒപ്പോടുകൂടി വിശ്വാസപരിശീലന കേന്ദ്രത്തിലേക്ക് ഓഗസ്റ്റ് 15 നുള്ളിൽ അയച്ചുതരേണ്ടതാണ്. മാർക്ക് കാർഡിന്റെ പിറകിൽ കുട്ടിയുടെ മാതാപിതാക്കളുടെ പേരും വീട്ടിപേരും ഫോൺ നംബറും എഴുതേണ്ടതാണ്.

## രേഖകൾ സമർപ്പിക്കുക

2025-26 അധ്യയന വർഷത്തിലെ എല്ലാ ഡോക്യുമെന്റ്സും തന്നിരിക്കുന്ന ഫോമുകളിൽ പൂരിപ്പിച്ച ജൂൺ 30 നുള്ളിലായി രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അറിയിച്ചിരുന്നു. ചിലർ ഇനിയും തരാൻ ബാക്കിയുണ്ട്. അവർ ഉടൻതന്നെ തരണമെന്ന് അറിയിക്കുന്നു.

# ചെറുപുഷ്പ മിഷൻ ലീഗ്

## ദുക്റാന തിരുനാൾ

വിശുദ്ധ തോമാശ്ലീഹാ നമ്മുടെ വിശ്വാസത്തിന്റെ പിതാവാണ്. ധീരതയോടെ ഭാരതത്തിൽ വന്ന് വിശ്വാസം പ്രഘോഷിച്ച ധീര പ്രേക്ഷിതൻ മിഷൻലീഗ് സംഘടനയുടെ ഉപമധ്യസ്ഥനും നമ്മുടെ രൂപതയുടെ മധ്യസ്ഥനും ആണ്. തോമാശ്ലീഹായോടുള്ള ഈ ബന്ധം നമുക്ക് വലിയ അനുഗ്രഹവും പ്രേഷിത പ്രവർത്തനം ചെയ്യുവാൻ പ്രചോദനവും ആകട്ടെ. ദുക്റാന തിരുനാൾ സമുചിതമായി ആഘോഷിക്കണമെന്ന് നിങ്ങളെ ഓർമിപ്പിക്കുന്നു. എല്ലാവർക്കും ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ നേരുന്നു. തോമസ് നാമധാരികൾക്ക് പ്രത്യേകമായി തിരുനാളിന്റെ മംഗളങ്ങൾ.

## വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ

മിഷൻ ലീഗ് സംഘടനയുടെ സഹമധ്യസ്ഥയും നമ്മുടെ പ്രിയപ്പെട്ട സഹോദരിയുമായ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ജൂലൈ 28 നാണ്. തിരുനാളിന്റെ മംഗളങ്ങൾ എല്ലാവർക്കും നേരുന്നു. സഹന ത്തിന്റെ ജീവിതം നയിച്ചുകൊണ്ട് എങ്ങനെ യേശുവിനെ സ്നേഹിച്ച് സ്വന്തമാക്കാൻ സാധിക്കും എന്ന് കാണിച്ചുതന്ന നമ്മുടെ പ്രിയപ്പെട്ട സഹോദരി വിശുദ്ധ അൽഫോൻസാമ്മയെ പോലെ നമുക്കും ജീവിതത്തിന്റെ ഏതു സാഹചര്യങ്ങളെയും സന്തോഷ ത്തോടെ നേരിട്ട് കർത്താവിന് പ്രിയപ്പെട്ടവരാകാൻ പരിശ്രമിക്കാം. അൽഫോൻസാ നാമധാരികൾക്കെല്ലാവർക്കും നാമഹേതുക തിരുനാളിന്റെ ആശംസകൾ നേരുന്നു.

## സി.എം.എൽ ചെയിൻ പ്രയർ

ഈശോയുടെ ജനനത്തിന്റെ ജൂബിലി പ്രമാണിച്ച് മിഷൻലീഗ് അഖണ്ഡ പ്രാർത്ഥനാ യജ്ഞം നടത്തുകയാണ്. ഇതിലൂടെ നമ്മൾ ലോകസമാധാനത്തിനു വേണ്ടി പ്രാർത്ഥിക്കുകയാണ്.

ജൂബിലിയുടെ കുരിശുയാത്ര നടന്നുകൊണ്ടിരിക്കു ന്നതുകൊണ്ട് കുരിശെത്തുന്ന ഇടവകയിലുള്ള മിഷൻലീഗ് കുട്ടികൾ ആ ഒരാഴ്ച എല്ലാ ദിവസവും എല്ലാ കുട്ടികളും ഒരു വിശ്വാസപ്രമാണം ചൊല്ലി കാഴ്ച വയ്ക്കണം. അതോടൊപ്പം ഇതിനകം കുരിശു യാത്ര കഴിഞ്ഞ ഇടവകയിലെ കുട്ടികളും കൂടണം. അങ്ങനെ ഡിസംബർ അവസാനംവരെ ഈ അഖണ്ഡ പ്രാർത്ഥന നടത്തി ലോക സമാധാനത്തിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. താഴെ കൊടുത്തിരിക്കുന്ന ലിസ്റ്റ് അനുസരിച്ച് പ്രാർത്ഥിക്കണം.

| കുരിശെത്തുന്ന ഇടവക | കുരിശുയാത്ര കഴിഞ്ഞ ഇടവക | തിയതി |
|---|---|---|
| Addahole | Belthangady | 06-13 July 2025 |
| Shirady | Maddody | 13-20 July 2025 |
| Udane | Kalmakki | 20-27 July 2025 |
| Nellyady | Ajri | 27-7-25 to 3-8-25 |
| Arla | Jadkal | 03-10 Aug 2025 |
| Ujire | Siddapura-Kunda | 10-17 Aug 2025 |

| | | |
|---|---|---|
| Dharmasthala | Hebri | 17-24 Aug 2025 |
| Bolmanar | Mudur | 24-31 Aug 2025 |
| Kalenja | Ajekar | 31-8 to 7-9-2025 |
| Battial | Manipal | 7-14 Sept 2025 |
| Kanjal | Katipalla | 14-21 Sept 2025 |
| Devagiri | Kankanady | 21-28 Sept 2025 |
| Gandibagilu | Puttur | 28-9 to 5-10-2025 |
| Thottathady | Heggala | 5-12 Oct 2025 |
| Mundaje | Murnadu | 12-19 Oct 2025 |
| Bangady | Gonikoppalu | 19-26 Oct 2025 |
| Navoor | Siddapura Kodagu | 26-10 to 2-11-2025 |
| Shirlal | Banavara | 2-9 Nov 2025 |
| Kuthlur | Hoskote | 9-16 Nov 2025 |
| Mantrady | Sampaje | 16-23 Nov 2025 |
| Kervashe | Sullia | 23-30 Nov 2025 |
| Mala-Chowki | Guthigar | 30-11 to 7-12-2025 |
| Bajagoli | Nettana | 7-14 Dec 2025 |
| Venur | Padavu | 14-21 Dec 2025 |
| Moorje | Kutrupady, Neeraje | 21-28 Dec 2025 |

**പ്രവർത്തനം**

Catechesis Belthangady എന്ന യൂട്യൂബ് ചാനൽ സന്ദർശിച്ച് വിശുദ്ധ അൽഫോൻസാമ്മയെ കുറിച്ച് പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കേട്ട് മനസ്സിലാക്കുക. അൽഫോൻസാമ്മയുടെ മാധ്യസ്ഥം അപേക്ഷിക്കുക

**വചനം**

"സത്യംസത്യമായി ഞാൻ നിങ്ങളോട് പറയുന്നു ഗോതമ്പ് മണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടി ഇരിക്കും; അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കും." യോഹ 12:24

### അനുസ്മരിക്കുന്ന തിരുനാൾ

വിശുദ്ധ തോമാശ്ലീഹാ - ജൂലൈ 3

### സുകൃതജപം

എന്റെ കർത്താവേ എന്റെ ദൈവമേ.

## തിരു ബാലസഖ്യം

തിരുപാലസഖ്യം കുട്ടികളുടെ പ്രവർത്തനങ്ങൾ നന്നായി നടക്കുന്നുണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു. ഈ ജുലൈ മാസം 3 ാം തിയതി വി. തോമാശ്ലീഹായുടെയും 28 ാം തിയതി വി. അൽഫോൻസാമ്മയുടെയും തിരുനാളുകളാണ്. ഈ വിശുദ്ധരുടെ മാധ്യസ്ഥം നമുക്ക് അപേക്ഷിക്കാം.

### പ്രവർത്തനം

വിശുദ്ധ അൽഫോൻസാമ്മയുടെ ഒരു ഫോട്ടോ സംഘടിപ്പിച്ച് അത് വീട്ടിൽ പഠിക്കാൻ ഇരിക്കുന്ന സ്ഥലത്ത് വച്ച് മാധ്യസ്ഥം അപേക്ഷിക്കുക.

### വചനം

"തോമസ് പറഞ്ഞു, എന്റെ കർത്താവേ, എന്റെ ദൈവമേ." യോഹന്നാൻ 20:28.

### അനുസ്മരിക്കുന്ന തിരുനാൾ

വിശുദ്ധ അൽഫോൻസാമ്മ - ജൂലൈ 28

### സുകൃതജപം

ഉണ്ണി ഈശോയേ, ഞാൻ നിന്നെ സ്നേഹിക്കുന്നു.

## ബൈബിൾ അപ്പസ്തോലേറ്റ്

### ബൈബിൾ വായന

ജൂലൈ മാസം ഒന്നാം തീയതി മുതൽ 31 ാം തീയതിവരെ എല്ലാദിവസവും വി. യോഹന്നാൻ അറിയിച്ച സുവിശേഷം വായിച്ചു തീർക്കുക.

ബൈബിൾ എഴുത്ത് നിങ്ങൾ തുടരുന്നുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു.

## വിശുദ്ധ യോഹന്നാൻ അറിയിച്ച സുവിശേഷം പഠിക്കാം

തുടർച്ച ...

**12:1–18:** യോഹന്നാന്റെ സുവിശേഷത്തിൽ ജറുസലേമിലേക്കുള്ള പ്രവേശനത്തിന്റെ തലേ ദിവസമാണ് ഈ സംഭവം നടക്കുന്നത്. ശിമയോന്റെ വീട്ടിൽവച്ചു നടന്ന തൈലം പൂശലിനോട് (ലൂക്കാ 7:36–50) സാമ്യമുണ്ടെങ്കിലും ഇത് ഒരു വേറിട്ട സംഭവമാണ്.

**12:3 – യേശുവിന്റെ പാദങ്ങളിൽ:** ഇവിടെ യേശുവിന്റെ പാദങ്ങൾ അഭിഷേകം ചെയ്യപ്പെടുന്നത് മരണത്തെ കുറിച്ചുള്ള പ്രവചനമായി കാണാം.

**12:5 – 300 ദനാറാ:** ഒരു ദിവസത്തെ വേതനം ഒരു ദനാറായാണെങ്കിൽ (മത്തായി 20:22), ഇത് ഏകദേശം ഒരു കൊല്ലത്തെ വരുമാനമാണ്.

**12:6 – ദരിദ്രരോട് ...:** യൂദാസിന് ദരിദ്രരോട് പരിഗണനയില്ല എന്ന് പറയുമ്പോൾ ആടുകളെ പറ്റി ചിന്തയില്ലാത്ത കൂലിക്കാരായ ഇടയന്മാരെ ഓർമ്മിപ്പിക്കുന്നു.

12:8 – ഇവിടെ യേശു ദരിദ്രരെ അവഗണിക്കുകയല്ല ചെയ്യുന്നത്. മറിച്ച് അവിടന്ന് കൂടെയുള്ള സമയം ഇനി കുറച്ചു മാത്രമേയുള്ളൂ എന്ന് ശിഷ്യരെ ഓർമ്മപ്പെടുത്തുകയാണ്.

**12:12 – തിരുനാളിന് വന്നു കൂടിയ:** പെസഹാ, പന്തക്കുസ്ത, കൂടാരത്തിരുനാൾ എന്നീ സുപ്രധാന തിരുനാളുകൾ ആഘോഷിക്കാൻ ഇസ്രായേൽ ജനവും (അപ്പ 2:5–11) ദൂരെ ദേശങ്ങളിൽനിന്നുള്ള വിജാതീയരും ജെറുസലേമിലേക്ക് വരുക പതിവായിരുന്നു.

**12:13 – ഈന്തപ്പനയോല:** കൂടാരത്തിരുനാൾ ദിവസങ്ങളിൽ ഇസ്രയേൽ ജനം ഈന്തപ്പനയോലകൾ വീശിയിരുന്നു. അതുപോലെതന്നെ വലിയ ജേതാക്കളെ വരവേൽക്കാനും (1 മക്കബായർ 13:51, 2 മക്കബായർ 10:7). **കർത്താവിന്റെ നാമത്തിൽ ...:** ഇസ്രായേൽ ജനം വലിയ തിരുനാളുകളിൽ പാടിയിരുന്ന ഹല്ലേൽ സങ്കീർത്തനങ്ങളുടെ (സങ്കീർത്തനം 113–118) കൂട്ടത്തിൽ പെട്ടതാണ് ഇത്. വിജയശ്രീലാളിതനായ രാജാവിനെ എതിരേൽക്കുന്നത് ചിത്രീകരിക്കുന്ന 118 ആം സങ്കീർത്തനം ഇവിടെ ഉദ്ധരിക്കുന്നത് വഴി യേശുവിനെ രാജാവായി അവതരിപ്പിക്കുന്നു.

**12:14 – കഴുതക്കുട്ടി:** സമാധാനത്തിന്റെ പ്രതീകമാണ് (സഖറിയ 9:9)

**12:15 – ഭയപ്പെടേണ്ട:** സഖരിയ 9:9 ലെ സന്തോഷിക്കുക എന്നത് ഭയപ്പെടേണ്ട എന്നാക്കിയിരിക്കുന്നു. ഈ വചനം ദൈവസാന്നിധ്യം (ഉത്പ 15:1) സൂചിപ്പിക്കുന്നു. യേശു വിജയശ്രീലാളിതനായ യോദ്ധാവല്ല; ദൈവത്തിന്റെ സാന്നിധ്യമാണെന്ന് ഈ പ്രയോഗം വ്യക്തമാക്കുന്നു.

**12:19 – ലോകം അവന്റെ പിന്നാലെ:** കയ്യാഫാസിന്റെ പ്രവചനം (11:50–52) പൂർത്തിയായി എന്ന സുവിശേഷകന്റെ പരിഹാസോക്തി കലർന്ന പ്രസ്താവനയാണിത്. എല്ലാവരും യേശുവിനെ അനുഗമിച്ചു എന്ന വിവരണം രക്ഷാകര കർമ്മത്തിന്റെ സാർവത്രികതയും ധ്വനിപ്പിക്കുന്നു (3:17, 4:42)

**12:23 – മണിക്കൂർ ആഗതമായിരിക്കുന്നു:** വളരെ പ്രതീക്ഷയോടെ കാത്തിരുന്ന യേശുവിന്റെ സമയം ആഗതമാകുന്നു (2:4, 4:23, 5:25, 7:30). യഹൂദരെയും വിജാതീതയും ഉൾക്കൊള്ളുന്ന സാരോത്രിക രക്ഷ സാധ്യമാകുന്നതിന്റെ മുന്നനുഭവം. കുരിശു മരണവും ഉയിർപ്പും സ്വർഗ്ഗാരോഹണവും ഉൾക്കൊള്ളുന്ന അവിടുത്തെ മഹത്വത്തിലൂടെ യാണ് ഇത് യാഥാർത്ഥ്യമാകുന്നത്.

**12:24 – ഗോതമ്പുമണി അഴിയുന്നില്ലെങ്കിൽ:** ഗ്രീക്കിലെ അപ്പോഥ്നെസ്കോ എന്ന പദത്തിന് മരിക്കുക, നശിക്കുക എന്നൊക്കെയാണ് അർത്ഥം. **അതേപടി ഇരിക്കും:** വാച്യാർത്ഥത്തിൽ ഒന്ന് തന്നെയായി നിലനിൽക്കും. ഇതിന്റെ മറുവശമാണ് ഏറെ ഫലങ്ങൾ പുറപ്പെടുവിക്കുന്നത്. യേശുവിലേക്ക് ഒരു വ്യക്തി കടന്നുവരുന്നത് അവിടുത്തെ മരണത്തിലൂടെ ആണെന്ന് ഇവിടെ വെളിപ്പെടുത്തി കൊടുക്കുന്നു.

12:28 – മൂന്നുകാലങ്ങളും ഉൾക്കൊള്ളുന്ന യേശുവിന്റെ വെളിപ്പെടുത്തൽ ഈ വാക്യത്തിലുണ്ട്. ഇപ്പോൾ മഹത്വപ്പെടുത്തണമേ, മഹത്വപ്പെടുത്തിയിരിക്കുന്നു, ഇനിയും മഹത്വപ്പെടുത്തും.

**12:29 – ഇടിമുഴക്കം:** ഇത് ദൈവസാന്നിധ്യത്തിന്റെ അടയാളമായി കരുതപ്പെടുന്നു (പുറപ്പാട് 4:23, സങ്കീർത്തനം 29:3–9). ജനക്കൂട്ടം ദൈവസാന്നിധ്യം തിരിച്ചറിയുന്നെങ്കിലും യേശുവിൽ ദൈവം സന്നിഹിതനാണെന്ന് തിരിച്ചറിയുന്നില്ല.

**12:31 – ലോകത്തിന്റെ അധികാരി:** യോഹന്നാന്റെ സുവിശേഷത്തിൽ മാത്രം കാണുന്ന മതപ്രയോഗം (14:30, 16:11). പിശാചിനെ സൂചിപ്പിക്കുന്ന സമാന പദങ്ങൾ മറ്റിടങ്ങളിൽ ഉണ്ട്. (മത്താ 4:8–9, 2 കോറി 4:4, എഫേ 2:, 6:12). യേശു കുരിശിലേറ്റപ്പെടുമ്പോൾ അവിടുന്ന് സാത്താനെ തോൽപ്പിക്കുന്നു. യേശുവിന്റെ സമയം തിന്മയുടെ ശക്തികളെ പരാജയപ്പെടുത്തുന്ന നിമിഷമാണ്.

**12:32 – ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ:** ഉയർത്തപ്പെടുന്നതിനെ കുറിച്ചുള്ള മൂന്നാമത്തെ പ്രവചനം (3:14, 8:28). യേശുവിന്റെ കുരിശു മരണത്തെ ഇത് സൂചിപ്പിക്കുന്നെങ്കിലും സ്വർഗ്ഗാരോഹണവുംകൂടി അർത്ഥമാക്കുന്നുണ്ട്. **എല്ലാ മനുഷ്യരെയും:** യേശുവിന്റെ സുവിശേഷം ലോകമാസകലം സ്വീകരിക്കപ്പെടുന്നതിനെ സൂചിപ്പിക്കുന്നു.

**12:36 – പ്രകാശത്തിന്റെ മക്കൾ:** വെളിച്ചമായ യേശുവിന്റെ അനുയായികൾ.

**12:38 – കർത്താവേ ഞങ്ങളുടെ സന്ദേശം ആരു വിശ്വസിച്ചു:** ഏശയ്യ 53 :1 ൽനിന്നുള്ള ഉദ്ധരണി.

**12:44 –50:** യേശു ഒരിക്കൽകൂടി എല്ലാവരെയും വിശ്വസിക്കാൻ ആഹ്വാനം ചെയ്യുന്നു. നിത്യജീവൻ യേശു ഏവർക്കും വാഗ്ദാനം ചെയ്യുന്നെങ്കിലും ഈ ജീവൻ ആരെങ്കിലും തിരസ്കരിച്ചാൽ അത് അവർക്ക് ശിക്ഷാവിധിക്ക് കാരണമാകും.

**13:2 – ഒറ്റിക്കൊടുക്കാൻ തോന്നിച്ചു:** പിശാച് തീരുമാനിച്ചു എന്നാണ് ഇവിടെ മനസ്സിലാക്കേണ്ടത്. ഈ പ്രസ്താവന യൂദാസിലേക്ക് എന്നതിനേക്കാൾ പിശാചിലേക്ക് വിരൽചൂണ്ടുന്നു.

**13:5 – പാദങ്ങൾ കഴുകാനും:** ശുചിത്വത്തിന്റെയോ അതിഥി സൽക്കാരത്തിന്റെയോ മതാചാരത്തിന്റെയോ ഒരു പ്രവർത്തിയാകാമെങ്കിലും ഇവിടെ ആതിഥ്യമര്യാദയുടെ പശ്ചാത്തലത്തിലുള്ള പ്രവർത്തിയാണ്. ആതിഥേയൻതന്നെയോ പരിചാരകനോ (ഉത്പ 18:4, 19:2) സാധാരണയായി ഭക്ഷണത്തിനു മുമ്പ് അതിഥിയുടെ കാലുകഴുകുന്നു. **തുടക്കാനും:** തുടക്കുക എന്ന പദം ഇവിടെ തൈലാഭിഷേകത്തെ ഓർമിപ്പിക്കുന്നു. ഇതും യേശുവിന്റെ മരണത്തിന്റെ സൂചനയാണ്.

**13:8 –** പങ്കില്ല എന്ന് പറയുമ്പോൾ നിത്യജീവനിൽ പങ്കില്ല എന്നാണ് മനസ്സിലാക്കേണ്ടത്.

**13:10 – കുളി കഴിഞ്ഞവന്റെ:** ജ്ഞാനസ്നാനത്തെ കുറിച്ചാണ് ഈ പരാമർശം എന്ന് ചിലർ പറയുന്നു (1 കോരിന്തോസ് 6:11, എഫേ 5:26, തിമോ 3:5, ഹെബ്രാ 10:22). കാലുകൾ മാത്രം കഴുകുന്നത് ജ്ഞാനസ്നാനം സ്വീകരിച്ചു കഴിഞ്ഞവരുടെ പാപങ്ങൾ ക്ഷമിക്കുന്നത് അർത്ഥമാക്കുന്നു. **നിങ്ങൾ ശുദ്ധിയുള്ളവരാണ്:** 15:3 ൽ യേശുവിന്റെ വചനം മൂലമാണ് ശുദ്ധിയുള്ളവരാകുന്നത്. യേശുവിന്റെ വചനം സ്വീകരിക്കുന്നതാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. ശുദ്ധിയുള്ളവർ അല്ല എന്നത് യേശുവിനെ തിരസ്കരിക്കുന്നതിന്റെ സൂചനയാണ്.

**13:15 – മാതൃക:** യേശുവിന്റെ പീഡാനുഭവ മരണങ്ങളിൽ പങ്കുചേരാനുള്ള ക്ഷണം തന്നെയാണ് മാതൃക നൽകിയിരിക്കുന്നു എന്നതിൽ പ്രകടമാകുന്നത്.

**13:26 –** അപ്പം ഒരേ വീഞ്ഞിൽനിന്നു മുക്കി ഭക്ഷിക്കുന്നത് സവിശേഷ സ്നേഹത്തിന്റെ അടയാളമായിരുന്നു (റൂത്ത് 2:14).

**13:27 – സാത്താൻ പ്രവേശിച്ചു:** യേശുവും യൂദാസും തമ്മിലല്ല, യേശുവും തിന്മയുടെ ശക്തിയായ സാത്താനും തമ്മിലാണ് സംഘർഷം. സമവീക്ഷണ സുവിശേഷങ്ങളിൽ ഈ പോരാട്ടം പിശാചിനെ ഒഴിപ്പിക്കുന്ന രംഗങ്ങളിലാണ് വിവരിച്ചിരിക്കുന്നത്.

**13:34 – പുതിയൊരു കൽപ്പന:** തോറ കൽപ്പിച്ചിരുന്നത് അയൽക്കാരോടും നമ്മോട് തന്നെയുമുള്ള മാനുഷികമായ സ്നേഹമായിരുന്നു (ലേവ്യ 19:18). യേശു കല്പ്പിക്കുന്ന ദൈവിക സ്നേഹമാകട്ടെ, നമ്മിൽനിന്നല്ല, മറിച്ച് ആത്മാവിൽനിന്ന് ഉത്ഭവിക്കുന്നതാണ് (റോമാ 5:5).

തുടരും ...

**Fr. Joseph Mattam**
Director
Apostolates of Bible and Catechesis

**A. Forane മാതൃവേദി Directors**

1. Kodagu : Fr Mani Veluthedathuparambil
2. Bajagoli (R) : Fr Thomas Parekattil
3. Belthangady : Fr Sebastian Chelackapally

**B. മാതൃവേദി senate മീറ്റിംഗ്:**

മെയ് മാസം പതിനൊന്നാം തീയതി കോയമ്പത്തൂരിൽ വച്ച് മാതൃവേദി ഗ്ലോബൽ senate മീറ്റിംഗ് നടത്തപ്പെട്ടു. പ്രസ്തുത മീറ്റിംഗിൽ ബെൽത്തങ്ങടി രൂപതയിലെ സെനറ്റ് മെമ്പേഴ്സ് ആയ ശ്രീമതി ഷൈജയും ശ്രീമതി ബീനയും പങ്കെടുത്തു.

C. ഇടവക, ഫോറോനാ തല തിരഞ്ഞെ ടുപ്പുകൾ:

മാതൃവേദി 2025 - 27 വർഷത്തിലേക്കുള്ള ഇടവക , ഫെറോന തലത്തിലുള്ള തിരഞ്ഞെടുപ്പുകൾ ചില ഇടവകകളിൽ നടത്തപ്പെട്ടു. തെരഞ്ഞെടുക്കപ്പെട്ട ഇടവക, ഫൊറോന ടീമുകൾക്ക് അഭിനന്ദനങ്ങൾ അറിയിക്കുന്നു. തിരഞ്ഞെടുപ്പുകൾ നടത്താത്ത ഇടവകകളും ഫൊറോനകളും ജൂലൈ മാസാവസാനത്തോടുകൂടി ഇലക്ഷൻസ് നടത്തണമെന്ന് ഓർമിപ്പിക്കുന്നു.

# YOUTH APOSTOLATE

**A. Forane Youth Directors**

| | | |
|---|---|---|
| 1. | Jadkal | : Fr Joseph Kezhakkethazhe |
| 2. | Mangalore | : Fr Joseph Valiaparambil (Jr.) |
| 3. | Bajagoli (R) | : Fr Devasia Paikatt |
| 4. | Thottathady | : Fr Mathew Manappattu |
| 5. | Dharmastala | : Fr Sebastain Poovathingal |
| 6. | Udane | : Fr Cyril Cheriapilly |
| 7. | Kuttrapady | : Fr Abin Vazhuthanapillil MST |
| 8. | Kodagu | : Fr Joseph Puthussery |
| 9. | Belthangady | : Fr Mathew Thazhekattil |

**B. KRYC Meeting @ Karwar**

On June 1, the KRYC Counselling Meeting was held in the Karwar diocese, bringing together various commissions and organizations under the KRYC umbrella. Approximately sixty members from across Karnataka participated, including bishops, priests, sisters, and youth leaders. Four representatives from our diocese attended the meeting. The main agenda items included presenting reports and discussing upcoming programs, with a key focus on the Karnataka State Regional Convention scheduled for October in Karwar.

**Rev. Fr. Thomas Pullattu**
Diretor
Apostolates of Family & Youth

# ಸಮಾಜ ಸೇವಾ ವಿಭಾಗ

**ನವಜೀವನ ಹೆಚ್.ಐ.ವಿ/ಏಡ್ಸ್ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ಕಾರ್ಯಕ್ರಮ:**

ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ (ರಿ) ಬೆಳ್ತಂಗಡಿ ಸಂಸ್ಥೆಯು ಹೆಚ್.ಐ.ವಿ ಸೋಂಕಿತ ಮತ್ತು ಬಾಧಿತರಿಗೋಸ್ಕರ ಆರೈಕೆ ಮತ್ತು ಬೆಂಬಲ ನೀಡುವ ಕಾರ್ಯಕ್ರಮವನ್ನು ನಡೆಸುತ್ತಿದೆ.

ದಿನಾಂಕ 21.06.2025 ರಂದು ನವಜೀವನ ಆರೈಕೆ ಹಾಗೂ ಬೆಂಬಲ ಕೇಂದ್ರದ ಮಾಸಿಕ ಬೆಂಬಲ ಸಭೆ ಬೆಳ್ತಂಗಡಿ ಸಾಂತೋಮ್ ಟವರ್‌ನಲ್ಲಿ ನಡೆಯಿತು. ಮುಖ್ಯ ಅತಿಥಿಯಾಗಿ ಉಜಿರೆ ಜಮೀಯ್ಯತುಲ್ ಫಾಲಾಹ್‌ನ ಮಾಜಿ ಅಧ್ಯಕ್ಷರಾದ ಶ್ರೀ. ಉಮ್ಮರ್ ಕುಂಞಿ ನಾಡ್ಜೆ ಆಗಮಿಸಿ ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭಹಾರೈಸಿದರು. ವಂ. ಫಾ. ಬಿನೋಯಿ ಎ.ಜೆ.ರವರು ಪ್ರಾಸ್ತಾವಿಕವಾಗಿ ಮಾತನಾಡಿದರು. ಅರ್ಥಿಗಳಿಗೆ ಪೌಷ್ಟಿಕ ಆಹಾರದ ಕಿಟ್ ವಿತರಿಸಲಾಯಿತು. ಈ ತಿಂಗಳಿನಲ್ಲಿ ಒಟ್ಟು ರೂ. 1,000/– ಈ ಯೋಜನೆಗೆ ಸಂಗ್ರಹವಾಗಿದೆ.

**ಸಮೃದ್ಧಿ ಯೋಜನೆ:**

ಕ್ರಾಸ್ ಸಂಸ್ಥೆ ಬೆಂಗಳೂರು ನೇತೃತ್ವದಲ್ಲಿ ಈ ಯೋಜನೆಯನ್ನು ಅನುಷ್ಠಾನಗೊಳಿಸಲಾಗುತ್ತಿದ್ದು ಸ್ವ–ಸಹಾಯ ಸಂಘದ ಮಹಿಳೆಯರಿಗೆ ಆದಾಯೋತ್ಪನ್ನ ಚಟುವಟಿಕೆಗಳನ್ನು ಆರಂಭಿಸಲು ಈ ಯೋಜನೆಯ ಮೂಲಕ ಸಾಲವನ್ನು ನೀಡಲಾಗುತ್ತದೆ.

ದಿನಾಂಕ 12.06.2025 ರಂದು ಬದ್ರಿಯ ಸ್ವ–ಸಂಘಕ್ಕೆ ಸಮೃದ್ಧಿ ಯೋಜನೆಯಿಂದ ಕಿರು ಉದ್ದಿಮೆ ಸಾಲ ಪಡೆದ ಫಲಾನುಭವಿಗಳ ಮನೆಯನ್ನು ಯೋಜನಾ ಸಂಯೋಜಕಿ ಕು. ಶ್ರೇಯಾರವರು ಭೇಟಿ ನೀಡಿದರು.

ದಿನಾಂಕ 13.06.2025 ರಂದು ನೆಟ್ಟಣ ಸಮೃದ್ಧಿ ಸ್ವ–ಸಹಾಯ ಸಂಘದ ಒಟ್ಟು 7 ಮಂದಿ ಸದಸ್ಯರಿಗೆ ರೂ. 2,45,000/– ರೂ ಕಿರು ಉದ್ದಿಮೆ ಸಾಲ ನೀಡಲಾಯಿತು.

ಸಾಲ ಪಡೆದುಕೊಂಡ ಸದಸ್ಯರು ಅದನ್ನು ಕ್ರಮಬದ್ಧವಾಗಿ ಮರುಪಾವತಿ ಮಾಡುತ್ತಿದ್ದಾರೆ. ಪ್ರಸ್ತುತ ರೂ. 11,92,922/– ಹೊರಬಾಕಿ ಸಾಲ ಇದೆ.

**ಮಹಿಳಾ ಸಬಲೀಕರಣ ಯೋಜನೆ:**

ಮಿಸೆರಿಯೋರ್ ಪ್ರಾಯೋಜಿತ ಮಹಿಳಾ ಸಶಕ್ತತಾ ಕಾರ್ಯಕ್ರಮವು ಕ್ರಾಸ್ ಸಂಸ್ಥೆಯ ನೇತೃತ್ವದಲ್ಲಿ ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ಮೂಲಕ ಬೆಳ್ತಂಗಡಿ ಮತ್ತು ಕಡಬ ತಾಲೂಕುಗಳ ಆಯ್ದ 30 ಗ್ರಾಮಗಳಲ್ಲಿ ವ್ಯಾಪಿಸಿದೆ. ಒಟ್ಟು 109 ಮಹಿಳಾ ಸ್ವ–ಸಹಾಯ ಸಂಘಗಳು, 8 ಮಹಾಸಂಘಗಳು ಮತ್ತು 2 ನೋಂದಾಯಿತ ಒಕ್ಕೂಟಗಳು ಹಾಗೂ 1 ಜಿಲ್ಲಾ ಒಕ್ಕೂಟ ಇವೆ. ಒಟ್ಟು 1,156 ಮಂದಿ ಸದಸ್ಯರು ಸ್ವ–ಸಹಾಯ ಸಂಘಗಳ ಸದಸ್ಯತ್ವ ಪಡೆದಿದ್ದಾರೆ.

ದಿನಾಂಕ 05.06.2025 ರಂದು ದೇವಗಿರಿಯಲ್ಲಿ ಗಂಡಿಬಾಗಿಲು ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಸಂವಹನ ಮತ್ತು ಪರಿಣಾಮಕಾರಿ ಆಲಿಸುವಿಕೆಯ ಬಗ್ಗೆ ಸಂಯೋಜಕಿ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ.

ದಿನಾಂಕ 07.06.2025 ರಂದು ತೋಟತ್ತಾಡಿ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಅಭಿವೃದ್ಧಿ ಪ್ರೇರಿತ ವಿಧಾನದ ಬಗ್ಗೆ ಸಂಯೋಜಕಿ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ.

ದಿನಾಂಕ 10.06.2025 ರಂದು ಕಳೆಂಜದ ಸದಸ್ಯರಿಗೆ ಸಂಘರ್ಷ ನಿರ್ವಹಣೆ ಬಗ್ಗೆ ಮಾನಿನಿ ರಾಜ್ಯ ಒಕ್ಕೂಟದ ಅಧ್ಯಕ್ಷೆ ಶ್ರೀಮತಿ ಮಂಜುಳಾ ಜೋನ್ ತರಬೇತಿ ನೀಡಿದ್ದಾರೆ. ಒಟ್ಟು 30 ಮಂದಿ ಸದಸ್ಯರು ಭಾಗವಹಿಸಿದ್ದರು.

ದಿನಾಂಕ 13.06.2025 ರಂದು ಕುಟ್ರುಪ್ಪಾಡಿ ಮಹಾಸಂಘದ ಸದಸ್ಯರಿಗೆ ಉಚಿತ ಕಾನೂನು ಸೇವೆಗಳ ಬಗ್ಗೆ  ಸಂಯೋಜಕಿ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊರವರು ತರಬೇತಿ ನೀಡಿದ್ದಾರೆ.

ದಿನಾಂಕ 16.06.2025 ಹಾಗೂ 19.06.2025 ರಂದು ಬೆಳ್ತಂಗಡಿ ಸಂಜಯನಗರ ಸಂಘದಿಂದ ಹಾಗೂ ಕಳೆಂಜ ಚೈತನ್ಯ ಸಂಘದಿಂದ ವಿಶ್ವ ಪರಿಸರ ದಿನಾಚರಣೆ ಆಚರಿಸಲಾಯಿತು.

ದಿನಾಂಕ 19.06.2025 ರಂದು ನೆಲ್ಯಾಡಿ ಅಮೂಲ್ಯ ಮಹಾಸಂಘದ ಮಾಸಿಕ ಸಭೆ ಹಾಗೂ ಪರಿಸರ ದಿನಾಚರಣೆ ಕಾರ್ಯಕ್ರಮವನ್ನು ಸಂತ ಅಲ್ಫೋನ್ಸ ಸಭಾಂಗಣದಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ಅತಿಥಿಗಳಾಗಿ ನೆಲ್ಯಾಡಿ ಸಂತ ಅಲ್ಫೊನ್ಸಾ ಚರ್ಚಿನ ಸಹಾಯಕ ಧರ್ಮಗುರುಗಳಾದ ಫಾ। ಅಲೆಕ್ಸ್‌ರವರು ಪರಿಸರವನ್ನು ಉಳಿಸಿಕೊಳ್ಳಲು ತಗೆದುಕೊಳ್ಳಬೇಕಾದ ಕ್ರಮಗಳ ಬಗ್ಗೆ ತಿಳಿಸಿ ಕಾರ್ಯಕ್ರಮಕ್ಕೆ ಶುಭ ಹಾರೈಸಿದರು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ। ಪಾ। ಬಿನೋಯಿ ಎ.ಜೆ ನಾಯಕತ್ವದ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಿದರು. ಚರ್ಚ್ ವಠಾರದಲ್ಲಿ ಹಣ್ಣಿನ ಗಿಡ ನೆಡುವ ಮೂಲಕ ಪರಿಸರ ದಿನಾಚರಣೆಯನ್ನು ಆಚರಿಸಲಾಯಿತು.

ದಿನಾಂಕ 20.06.2025 ರಂದು ಬೆಳ್ತಂಗಡಿ  ಸ್ನೇಹ ಜ್ಯೋತಿ ಮಹಿಳಾ ತಾಲೂಕು ಒಕ್ಕೂಟ (ರಿ.) ಇದರ ಆಡಳಿತ ಮಂಡಳಿಯ ಸಭೆ, ಆರೋಗ್ಯ ಇಲಾಖೆ ಭೇಟಿ ಹಾಗೂ ಪರಿಸರ ದಿನಾಚರಣೆ ಕಾರ್ಯಕ್ರಮವನ್ನು ಬೆಳ್ತಂಗಡಿಯಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್. ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ। ಪಾ। ಬಿನೋಯಿ ಎ.ಜೆ ಇಲಾಖಾ ಭೇಟಿ ಮೂಲಕ ಜಾಲಬಂಧ ಬೆಳೆಸುವ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಿದರು. ಬೆಳ್ತಂಗಡಿ ತಾಲೂಕು ಆರೋಗ್ಯ ಅಧಿಕರಿ ಡಾ। ಸಂಜಾತ್‌ರವರು ಆರೋಗ್ಯ ಇಲಾಖೆಯಲ್ಲಿನ ಸೌಲಭ್ಯಗಳ ಬಗ್ಗೆ ಮಾಹಿತಿ ನೀಡಿದರು. ತಾಲೂಕು ಆಸ್ಪತ್ರೆಯ ವಠಾರದಲ್ಲಿ ಹಣ್ಣಿನ ಗಿಡ ನೆಡುವ ಮೂಲಕ ಪರಿಸರ ದಿನಾಚರಣಯನ್ನು ಆಚರಿಸಲಾಯಿತು. ತಾಲೂಕು ಕ್ಷೇತ್ರ ಆರೋಗ್ಯ ಶಿಕ್ಷಣಾಧಿಕಾರಿ ಶ್ರೀಮತಿ ಅಮ್ಮಿ, ಸಂಯೋಜಕಿ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊ, ಕಾರ್ಯಕರ್ತರಾದ ಮಾರ್ಕ್

ಡಿಸೋಜಾ, ತಾಲೂಕು ಒಕ್ಕೂಟದ ಪದಾಧಿಕಾರಿಗಳು ಮತ್ತು ಕಾರ್ಯಕಾರಿ ಸಮಿತಿ ಸದಸ್ಯರು ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 24.06.2025 ರಂದು ಕುಟ್ರುಪ್ಪಾಡಿ ಜೀವಜ್ಯೋತಿ ಮಹಾಸಂಘದ ನೇತೃತ್ವದಲ್ಲಿ ಪರಿಸರ ದಿನಾಚರಣೆ ಕಾರ್ಯಕ್ರಮವನ್ನು ಕುಟ್ರುಪ್ಪಾಡಿ ಚರ್ಚ್ ಆವರಣದಲ್ಲಿ ಆಯೋಜಿಸಲಾಗಿತ್ತು. ಡಿ.ಕೆ.ಆರ್.ಡಿ.ಎಸ್ ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ। ಪಾ। ಬಿನೋಯಿ ಎ.ಜೆ., ಕುಟ್ರುಪ್ಪಾಡಿ ಚರ್ಚಿನ ಸಹಾಯಕ ಧರ್ಮಗುರುಗಳಾದ ವಂ। ಫಾ। ಎಬಿನ್, ಕುಟ್ರುಪಾಡಿ ಜೀವಜ್ಯೋತಿ ಮಹಾಸಂಘದ ಅಧ್ಯಕ್ಷರಾದ ಶ್ರೀಮತಿ ವಲ್ಸಮ್ಮ ಎ.ಜೆ, ಸಂಯೋಜಕಿ ಶ್ರೀಮತಿ ಸಿಸಿಲ್ಯಾ ತಾವ್ರೊ, ಕಾರ್ಯಕರ್ತರಾದ ಸುಶೀಲಾ ಕೆ.ಜಿ ಹಾಗೂ ಪದಾಧಿಕಾರಿಗಳು ಉಪಸ್ಥಿತರಿದ್ದರು. ಚರ್ಚ್ ವಠಾರದಲ್ಲಿ ಹಣ್ಣಿನ ಗಿಡ ನೆಡುವ ಮೂಲಕ ಪರಿಸರ ದಿನಾಚರಣೆಯನ್ನು ಆಚರಿಸಲಾಯಿತು.

**ಸ್ಪರ್ಶ ಕಾರ್ಯಕ್ರಮ:**

ದಿನಾಂಕ 1.6.2025 ರಂದು ಬೀಸಿಪಾರೆಯಲ್ಲಿ ಕ್ಯಾನ್ಸರ್ ರೋಗದ ಬಗ್ಗೆ ಕಾರ್ಯಕರ್ತೆ ಶ್ರೀಮತಿ ಪುಷ್ಪಲತಾರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 12 ಮಂದಿ ಉಪಸ್ಥಿತರಿದ್ದರು.

ದಿನಾಂಕ 21.6.2025 ರಂದು ಬೆಳ್ತಂಗಡಿ ಸಾಂತೋಮ್ ಟವರ್‌ನಲ್ಲಿ ಕ್ಯಾನ್ಸರ್ ರೋಗ ಹಾಗೂ ಆರೋಗ್ಯಕರ ಆಹಾರ ಕ್ರಮದ ಬಗ್ಗೆ ಸಂಯೋಜಕರಾದ ಶ್ರೀ. ಸುನಿಲ್ ಗೊನ್ಸಾಲ್ವಿಸ್‌ರವರು ಮಾಹಿತಿ ನೀಡಿದರು. ಒಟ್ಟು 28 ಮಂದಿ ಉಪಸ್ಥಿತರಿದ್ದರು.

**ವಿದ್ಯಾನಿಧಿ ಯೋಜನೆ:**

ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯದ ರಜತ ಮಹೋತ್ಸವದ ಸವಿನೆನಪಿಗಾಗಿ, ವೃತ್ತಿಪರ ಶಿಕ್ಷಣವನ್ನು ಬಯಸುವ ಬಡ ವಿದ್ಯಾರ್ಥಿಗಳಿಗೆ ಆರ್ಥಿಕ ಬೆಂಬಲ ಒದಗಿಸುವುದಕ್ಕಾಗಿ ವಿದ್ಯಾನಿಧಿ ಎಂಬ ಯೋಜನೆಯನ್ನು ಪ್ರಾರಂಭಿಸಲಾಗಿದ್ದು, ಇದುವರೆಗೆ ಒಟ್ಟು 255 ಮಂದಿ ಆರ್ಥಿಕ ಸಹಾಯವನ್ನು ನೀಡಿದ್ದಾರೆ. ಈ ತಿಂಗಳಲ್ಲಿ ಒಟ್ಟು ರೂ. 26,700/– ರೂ. ಧನಸಹಾಯ ಲಭಿಸಿರುತ್ತದೆ. ಈಗಾಗಲೇ ಧರ್ಮಪ್ರಾಂತ್ಯದ ಎಲ್ಲಾ ಧರ್ಮಗುರುಗಳಿಗೆ ಹಾಗೂ ವಾಟ್ಸಾಪ್ ಗುಂಪುಗಳಲ್ಲಿ ಅರ್ಜಿ ನಮೂನೆ ವಿತರಿಸಲಾಗಿದ್ದು, ಅಗತ್ಯವಿರುವ ಅರ್ಹ ಅಭ್ಯರ್ಥಿಗಳು ಸಂಸ್ಥೆಯ 8277652250 ದೂರವಾಣಿ ಸಂಖ್ಯೆಗೆ ಕರೆ ಮಾಡಿ ಅರ್ಜಿ ನಮೂನೆಯನ್ನು ಪಡೆಯಬಹುದು.

2025–2026 ನೇ ಸಾಲಿನಲ್ಲಿ ಸ್ಕಾಲರ್‌ಶಿಪ್ ಪಡೆಯಲು ಅರ್ಜಿಗಳನ್ನು ಆಹ್ವಾನಿಸಲಾಗಿದ್ದು ಅದರ ಅರ್ಹತೆಯನ್ನು ಈ ಕೆಳಕಂಡಂತೆ ವಿವರಿಸಲಾಗಿದೆ.

- ಅಭ್ಯರ್ಥಿಯು ಬೆಳ್ತಂಗಡಿ ಧರ್ಮಪ್ರಾಂತ್ಯಕ್ಕೆ ಸೇರಿದವರಾಗಿರಬೇಕು.
- ಪ್ರಥಮ ವರ್ಷದ ಜಿಎನ್‌ಎಮ್, ಬಿಎಸ್‌ಸಿ ನರ್ಸಿಂಗ್, ಐಟಿಐ, ಪಾಲಿಟೆಕ್ನಿಕ್ ಮತ್ತು ಪ್ಯಾರಾಮೆಡಿಕಲ್ ಕೋರ್ಸಿನ ವಿದ್ಯಾರ್ಥಿಗಳು ಮಾತ್ರ ಅರ್ಜಿ ಸಲ್ಲಿಸಬಹುದು.

♦ **ಸ್ಕಾಲರ್‌ಶಿಪ್ ವಿವರಗಳು :**

| | | | |
|---|---|---|---|
| • ಜಿಎನ್‌ಎಮ್ | ರೂ.15,000/– | 3 ವರ್ಷಗಳು | ರೂ. 45,000/– |
| • ಬಿಎಸ್ಸಿ ನರ್ಸಿಂಗ್ | ರೂ.25,000/– | 4 ವರ್ಷಗಳು | ರೂ. 1,00,000/– |
| • ಪಾಲಿಟೆಕ್ನಿಕ್ | ರೂ. 10,000/– | 3 ವರ್ಷಗಳು | ರೂ. 30,000/– |
| • ಪ್ಯಾರಮೆಡಿಕಲ್ | ರೂ.15,000/– | 2 ವರ್ಷಗಳು | ರೂ. 30,000/– |
| • ಐಟಿಐ | ರೂ.10,000/– | 2 ವರ್ಷಗಳು | ರೂ. 20,000/– |

♦ **ಅಭ್ಯರ್ಥಿಗಳು ಗಮನಿಸಬೇಕಾದ ಅಂಶಗಳು :–**

• ಫಲಾನುಭವಿಗಳ ಸಂಖ್ಯೆಯನ್ನು ಹಣದ ಲಭ್ಯತೆಯ ಆಧಾರದ ಮೇಲೆ ತೀರ್ಮಾನಿಸಲಾಗುವುದು.

• ಆಯ್ಕೆಯಾದ ವಿದ್ಯಾರ್ಥಿಗಳಿಗೆ ತಿಳಿಸಲಾಗುವುದು ಮತ್ತು ಅವರು ಅಗತ್ಯದ ದಾಖಲೆಗಳನ್ನು ಸಂಸ್ಥೆಗೆ ಸಲ್ಲಿಸಬೇಕು.

• ಕಾರ್ಯಕ್ಷಮತೆಯ ಆಧಾರದ ಮೇಲೆ ವಾರ್ಷಿಕ ಬೆಂಬಲ ಮುಂದುವರಿಯುತ್ತದೆ.

• ತಡವಾಗಿ ಬಂದ ಅರ್ಜಿಗಳನ್ನು ಸ್ವೀಕರಿಸಲಾಗುವುದಿಲ್ಲ.

• ಅರ್ಜಿ ನಮೂನೆಯಲ್ಲಿರುವ ಸೂಚನೆಗಳ ಪ್ರಕಾರ ಅರ್ಜಿ ಸಲ್ಲಿಸಬೇಕು.

ಭರ್ತಿ ಮಾಡಿದ ಅರ್ಜಿಗಳನ್ನು ಆಯಾ ಧರ್ಮಕೇಂದ್ರದ ಧರ್ಮಗುರುಗಳ ಶಿಫಾರಸ್ಸು ಪತ್ರದೊಂದಿಗೆ ರೆಜಿಸ್ಟರ್ಡ್ ಪೋಸ್ಟ್ ಅಥವಾ dkrdsvidyanidhi@gmail.com ಈ–ಮೈಲ್ ಐಡಿಗೆ ಕಳುಹಿಸಬಹುದು.

**ಅರ್ಜಿ ಸಲ್ಲಿಸಲು ಕೊನೆಯ ದಿನಾಂಕ : 31 ಅಕ್ಟೋಬರ್ 2025.**

**ಇತರ ಕಾರ್ಯಕ್ರಮ:**

ದಿನಾಂಕ 21.06.2025 ರಂದು ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ. ಪಾ. ಬಿನೋಯಿ ಎ.ಜೆ. ಮುಂಡಾಜೆ ಧರ್ಮಕೇದ್ರದ ವೆರೋನಿಕಾ ಸ್ಕಾಲರ್‌ಶಿಪ್ ಯೋಜನೆಯಲ್ಲಿರುವ ಫಲಾನುಭವಿಗಳ ಜೊತೆ ಸಂವಾದ ನಡೆಸಿ, ಈ ಯೋಜನೆಯನ್ನು ಇನ್ನೂ ಉತ್ತಮಪಡಿಸಲು ಸಲಹೆ ಸೂಚನೆಗಳನ್ನು ನೀಡಲಾಗಿದೆ.

ದಿನಾಂಕ 23.06.2025 ರಂದು ಸಂಸ್ಥೆಯ ನಿರ್ದೇಶಕರಾದ ವಂ. ಪಾ. ಬಿನೋಯಿ ಎ.ಜೆ. ಹಾಗೂ ಸಂಯೋಜಕರಾದ ಶ್ರೀ ಸುನಿಲ್ ಗೊನ್ಸಾಲ್ವಿಸ್‌ರವರು ಸುಳ್ಯ ತಾಲೂಕಿನ 8 ಸ್ವ–ಸಹಾಯ ಸಂಘಗಳ ಬೇಟಿ ಮಾಡಿ ಸಂಘಗಳ ಬಲವರ್ಧನೆಗೆ ಸೂಕ್ತ ಸಲಹೆ ಸೂಚನೆಗಳನ್ನು ನೀಡಿರುತ್ತಾರೆ.

**Fr. Varkey Malikayil**
Director, Social Service Department

## ബെൽത്തംഗഡി രൂപതയിലെ അജപാലന പ്രവർത്തനങ്ങളുടെ 2024 ജൂലൈ മാസം 17 മുതൽ 2025 ജൂൺ മാസം 07 വരെയുള്ള നാൾവഴി

### ആമുഖം

ബെൽത്തംഗഡി രൂപതയുടെ ചരിത്രത്തിൽ അതീവ പ്രാധാന്യമുള്ളതും ഏവരും ഹൃദയത്തിൽ സൂക്ഷിക്കേണ്ടതുമായ വർഷമാണ് 26 വർഷങ്ങൾ. 26 വർഷം പിന്നിട്ട നമ്മുടെ രൂപതയുടെ 2024 - 2025 വർഷങ്ങളിലെ അജപാലന പ്രവർത്തനങ്ങളെ സംക്ഷിപ്തമായി അവതരിപ്പിക്കുന്നു.

### ♦ പുതിയ മാർപാപ്പ : ലിയോ പതിനാലാമൻ മാർപ്പാപ

പരിശുദ്ധ കത്തോലിക്കാ തിരുസഭയുടെ 267-ാം മത്തെ ഇടയനായി 08-05-2025 നു തെരഞ്ഞെടുക്കപ്പെട്ട പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ മാർപാപ്പയ്ക്ക് ബൽത്തംഗഡി രൂപതാ കുടുംബത്തിന്റെ പ്രർത്ഥനാശംസകൾ നേരുന്നു.

### ♦ ഇടവകകൾ, വൈദികർ, സന്ന്യസ്തർ

നമ്മുടെ രൂപതയിൽ 8 ഫൊറോനകളും 1 റീജിയനിലുമായി 55 ഇടവകകളും 11 Mass Centers മാണുള്ളത്. നിലവിൽ 4780 കുടുംബങ്ങളും 30,000 കത്തോലിക്കാ അംഗങ്ങളും നമ്മുടെ രൂപതയ്ക്കുണ്ട്. ഏകദേശം 10,000 ത്തോളം ജനങ്ങൾ നമ്മുടെ രൂപതാ അതിർത്തിക്കുള്ളിൽ പഠനം, ഉദ്യോഗം, പരിശീലനം, വ്യവസായം, കൃഷി, കച്ചവടം എന്നീ മേഖലകളിൽ കഴിയുന്നു. അവർക്കും ആത്മീയ ശുശ്രൂഷ ലഭിക്കുവാൻ രൂപത ശ്രദ്ധ ചെലുത്തുന്നു.

56 രൂപതാ വൈദികരും 5 സന്ന്യാസ വൈദികരും രൂപതയിൽ അജപാലന മേഖലയിൽ ശുശ്രൂഷകൾ ചെയ്തുവരുന്നു. ഇവരോടൊപ്പം 6 സന്യാസ സഭകളിൽപ്പെട്ട 10 സന്യാസ ഭവനങ്ങളിലായി 26 സന്യാസ വൈദികരുടെയും, 11 സന്യാസിനി സഭകളിൽപ്പെട്ട 38 സന്ന്യാസ ഭവനങ്ങളിലായി 186 സന്ന്യാസിനി സഹോദരിമാരുടെയും ശുശ്രൂഷ രൂപതയിൽ ലഭിച്ചുകൊണ്ടിരിക്കുന്നു. വിവിധ കമ്മിഷനുകളിലൂടെ, ആദ്ധ്യാത്മീക, സാമൂഹിക, വിദ്യാഭ്യാസ, ആതുര ശുശ്രൂഷ രംഗത്ത് സവിശേഷ

ശുശ്രൂഷകൾ ചെയ്യുവാൻ നമുക്ക് കഴിയുന്നുണ്ട് എന്നുള്ളത് അഭിനന്ദനാർഹമാണ്.

♦ **പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സിന് സ്വീകരണം**

എം. എസ് എം. ഐ പ്രൊവിഷ്യൽ സുപ്പിരിയർ റവ. സി. സോജ ജോൺ എം.എസ്എം.ഐ, എഫ്.സി.സി പ്രൊവിഷ്യൽ സുപ്പീരിയർ റവ. സി. അഞ്ചലി, ഓ.സി.ഡി. തിരുവനന്തപുരം പ്രോവിൻസ് പ്രൊവിഷ്യൽ സുപ്പീരിയർ പെരിയ ബഹു. പീറ്റർ ചക്കിയാത്ത് , കപ്പൂച്ചിൻ സന്യാസ സമുഹത്തിന്റെ കണ്ണൂർ പാവനത്മ പ്രോവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ സുപ്പീരീയർ പെരിയ ബഹു. വിനോദ് മങ്ങാട്ടിൽ, എസ്. എ. ബി. എസ് പ്രൊവിഷ്യൽ സുപ്പീരിയർ റവ. സി. അനില എസ്. എ. ബി. എസ്, എസ്. ഡി. പ്രൊവിഷ്യൽ സുപ്പീരിയർ റവ. സി. ദീപ്തി ജോസ് എസ്. ഡി. എന്നിവർക്ക് ബിഷപ്പ്സ് ഹൗസിൽവച്ച് സ്വീകരണം നൽകി.

♦ **രാഷ്ട്രീയ നേതാക്കൾക്ക് സ്വീകരണം**

കർണ്ണാടക സർക്കാറിന്റെ പുതിയ എം. എൽ.സി ശ്രി. ഐവാൻ ഡി സുസയ്ക്ക് ബിഷപ്പ്സ് ഹൗസിൽവച്ച് സ്വീകരണം കൊടുത്തു.

♦ **ഫൊറോന വികാരിമാരുടെ ഇടവക സന്ദർശനം**

എല്ലാ ബഹു. ഫൊറോന വികാരിമാരും തങ്ങൾക്കു നിശ്ചയിച്ച ഫൊറോന ഇടവകകൾ സന്ദർശിച്ചു.

♦ **നന്ദിയുടെ നറുമലരുകൾ**

വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നു, രൂപതയിൽ സേവനത്തിനായി കടന്ന് വന്ന്, സ്തുത്യർഹമായ സേവനത്തിനുശേഷം, തിരിച്ചു പോകുന്ന വൈദികരേയും, സിസ്റ്റേഴ്സിനേയും നന്ദിയോടെ സ്മരിക്കുന്നു.

എള്ളുക്കൊച്ചി ഇടവകയിൽ 2 വർഷക്കാലം വികാരിയായി സ്തുത്യർഹമായി ശുശ്രൂഷ ചെയ്ത തലശ്ശേരി അതിരൂപതാംഗമായ ബഹു. വർഗ്ഗീസ് ചെറിയംപ്പുറത്ത് അച്ചനേയും, ഉദനെ, അറസിനമക്കി ഇടവകയിൽ 6 മാസക്കാലം അസിസ്തേന്തിയായി സ്തുത്യർഹമായി ശുശ്രൂഷ ചെയ്ത കണ്ണൂർ പാവനാത്മ കപ്പൂച്ചിൻ പ്രോവിൻസ് സഭാംഗമായ ബഹു. തോമസ് കച്ചോലക്കാലായിൽ അച്ചനേയും രൂപത നന്ദിയോടെ സ്മരിക്കുന്നു. ബിഷപ്സ് ഹൗസിൽ മൂന്ന് വർഷ ക്കാലം

ഹൗസ്മാനേജർ ആയി സേവനം ചെയ്തിരുന്ന ബഹു. സി. ലിൻസാ എഫ്.സി.സി.ക്കും, രൂപതാ പ്രൊക്യുറേറ്റർ ഓഫിസിൽ 2 വർഷക്കാലം സേവനംചെയ്ത ബഹു. സിസ്റ്റർ ജോസ്ലിൻ എസ്.എ. ബി. എസ്. നും, രുപതയുടെ അജപാലന കേന്ദ്രത്തിൽ (ജ്ഞാനനിലയ) ഒരു വർഷക്കാലം ഹൗസ്മാനേജർ ആയി സേവനം ചെയ്തിരുന്ന ബഹു. സിസ്റ്റർ എൽസി ആന്റണി സി.എം.സി.ക്കും നന്ദിയും പ്രാർത്ഥനാ മംഗളങ്ങളും പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ വിജയങ്ങളും നേരുന്നു.

### ♦ സ്വാഗതം

എള്ളുക്കൊച്ചി ഇടവകയിൽ അജപാലന ശുശ്രൂഷയ്ക്കായ് എത്തിയിരിക്കുന്ന തലശ്ശേരി അതിരൂപതാംഗമായ ബഹു. ജോസഫ് പന്തലാടിക്കലച്ചനേയും, നെല്യാഡി, ആർള, ഇചിലംപാടി ഇടവകകളിൽ അജപാലന ശുശ്രൂഷയ്ക്കായ് എത്തിയിരിക്കുന്ന കണ്ണൂർ പാവനാത്മ കപ്പൂച്ചിൻ പ്രോവിൻസ് സഭാംഗമായ ബഹു. അലക്സ് മുതുപ്ലാക്കൽ അച്ചനേയും, ബംഗാഡി മരിയാംബിക സ്കൂളിന്റെ ഹെഡ്മാസ്റ്ററായി ശുശ്രൂഷയ്ക്കായ് എത്തിയിരിക്കുന്ന സി.എം.എഫ്. ബേംഗളൂരു പ്രോവിൻസ് സഭാംഗവും, കൂട്ട്രൂപ്പാടി ഇടവകാംഗവുമായ ബഹു. മാത്യു തേരുവൻമൂല അച്ചനേയും രൂപതയിലേയ്ക്ക് സ്വാഗതം ചെയ്യുകയും, പുതിയ സേവന രംഗങ്ങളിൽ ദൈവാനുഗ്രഹവും വിജയങ്ങളും നേരുകയും ചെയ്യുന്നു.

ബിഷപ്സ് ഹൗസിൽ പുതിയതായി ഹൗസ്മാനേജർ ആയി സേവനത്തിനായി കടന്നുവന്നിരിക്കുന്ന ബഹു. സി. ശാലിനി എം. എസ്. എം. ഐ. ക്കും, രൂപതാ പ്രൊക്യുറേറ്റർ ഓഫിസിലേയ്ക്ക് പുതിയതായി സേവനത്തിനായ് കടന്നു വന്നിരിക്കുന്ന ബഹു. സി. സിസ്റ്റർ ലില്ലി തെരേസ് എസ്.എ.ബി.എസ്. നും, രൂപതയുടെ വിശ്വാസപരിശീലനത്തിന്റെയും ചെറുപുഷ്പമിഷൻലീഗിന്റെയും കേന്ദ്ര കാര്യാലയത്തിൽ (ജ്ഞാനനിലയ) സേവനത്തിനായ് കടന്നു വന്നിരിക്കുന്ന ബഹു. സിസ്റ്റർ പാവന എഫ്.സി. സി. ക്കും, സ്വാഗതം ആശംസിക്കുന്നതോടൊപ്പം പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ വിജയങ്ങളും നേരുന്നു!

♦ **അനുമോദനങ്ങൾ**

ബേംഗളുരു മോൺഫോർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും സൈക്കോളജി കൗൺസിലിംഗിൽ ഉപരി പഠനം പൂർത്തിയാക്കിയ ബഹു. ജോസഫ് ചീരനച്ചനും, കോവിഡ് 19 കാലത്ത് ചെയ്ത പ്രവർത്തനത്തെ വിലമതിച്ചുകൊണ്ട് Humanitarian Excellence Award ന് അർഹനായ ബഹുമാനപ്പെട്ട ആദർഷ് പുതിയേടത്തച്ചനും, Msc. Botanyയിൽ Gold Medal കരസ്ഥമാക്കിയ Rev. Sr. Vivins Sweedal SABS, (SABS Thalassery Province, ഗോണിക്കോപ്പ ഇടവക)നും, Msc. Counselling & Spirituality യിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ Rev. Sr. Roslin SH, (SH Mary Matha Region Belthangady,ദേവഗിരി ഇടവക)നും രൂപതാ കുടുംബത്തിന്റെ ആഭിനന്ദനങ്ങൾ.

♦ **സെമിനാരി വാർത്തകൾ**

2025- 2026 വർഷങ്ങളിലേക്ക് ആകെ 30 പേരിൽ 13 പേർ പുത്തൂർ മൈനർ സെമിനാരിയിലും 15 പേർ ആലുവ, കോട്ടയം, കുന്നോത്ത്, മംഗളുരൂ, എന്നീ മേജർ സെമിനാരികളിലും, തത്വശാസ്ത്ര ദൈവശാസ്ത്ര പഠനത്തിലും 2 പേർ റീജൻസിയും ചെയ്യുന്നു. 2 വൈദികർ മൈനർ സെമിനാരിയിൽ പരിശീലനം നൽകുന്നു.

♦ **പാസ്റ്ററൽ കൗൺസിൽ**

2024 ജൂലൈ 17 നു അഭി. പിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന പാസ്റ്ററൽ കൗൺസിൽ യോഗം രൂപതയിലെ അജപാലന പ്രവർത്തനങ്ങളെ വിലയിരുത്തുകയും തുടർന്നുള്ള രൂപതയുടെ ഭാവി അജപാലന പ്രവർത്തനങ്ങളെ ക്കുറിച്ച് സമഗ്രമായ ചർച്ച നടത്തുകയും ഉചിതമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് പുതിയ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

♦ **ഇന്റർ കമ്മീഷൻ മീറ്റിംഗ്**

2024 ജൂലൈ 19നും, 2024 ഡിസംബർ 04നും, 2025 ഫെബ്രുവരി 24നും രൂപതയിൽ പ്രവർത്തിക്കുന്ന, വിവിധ കമ്മീഷനുകളുടെ ഉത്തരവാദിത്വം വഹിക്കുന്ന ബഹുമാനപ്പെട്ട വൈദികർ അഭി. പിതാവിന്റെ അദ്ധ്യക്ഷതയിൽ ഒരുമിച്ചുകൂടി രൂപതയുടെ അജപാലന കാര്യപരിപാടികൾ വിലയിരുത്തി ഭാവികാര്യങ്ങൾ പ്ലാൻ ചെയ്തു.

◆ കൈക്കാരന്മാരുടെ സമ്മേളനം :

2024 ജൂലൈ 23-ാം തിയ്യതി രൂപതയിലെ എല്ലാ കൈക്കാരൻമാരുടെയും പരിശീലന പരിപാടി ജ്ഞാനനിലയത്തിൽ വച്ച് നടത്തുകയുണ്ടായി. തലശ്ശരി അതിരൂപതയുടെ വായാട്ടുപറമ്പ് ഫൊറോന വികാരി റവ. ഡോ. തോമസ് തെങ്ങുംപള്ളി അച്ചനാണ് ക്ലാസുകൾ നയിച്ചത്.

◆ വൈദികരുടെ റിഫ്രെഷർ കോഴ്സ്

രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന മുഴുവൻ വൈദികർക്കുമായി 2024 ജുലൈ 30, 31 തിയ്യതികളിൽ വൈദികരുടെ റിഫ്രെഷർ കോഴ്സ് ജ്ഞാനനിലയത്തിൽ വച്ച് നടത്തപ്പെട്ടു. കെ. ആർ. സി. ബി. സി. യുടെ ബി. ഈ. സി. കമ്മിഷൻ സെക്രട്ടറിയായ ബഹു. ഫാ. മാക്സിം അച്ചനും ടീം അംഗങ്ങളുമാണ് കോഴ്സുകൾ നയിച്ചത്.

◆ വൈദികരുടെ സമ്മേളനം

രൂപതയിൽ സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട വൈദികരുടെ സമ്മേളനം 2024 ഓഗസ്റ്റ 1 , 2024 സെപ്റ്റംബർ 20, 2024 നവംബർ 25, 26, 2025 ഏപ്രിൽ 8, 9 എന്നി ദിവസങ്ങളിൽ നടത്തപ്പെട്ടു.

◆ ജൂബിലി സ്മരണിക പ്രകാശനം

ബെൽത്തംഗഡി രൂപതയുടെ രജത ജൂബിലി വർഷത്തിന്റെ ഭാഗമായി രചിച്ച Grace എന്ന സ്മരണിക 2024 ആഗസ്റ്റ് 1 നു പ്രകാശനം ചെയ്തു.

◆ രൂപത രജത ജൂബിലി സമാപനം

രുപതാ രജത ജൂബിലി സമാപനത്തൊടനുബന്ധിച്ച് 2024 ഓഗസ്റ്റ 3-ാം തിയതി രാവിലെ 8 മണി മുതൽ 4-ാം തിയതി രാവിലെ 9 മണി വരെ കത്തീഡ്രൽ പള്ളിയിൽ വച്ച് 25 മണിക്കുർ പരിശുദ്ധ കുർബാനയുടെ ആരാധന നടന്നു. ഈ 25 മണിക്കുർ ആരാധനയിൽനമ്മുടെ രുപതയുടെ എല്ലാ ഇടവകകളിൽ നിന്നും ഒരു മണിക്കുർ ആരാധനയിൽ പങ്കെടുത്തു. 2024 ഓഗസ്റ്റ 4 നു ഞായറാഴ്ച്ച രാവിലെ 09.00 ന് വിശുദ്ധ കുർബാനക്ക് നമ്മുടെ രുപതാദ്ധ്യക്ഷൻ മാർ ലോറൻസ് മുക്കുഴി പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിച്ച് വിശുദ്ധ ബലിയിൽ, രൂപതാ കോന്ദ്രത്തിലെ വൈദികരും രുപതയിലെ സന്യാസ വൈദികരുടെ പ്രതിനിധികളും സഹകാർമ്മികരായിരുന്നു. വിശുദ്ധ ബലിയുടെ സമാപനത്തിൽ ജൂബിലി തിരി അണച്ചുകൊണ്ട് രുപതാ രജത ജൂബിലിക്ക് സമാപനം കുറിച്ചു.

♦ **സീറോ മലബാർ സിനഡ്**

2024 ആഗസ്റ്റ് 19 മുതൽ 31 വരെയും, 2025 ജനുവരി 06– 11 വരെയും കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന സീറോ മലബാർ സിനഡിൽ അഭി. പിതാവ് പങ്കെടുത്തു.

♦ **മേജർ ആർക്കി–എപ്പിസ്കോപ്പൽ അസംബ്ലി 2024**

പാലായിലെ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ 2024 ഓഗസ്റ്റ് 22 മുതൽ 25 വരെ നടന്ന സീറോമലബാർ സഭയുടെ 5–ാ മത് മേജർ ആർക്കി–എപ്പിസ്കോപ്പൽ അസംബ്ലിയിൽ നമ്മുടെ രൂപതയിൽനിന്നും അഭി. പിതാവ്, പെരിയബഹു. വികാരി ജനറാൾ, ബഹു. മാത്യു വെട്ടംതടത്തിൽ, അഡ്വ. സേവ്യർ പാലേലി, ശ്രീ ആൽബിൻ കൊച്ചുപുരയ്ക്കൽ, ശ്രീ ജെയ്സൻ പട്ടേരിയിൽ, ശ്രീമതി മേഴ്സി കാടശ്ശേരി എന്നിവർ പങ്കെടുത്തു.

♦ **ജൂണിയർ വൈദികരുടെ സമ്മേളനം :**

രൂപതയിലെ ജൂണിയർ വൈദികരുടെ സമ്മേളനം 2024 ആഗസ്റ്റ് 13–14 തീയ്യതികളിൽ ജ്ഞാനനിലയത്തിൽ വച്ച് അഭി. പിതാവിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു.

♦ **ജൂബിലി ഭവന നിർമ്മാണ പദ്ധതി**

ബെൽത്തംഗഡി രൂപതയുടെ രജത ജൂബിലി വർഷത്തിന്റെ ഭാഗമായി രൂപതയിൽ 25 ഭവനമെങ്കിലും നിർമ്മിക്കുക എന്ന പദ്ധതിയുടെ ഭാഗമായി 2024–2025 വർഷങ്ങളിൽ ബോൾമിനാർ കളഞ്ച, നെല്ല്യാടി ഇടവകകളിൽ പുതിയ ഭവനം നിർമ്മിക്കുകയും, 08.09.2024, 30.09.2024 10.5.2025 ദിവസങ്ങളിൽ വെഞ്ചിരിക്കുകയും ചെയ്തു.

♦ **കെ. ആർ. സി. ബി.സി. : എക്യുമെനിക്കൽ, ഐ.ആർ.ഡി. കമ്മീഷൻ**

ബംഗളൂരു വിൽ 2024 സെപ്റ്റംബർ 10 – 12, 2025 ഫെബ്രുവരി 11 – 12 തീയതികളിൽ നടന്ന എക്യുമെനിക്കൽ, ഐ.ആർ.ഡി. യോഗങ്ങളിൽ മീറ്റിംഗുകളിൽ അഭി. പിതാവ് സംബന്ധിച്ചു.

♦ **കെ. ആർ. എസ്. സി. മീറ്റിംഗ് (KRSC)**

ബംഗളൂരു വിൽ 2024 സെപ്റ്റംബർ 12, 2024 നവംബർ 23– 24 തീയതികളിൽ ജ്ഞനനിലയത്തിൽ നടന്ന കർണാടക കെ.ആർ.എസ്.സി.

ഭാരവാഹികളുടെ പരിശീലന യോഗത്തിലും, ബംഗളൂരു വച്ചും നടന്ന കെ. ആർ. എസ്. സി. മീറ്റിംങ്ങുകളിൽ അഭി. പിതാവ് സംബന്ധിച്ചു.

### ♦ വൈദികരുടെ വാർഷിക ധ്യാനം

രൂപതയിൽ സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട എല്ലാ വൈദികർക്കുമായി ദിവ്യരക്ഷക (Redemptorist) സഭയുടെ മലബാർ പ്രോവിൻസിന്റെ മുൻ പ്രൊവിൻഷ്യളും, പ്രസിദ്ധ ധ്യാന ഗുരുവുമായ ബഹുമാനപ്പെട്ട തോമസ് മഠത്തിക്കുന്നേൽ അച്ചന്റെ നേതൃത്വത്തിൽ 2024 സെപ്റ്റംബർ 16 മുതൽ 20 വരെ, വാർഷിക ധ്യാനം നടത്തുകയുണ്ടായി.

### ♦ കെ. ആർ. സി. ബി.സി. മീറ്റിംഗ് (KRCBC)

2024 സെപ്റ്റംബർ 23- 26 വരെയും, 2025 ഫെബ്രുവരി 17-19 വരെയും ബംഗളൂരൂവിൽ വെച്ച് നടന്ന കെ. ആർ. സി. ബി.സി. മീറ്റിംങ്ങിലും, 2025 മാർച്ച് മാസം 24 മുതൽ 28 വരെ ഭദ്രാവതിയിൽ വച്ച് നടന്ന കർണാടക റീജനൽ മെത്രാൻമാരുടെ (കെ.ആർ.സി.ബി.സി.) വാർഷിക ധ്യാനത്തിലും അഭി. പിതാവ് സംബന്ധിച്ചു.

### ♦ സി. സി. കെ. മീറ്റിംഗ് (CCK)

2024 സെപ്റ്റംബർ 25 ന്, ബംഗളൂരിൽ നടന്ന സി. സി. കെ. മീറ്റിങ്ങിൽ അഭി. പിതാവ്, ഫാ. ലോറൻസ് പൂണോലിൽ (ചാൻസിലർ), ഫാ. തോമസ് പുല്ലാട്ട് (സെക്രട്ടരി രൂപതാ അജപാലന സമിതി), ഫാ. ജോസഫ് പുതിയേടത്ത് (രൂപതാ അല്മായ കമ്മിഷൻ സെക്രട്ടരി), ഫാ. ജോസഫ് ഇല്ലിക്കൽ ഓ. സി. ഡി., സി. ലിസ് മാത്യു എസ്. എച്ച്., ശ്രീ. ജേയ്സൻ പട്ടേരിയിൽ, ശ്രീമതി ജെസിന്ത പുത്തൻപുര, എന്നിവർ സംബന്ധിച്ചു.

### ♦ അഭി. പിതാക്കന്മാർക്ക് സ്വീകരണം

2024 ഒക്ടേബർ 26-ാം തീയതി കണ്ണൂർ രൂപതയുടെ സഹായ മെത്രാനായി സ്ഥാനമേറ്റ മാർ ഡെന്നിസ് കുറുപ്പശ്ശേരി പിതാവിനും, 2024 ഡിസംബർ 10-ാം തീയതി തലശ്ശേരി അതിരൂപത ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവിനും, ബിഷപ്പ്സ് ഹൗസിൽ സ്വീകരണം നൽകി.

♦ **പാസ്റ്ററൽ കൗൺസിൽ കേന്ദ്ര സമിതി യോഗം**

2024 നവംബർ 05, 2025 മെയ് 31, എന്നി തിയ്യതികളിൽ അഭി. പിതാവിന്റെ അധ്യക്ഷതയിൽ രൂപതാ അജപാലന കേന്ദ്ര സമിതിയുടെ യോഗങ്ങൾ നടന്നു.

♦ **വൈദിക സമിതിയുടെ (Presbyteral Council) സമ്മേളനം**

2024 നവംബർ 25-ാം തിയതി രാവിലെ 11:45 മുതൽ 01 മണിവരെ രൂപതാ വൈദികസമിതിയുടെ സമ്മേളനം അഭി. പിതാവിന്റ അദ്ധ്യക്ഷ തയിൽ നടന്നു.

♦ **സന്യാസിനീ സമ്മേളനം (Sisters' Gathering)**

രൂപതയിൽ സേവനം ചെയ്തു കൊണ്ടിരിക്കുന്ന വിവിധ സന്യാസിനീ സമൂഹങ്ങളിൽപ്പെട്ട ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ സംഗ മത്തിന്റെ ഒന്നാം ബാച്ച് 2024 നവംബർ മാസം 18-ാം തീയ്യതി രാവിലെ 09.30 മുതൽ വൈകുന്നേരം 04 മണിവരെയും രണ്ടാംബാച്ച് 2024 നവംബർ മാസം 30-ാം തീയ്യതി രാവിലെ 09.30 മുതൽ വൈകുന്നേരം 04 മണിവരെയും ജ്ഞാനനിലയത്തിൽ വച്ച് അഭി. പിതാവിന്റെ അധ്യ ക്ഷതയിൽ നടത്തപ്പെട്ടു. സി. ഡോ. പ്രസീന എം.എസ്.എം.ഐ, ബഹു. സി. ഡോ. പ്രിൻസി എം.എസ്.എം.ഐ എന്നിവരാണ് ക്ലാസ്സുകൾ നയി ച്ചത്.

♦ **കൂദാശ കർമ്മം, വെഞ്ചിരിപ്പുകൾ**

2024 നവംബർ 17 നു സിദ്ദാപുര (കൊടഗു) ഇടവകയിൽ പുതിയ തായി നിർമ്മിച്ച ഗ്രോട്ടോയുടെ വെഞ്ചിരിപ്പും, 2025 ഫെബ്രുവരി 23 ന് കാട്ടിപ്പള്ള, 2025 മാർച്ച് 2 ന് നാവൂർ, 2025 ഏപ്രിൽ 10 ന് നെല്ലാടി, 2025 മെയ് 06 ന് അഡ്ഡഹോളെ എന്നീ ഇടവകകളിൽ പുതിയതായി നിർമ്മിച്ച സെമിത്തേരിയുടെ വെഞ്ചിരിപ്പു നടന്നു. സി.എം.സി. സിസ്റ്റേഴ്സ് പദാവിൽ പുതിയതായി നിർമ്മിച്ച Carmel Homeo Clinic വെഞ്ചിരിച്ചു. 2025 മാർച്ച് 19 ന് ജ്യോതി ഹോസ്പിറ്റലിൽ നിർമ്മിച്ച പുതിയ കാഷ്വാ ലിറ്റിയുടെ ഉദ്ഘാടനം നടത്തി.

♦ **തലശ്ശേരി അതിരൂപത സംയുക്ത കൂരിയാ സമ്മേളനം:**

തലശ്ശേരി അതിരൂപതയിലെ സാമന്ത രൂപതകളുടെ സംയുക്ത കൂരിയാ സമ്മേളനം 2024 നവംബർ 21 ന് തലശ്ശേരി ബിഷപ്സ്

ഹൗസിൽ വച്ച് രാവിലെ 10.00 ന് അഭി. ജോസഫ് പാംപ്ലാനി പിതാവിന്റെ അദ്ധ്യക്ഷതയിൽ ഒരുമിച്ചുകൂടുകയും രുപതകളുടെ അജപാലന കാര്യ പരിപാടികൾ വിലയിരുത്തുകയും, പൊതുവായ ഭാവി അജപാലന കാര്യ പരിപാടികൾ പ്ലാൻ ചെയ്യുകയും ചെയ്തു. തലശ്ശേരി അതിരൂപതയിലെ സാമന്ത രൂപതകളുടെ അഭി. പിതാക്കന്മാരും, വികാരി ജനറാൾമാരും, ചാൻസിലർന്മാരും, പ്രൊക്യുറേറ്റർമാരും, ജുഡിഷ്യൽ വികാരിമാരും പങ്കെടുത്തു.

♦ **രൂപതാ ആലോചന സമിതി സമ്മേളനം**

2024 നവംബർ 25 ന് രൂപതാ ആലോചന സമിതിയോഗം ചേർന്ന് രൂപതയുടെ അജപാലന പ്രവർത്തനത്തെക്കുറിച്ച് വിലയിരുത്തുകയും വിവിധ കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

♦ **പൗരോഹിത്യ ജൂബിലി ആഘോഷം**

പൗരോഹിത്യസ്വീകരണത്തിന്റെ 25 വർഷം പൂർത്തിയാക്കിയ ബഹു. മാത്യു ആലപ്പാട്ട്, ബഹു. അബ്രഹം പട്ടേരിൽ, ബഹു. റോക്കി മേനാച്ചേരി എന്നിവരുടെ സിൽവർ ജൂബിലി 26.11.2024 നും, രൂപതാ മുൻ പ്രൊക്യുറേറ്റർ ബഹു. ജോസഫ് ചാത്തനാട്ടച്ചന്റെ പൗരോഹിത്യ ത്തിന്റെ സുവർണ്ണ ജൂബിലി 09.04.2025 നും ജ്ഞാനനിലയത്തിൽവച്ച് ആഘോഷിച്ചു.

♦ **പുതിയ സന്യാസ ഭവനം**

2024 ഡിസംബർ 09-ാം തിയതി 10.00 മണിക്ക് അഭി.പിതാവ് മംഗ ലാപുരത്ത് എസ്. എ. ബി. എസ്. സിസ്റ്റേഴ്സ് പുതിയതായി നിർമ്മിച്ച സന്യാസഭവനത്തിന്റെ കൂദാശകർമ്മം നടത്തുകയും വി. ബലി അർപ്പി ക്കുകയും ചെയ്തു.

♦ **ഈശോയുടെ ജൂബിലി വർഷം 2025**

2024 ഡിസംബർ - 2025 ഡിസംബർ ഈശോയുടെ ജുബിലി വർഷത്തോടനുബന്ധിച്ച്, നമ്മുടെ രുപതയിൽ 2024 ഡിസംബർ 29 ന് സെന്റ് ലോറൻസ് കത്തീഡ്രൽ പളളിയിൽ മാർ ലോറൻസ് പിതാ വിന്റെ നേതൃത്വത്തിൽ നടന്ന വി. കുർബാനയിൽ ജുബിലി തിരി തെളി ച്ചുകൊണ്ട് ജുബിലി വർഷം ഔദ്യോഗിഗമായി ആരംഭിച്ചു.

ഈശോയുടെ ജൂബിലി വർഷത്തോടനുബന്ധിച്ച്, കഴിഞ്ഞ രൂപതാ അജപാലന സമിതി തീരുമാന പ്രകാരം നമ്മുടെ രൂപതയിൽ 12 ഇന പരിപാടികൾ നടത്താൻ തീരുമാനിച്ചത് അനുസരിച്ച് നമ്മുടെ രുപതയിൽ പ്രത്യാശയുടെ സന്ദേശവുമായി കൂരിശ് പ്രയാണം വിജയകരമായി നടന്നുകൊണ്ടിരിക്കുന്നു. ജഡ്ക്കൽ, മംഗലാപ്പുരം, കൊടഗു എന്നി ഫൊറോനകളിലെ എല്ലാം പള്ളികളിലും കൂരിശ് പ്രയാണം നടന്നു. ഇപ്പോൾ കുട്ട്രൂപ്പാടി ഫൊറോനയിൽ നടന്ന്കൊണ്ടിരിക്കുന്നു.

ജൂബിലി വർഷത്തിൽ പരി. ഫ്രാൻസിസ് പിതാവിന്റെ ആഹ്വാനമനുസരിച്ച്, വത്തിക്കാൻ സുനഹദോസിന്റെ തിരുസഭ, ആരാധന ക്രമം, ദൈവവചനം, സഭ ആധുനിക ലോകത്തിൽ എന്നീ നാല് പ്രമാണരേഖകൾ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും പഠിക്കുന്നതിന്റെ ഭാഗമായി 2025 ഫെബ്രുവരി 26ന് ജ്ഞാനനിലയത്തിൽ ഒരു ഏക ദിന പഠന ശിബിരം പാലക്കാട് രൂപതാംഗമായ ബഹു. അരുൺ കലമറ്റത്തിൽ അച്ചൻ രൂപതയിലെ എല്ലാ ബഹു.വൈദികർക്കും സിസ്റ്റേഴ്സിനുമായി നടത്തി. ഇതിന്റെ വെളിച്ചത്തിൽ ഇപ്പൊൾ ഇടവകകളിൾ ക്ലാസ്സുകൾ നടന്ന്കൊണ്ടിരിക്കുന്നു.

### ♦ രൂപതാ ബൈബിൾ കൺവെൻഷൻ

2024 ഡിസംബർ 06 മുതൽ 10 വരെ തോട്ടത്താടിയിൽ വച്ച് പ്രസിദ്ധ ധ്യാനഗുരുവായ ബഹു. ഡാനിയേൽ പൂവ്വണ്ണത്തിൽ അച്ചന്റെ നേതൃത്വത്തിൽ രൂപതാ ബൈബിൾ കൺവെൻഷൻ നടത്തുകയുണ്ടായി. ഇതിൽ 6,000ത്തിൽ പരം ആൾകൾ പങ്കെടുത്തു.

### ♦ വൈദികരുടെ ക്രിസ്തുമസ്, വിശുദ്ധവാര ഒരുക്ക ധ്യാനങ്ങൾ

പുത്തൂർ രൂപതാ വികാരി ജനറാൾ പെരിയ ബഹു. എൽദൊ പുത്തൻകണ്ടത്തിൽ അച്ചൻ വൈദികരെ വിശുദ്ധവാരത്തിന് ഒരുക്കുകയും, ബഹു. ജോസഫ് ഇല്ലിക്കൽ ഓ. സി. ഡി. അച്ചൻ ക്രിസ്തുമസിന് ഒരുക്കമായുള്ള വൈദികരുടെ മാസധ്യാനം നയിക്കുകയും ചെയ്തു.

### ♦ പുതുവർഷ സൗഹാർദ്ദ സമ്മേളനം

2025 ജനുവരി 3-ാം തിയതി ജ്ഞാനനിലയത്തിൽ വച്ച് ബെൾത്തംഗഡിയിലും സമീപ പ്രദേശങ്ങളിലും സേവനം ചെയ്യുന്ന, ജനപ്രതിനി

ധികൾ, സർക്കാർ ഉദ്യോഗസ്ഥർ, വിവിധ മതനേതാക്കന്മാർ, ബഹു. വൈദികർ, സന്ന്യസ്തർ തുടങ്ങിയവരുടെ സമ്മേളനം നടത്തപ്പെട്ടു.

**♦ 62 – ാ മത് എൽ. ആർ. സി. സെമിനാർ (L.R.C.)**

സീറോമലബാർ സഭയുടെ ഗവേഷണ പഠന കേന്ദ്രമായ കാക്കനാട് ലിറ്റർജിക്കൽ രീസർച്ച് സെന്റർ സംഘടിപ്പിച്ച 62–ാം മത് എൽ. ആർ. സി. സെമിനാർ 2025 മാർച്ച് 6,7,8, തീയതികളിൽ സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടത്തപ്പെട്ടു. മിഷൻ ട്രജക്ടരീസ് ഓഫ് സീറോ മലബാർ ചർച്ച് : ഹിസ്റ്റോറിക്കൽ ഓവർവ്യൂ എന്ന വിഷയത്തെ ആസ്പദമാക്കി 12 പ്രബന്ധങ്ങളായിരുന്ന അവതരിപ്പിച്ചത്. അതിലൊന്ന് നമ്മുടെ രൂപതയിൽനിന്ന് ബഹു. ജോസഫ് മറ്റത്തിലച്ചനാണ് അവതരിപ്പിച്ചത്. നമ്മുടെ രൂപതയിൽ നിന്ന് ബഹു. തോമസ് പനച്ചിക്കലച്ചൻ, ബഹു. സെബാസ്റ്റ്യൻ പൂവത്തിങ്കലച്ചൻ, ബഹു. ഫ്രൻസീസ് ഓടംബള്ളിയച്ചൻ, ബഹു. വർഗ്ഗീസ് കോലക്കുന്നേലച്ചൻ, എന്നിവർ പ്രതിനിധികളായി പങ്കെടുത്തു.

**♦ വി. മൂറോൻ വെഞ്ചിരിപ്പ്**

ഈ വർഷത്തെ വി. മൂറോൻ വെഞ്ചരിപ്പ് 2025 ഏപ്രിൽ 09–ാം തീയതി അഭി. പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ രൂപതയിലെ എല്ലാ വൈദികരുടെയും സാന്നിദ്ധ്യത്തിൽ കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടത്തുകയുണ്ടായി.

**♦ നവസന്യാസിനിമാർ**

2025 മെയ് 3 ന് ഹൊസ്ക്കൊട്ടെ വച്ച് സന്യാസവസ്ത്രം സ്വീകരിച്ച ഹൊസ്ക്കൊട്ടെ ഇടവകാംഗമായ നവസന്യാസിനി ബഹു. സി. റോഷ്നി ചൂലക്കടവിൻ എസ്. എച്ച്. ന് പ്രാർത്ഥനാനിർഭരമായ ആശംസകളും അഭിനന്ദനങ്ങളും നേരുന്നു.

**♦ ബജഗോളി രീജിയൻ:**

ബെൾത്തംഗഡി, ജഡ്ക്കൽ ഫൊറോനകളിലെ വിശ്വാസികളുടെ അജപാലന ശുശ്രൂഷ കൂടുതൽ ഫലപ്രദമാക്കുന്നതിനായി വിവിധ കാനോനിക സമിതികളിൽ ആലോചിച്ചതിന്റെ വെളിച്ചത്തിൽ ബജഗോളി സെന്റ് തോമസ് ഇടവക കേന്ദ്രമാക്കി "ബജഗോളി റീജിയനെ" അഭി. മാർ ലോറൻസ് മുക്കുഴി പിതാവ് രൂപികരിച്ചു. ബജഗോളി, അജെക്കാർ,

കുത്തല്ലൂർ, കെർവ്വാശെ, ഹെബ്രി, മാളചൗക്കി, മൺട്രാഡി എന്നി ഇട വകകളും, ഹൈകാടി മാസ് സെന്ററും പുതുതായി രൂപപ്പെടുന്ന ബജ ഗോളി റീജിയനിൽ ഉൾപ്പെടുന്നതായിരിക്കും. ബജഗോളി റീജിയന്റെ റീജിയനൽ ഡയറക്ടറായി ഇപ്പോൾ ബജഗോളി സെന്റ് തോമസ് പള്ളി യുടെ വികാരിയായിരിക്കുന്ന പെരിയ ബഹുമാനപ്പെട്ട പാറേക്കാട്ടിൽ തോമസ് അച്ചനെ ഇതിനാൽ അഭി. പിതാവ് നിയമിച്ചിരിക്കുന്നു. 2025 മെയ് മാസം 18-ാം തിയതി മുതൽ ഇത് പ്രാബല്യത്തിൽ വന്നു. പുതിയ റീജിയന്റെ ബഹുമാനപ്പെട്ട വികാരിയച്ചനും, വൈദികർക്കും, സിസ്റ്റേഴ്സിനും, വിശ്വാസികൾക്കും ദൈവാനുഗ്രഹം സമൃദ്ധമായി ഉണ്ടാക ട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

◆ **നവീകരിച്ച കുർബാനക്രമത്തിന്റെ കന്നട പരിഭാഷ**

നമ്മുടെ രുപതയിൽ നവീകരിച്ച കുർബാനക്രമത്തിന്റെ കന്നട പരിഭാഷ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടക്കുന്നു.

◆ **നിർമ്മാണ പ്രവർത്തനങ്ങളിൽ മുന്നേറ്റം**

കുത്തല്ലൂർ, നാവൂർ, മർദ്ദാള എന്നി പള്ളികളുടേയും, രൂപത യുടെ വിയാനി സദന്റേയും (പുതിയ വൈദിക മന്ദിരം) നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

◆ **അഭി. പിതാക്കന്മാർക്ക് പ്രാർത്ഥനാശംസകൾ**

1. **സീറോ മലബാർ സഭയുടെ, റോമിലേ കർദ്ദിനാൾ -മാർ ജോർജ്ജ് കൂവക്കാട്**

   സീറോ മലബാർ സഭയുടെ **റോമിലേ** പുതിയ കർദ്ദിനാളായ **മാർ ജോർജ്ജ് കൂവക്കാട്** പിതാവിന് ബെൽത്തംഗഡി രൂപത യുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

2. **സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ് -മാർ റാഫേൽ തട്ടിൽ റോമിലേ പൗരസ്ത്യ തിരുസംഘത്തിന്റെ അംഗമായി നിയമിതനായമാർ റാഫേൽ തട്ടിൽ** പിതാവിന് ബെൽത്തംഗഡി രൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും

3. **മറ്റ് പുതിയ മെത്രാന്മാർ**

ബംഗളൂരൂ അതിരൂപതയുടെ സഹായമെത്രാന്മാരായി സ്ഥാനാ രോഹണം ചെയ്ത മോസ്റ്റ്. റവ. ഡോ. ജോസഫ് സുസൈയ്നാഥൻ,

മോസ്റ്റ്. റവ. ഡോ. ആരോഗ്യ രാജ് സതീസ് കുമാർ, കണ്ണൂർ രൂപതയുടെ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ട മോസ്റ്റ്. റവ. ഡോ. ഡെന്നീസ് കുറുപ്പശേരി, ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലിത്തയായി നിയമിതനായ മാർ തോമസ് തറയിൽ, ഷംശാബാദിന്റെ രണ്ടാമത്തെ മെത്രാനായി നിയമിതനായ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ എന്നീ പിതാക്കന്മാർക്ക് ബെൽത്തംഗഡി രൂപതാകുടുംബത്തിന്റെ പ്രാർത്ഥനാനിർഭരമായ ആശംസകളും അഭിനന്ദനങ്ങളും നേരുന്നു.

**♦ പ്രാർത്ഥനാംശംസകൾ**

റോമിലെ സെക്രട്ടറി ഓഫ് സ്റ്റേറ്റിന്റെ ജനറൽ അഫയേഴ്സ്സിന്റെ ഓഫിസിലേക്ക് സേവനത്തിനായി നിയോഗിക്കപ്പെട്ടിരികുന്ന ബഹു. തോമസ് കള്ളിക്കാട്ട് അച്ചന് ബൽത്തംഗഡി രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകളും, പുതിയ സേവന രംഗത്ത് ദൈവാനുഗ്രഹവും വിജയവും നേരുകയും ചെയ്യുന്നു.

**♦ SSLC യിൽ 100% വിജയികൾക്ക് അനുമോദനങ്ങൾ**

കഴിഞ്ഞ 2024 – 25 അദ്ധ്യയന വർഷത്തിൽ 100% വിജയം കരസ്ഥമാക്കിയ Sacred Heart English Medium School, Bajagoli; Mariambika English Medium School, Bangady; St. Chavara Kuriakose English Medium School, Guthigar; St. Francis Eng. Medium School, Kokkada; Christ Eng. Medium School, Mundaje; St. Mary's English Medium School, Laila ; St. Savio English Medium School, Thotathady, എന്നി സ്ക്കുളുകൾക്കും, ഉന്നദ വിജയ കരസ്ഥമാക്കിയ St. Thomas English Medium School, Gandibagilu; St. Thomas English Medium School, Gonikoppa; Divya Jyothi English Medium School, Kalanja; Bharatha Matha English Medium School, Mudur; Sacred Heart English Medium School, Shanivarasanthe എന്നി സ്ക്കുളുകൾക്ക് രൂപതയുടെ അനുമോദനങ്ങൾ.

**♦ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടവർ**

പരിശുദ്ധ കത്തോലിക്കാ തിരുസഭയുടെ ഇടയനും തലവനും, കഴിഞ്ഞ 13 വർഷക്കാലം തിരുസഭയെ നയിച്ച് 21-04-2025 നു നിത്യസ

മ്മാനത്തിനായി വിളിക്കപ്പേട്ട നമ്മുടെ പരിശുദ്ധ പിതാവ് പ്രാൻസിസ് മാർപ്പാപയുടെ ഒർമ്മയ്ക്കു മുമ്പിൽ ബൽത്തംഗഡി രൂപതാ കുടുംബത്തിന്റെ പ്രണാമം.

നമ്മുടെ രുപതയിൽ സേവനം ചെയ്ത് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. ഫാ.ജോസ് കുളിറാനി (ജഡ്ക്കൽ), ബഹു. ഫാ.ജോസഫ് കാപ്പിൽ (ഉദനെ), ബഹു. സി.ആലിസ് എഫ്, സി,.സി. (കൊക്കട), ബഹു. സി. സൂസോ മരിയ എസ്. എച്ച്. (സിദ്ദാപ്പുര, ഹെഗ്ഗള, ഉദനെ), ബഹു. സി.ജോർജ്ജ് മരിയ എസ്. എച്ച്. (ഉദനെ, സിദ്ദാപ്പുര, ഹെഗ്ഗള, ബെൽത്തംഗഡി, നെല്ല്യാടി) ബഹു. സി.ജോസ് മരിയ എസ്. എച്ച്. (ഉദനെ) എന്നിവരൂടെ ഓർമ്മയ്ക്കു മുമ്പിൽ ബൽത്തംഗഡി രൂപതാ കുടുംബത്തിന്റെ ആദരാജ്ഞലികൾ.

മുൻ ഇന്ത്യൻ പ്രധാന മന്ത്രി ശ്രീ മൻമോഹൻ സിംഗ്ന്റെ ഓർമ്മയ്ക്കു മുമ്പിൽ ബൽത്തംഗഡി രൂപതയുടെ ആദരാജ്ഞലികൾ.

ഒപ്പം രൂപതാ കുടുംബത്തിൽ നിന്നും മൺമറഞ്ഞുപോയ മറ്റ് പ്രിയപ്പെട്ട സഹോദരി സഹോദരങ്ങൾക്കും ദൈവം നിത്യസമ്മാനം നൽകട്ടേ എന്ന് പ്രാർത്ഥിക്കുന്നു.

- **ഉപസംഹാരം**

കഴിഞ്ഞ 26 വർഷം ബെൽത്തംഗഡി രൂപതയെ തന്റെ കരുണയുടെ പൊൻചിറകിൻ കീഴിൽ സംരക്ഷിച്ച് വഴി നടത്തിയ നല്ല ദൈവത്തിന് നന്ദി പറയുകയും, രൂപതയുടെ സർവ്വോന്മുഖ വളർച്ചയ്ക്കായി അഭി. പിതാവിനോടൊപ്പം സദാ യത്നിക്കുന്ന ബഹു. വൈദികർക്കും, സിസ്റ്റേഴ്സിനും, അൽമായ സഹോദരങ്ങൾക്കും ദൈവ കൃപ നേരുകയും ചെയ്യുന്നു. അപ്പസ്തോലിക പ്രവർത്തനങ്ങൾക്കായി ചിലവഴിച്ച നിങ്ങളുടെ വിലയേറിയ സമയത്തിനും, ത്യാഗത്തിനും, പ്രാർത്ഥനകൾക്കും, നല്ല ദൈവം പ്രതിഫലം നൽകട്ടേയെന്ന് പ്രാർത്ഥിച്ചുകൊണ്ട് രൂപതയുടെ 2024-2025 വർഷത്തെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട് ഇവിടെ സമർപ്പിക്കുന്നു.

Belthangady
07.06.2025

Fr. Lawrence Poonolil
Chancellor

# Belthangady: Pastoral Council Meeting (07 June 2025)







**Belthangady: Priests’ Refresher Course (17 June 2025)**




## PUTTUR: THE STAFF & THE SEMINARIANS WITH BISHOP 15.06.2025



## PUTTUR: INAGURATION OF THE NEW ACADEMIC YEAR 15.06.2025



## Newly Blessed Cemetery Guthigar 08.06.2025





## Congratulations to
## Very Rev. Fr. Alex Chalangady V C



**Vincentian New Provincial**
**(Mary Matha Province, Angamaly)**

## Congratulations to
## Sr. Roslin SH



**Ist Rank in Councelling & Psychology from Christ University, Bangalore**

# Condolences

**Rev. Sr. Jose Mary SH**
**SH, Province, Thalassery**



**Services in the Diocese of Belthangady**
**S.H. Convent, Mangalore**

# Condolences

**Rev. Sr. Alice James S.H.**
**SH, Province, Thalassery**



**Services in the Diocese of Belthangady**
**S.H. Convent, Belthangady**

# Environment Day Celebrations
# Belthangady, Nellyady, Kutrupady








# Feast of St. Alphonsa

July-28



## Congratulations to Master Cyril Nandalatha

(St. Lawrence Cathedral, Belthangady)



Gold Medal in Power Lifting Championship

(All India Level)

# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽനിന്ന്

## ജൂൺ - 2025

02. രാവിലെ 10.00 ന് ഗണ്ടിബാഗ് ഇടവക ദേവാലയത്തിൽ വച്ച് ബഹു. വർഗ്ഗീസ് പുതിയേടത്തച്ചന്റെ നിര്യാതയായ പ്രിയപ്പെട്ട മാതാവ് ശ്രിമതി അന്നമ്മയുടെ 41-ാം ചരമദിനത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

03. രാവിലെ 08.30 ന് രൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു. രാവിലെ 10.00 ന് ബംഗാഡി മരിയാംമ്പിക സ്കൂൾ സന്ദർശിച്ചു.

07. രൂപതാ കേന്ദ്രത്തിൽ വച്ച് നടന്ന 41-ാം രൂപതാ അജപാലന സമിതി സമ്മേളനത്തിൽ പങ്കെടുക്കുകയും അദ്ധ്യക്ഷതവഹിക്കുകയും ചെയ്തു.

08. രാവിലെ 8.00 ന് ഗുത്തിഗാർ ഇടവകയിൽ വി. ബലി അർപ്പിച്ച് പുതിയതായി നിർമ്മിച്ച സിമിത്തേരിയുടെ വെഞ്ചിരിപ്പ് നിർവ്വഹിച്ചു.

14. രാവിലെ 10.00 ന് ജ്ഞാനനിലയത്തിൽ വച്ച് നടത്തപ്പെട്ട രുപതാ സ്കൂൾ അധ്യാപകരുടേയും പരിശീലന യോഗം ഉദ്ഘാടനം ചെയ്യുകയും, സന്ദേശം നൽക്കുകയും ചെയ്തു.

15-16. പുത്തൂർ മൈനർ സെമിനാരിയിൽ പുതിയ അദ്ധ്യയന വർഷം ഉദ്ഘാടനം ചെയ്യുകയും, ദിവ്യബലിയർപ്പിക്കുകയും, സന്ദേശം നൽക്കുകയും ചെയ്തു.

16-17. രുപതയിലെ വൈദികരുടെ റിഫ്രെഷർ കോഴ്സിൽ പങ്കെടുത്തു.

17-18. രുപതയിലെ വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്തു.

17. വൈകുന്നേരം 9.00 മണിക്ക് ജ്ഞാനനിലയത്തിൽ വച്ച് നടന്ന ആലോചന സമിതിയുടെ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

18. രാവിലെ 8.30 ന് ജ്ഞാനനിലയത്തിൽ വച്ച് നടന്ന ഫൊറോനാ വികാരിമാരുടെ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

19. തോട്ടത്താടി ഇടവകയിൽ വച്ച് വി. കുർബാനയുടെ തിരുനാളിനോടനുബന്ധിച്ച് നടന്ന പരിശുദ്ധ കുർബാനയുടെ ആരാധനയ്ക്കും, ദിവ്യകാരുണ്യ പ്രദക്ഷിണത്തിനും നേതൃത്വം നൽകി.

23. രാവിലെ 10.00 ന് ബെൽത്തംഗഡി കൽപ്പത്തരു കോളേജിൽ വച്ച് നടന്ന ലാമ്പ് ലൈറ്റണിങ്ങ് പരിപാടിയിൽ അദ്ധ്യക്ഷത വഹിച്ചു.

26. രാവിലെ ജ്ഞാനനിലയത്തിൽ വച്ച് നടന്ന രൂപതാ ഇന്റർ കമ്മീഷൻ യോഗത്തിൽ പങ്കെടുത്തു.

27. രാവിലെ 06.30 ന് ബെൽത്തംഗഡി എസ്. എച്ച്. സന്യാസ ഭവനത്തിൽ വച്ച് , തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് വി. ബലി അർപ്പിക്കുകയും, സന്ദേശം നൽകുകയും ചെയ്തു.

29. ഉച്ച കഴിഞ്ഞ് 03.00 ന് രൂപതാ കേന്ദ്രത്തിൽ വച്ച് നടന്ന കെ. എസ്. എം. സി. എ. യുടെയും, കത്തോലിക്കാ കോഗ്രസിന്റെയും കേന്ദ്ര ഭാരവാഹികളുടെ സംയുക്ത യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.



# BISHOP'S ENGAGEMENTS

## JULY- 2025

| | | | |
|---|---|---|---|
| 03 | Cathedral | | |
| 04. | Gandibagilu | | |
| 07-12. | Belthangady | : | Priests' Annual Retreat |
| 13. | Belthangady | : | Pastoral Council Central Committe Meeting |
| 15. | Morning | : | Jnananilaya |
| 15. | Evening | : | Puttur |
| 16. | Puttur | | |
| 19. | Belthangady | : | *Kaikars'* Training |
| 20. | Evening | : | Thokkottu |
| 22. | Belthangady | : | DKRDS |

Registered News Paper Monthly

**UDAYADEEPA BELTHANGADY**

REGISTERED NO.PTR/105/2024-2026

LICENSED TO POST WITHOUT PREPAYMENT

LICENSE NO. SK/WPP/PTR/219/2024-26

RNI No. KARMUL/ 2010/ 32217

**POSTED AT BELTHANGADY ON THE LAST DAY OF THE MONTH**

**ANNUAL SUBSCRIPTION RS. 140/- PER COPY RS.12/-**




Printed, Published and Owned by Fr. Joseph Valiaparambil, Bishop's House, P.B. No.13, Belthangady - 574214, Dist.-Dakshina Kannada, Karnataka, Tel.: 08256- 233975, Mob.: 09448251184. E-mail:Udayadeepabel@gmail.com. Place of publication: Bishop's House, P.B. No.13, Belthangady-574214, Dist. Dakshina Kannada, Karnataka. Printed at Shree Raghavendra Printers, Ujire-574 240, Phone: 08256–236421,Email:rpujire@gmail.com.
Editor: Fr. Lawrence Poonolil, Chancellor, 9481039879